വിദ്യാഭ്യാസമേഖലയിൽ

ISLAM HIGH SCHOOL
5-30

By

വക്കം എം. ശ്രീരംഗനാഥൻ.

Price Re. 1.

വിദ്യാഭ്യാസ മേഖലയിൽ

(1445)
530

വക്കം എം. ശ്രീരംഗനാഥൻ
ഹെഡ് മാസ്റ്റർ
മൈലോട്ടു ഹൈസ്കൂൾ
പൂയപ്പള്ളി P. O.

VIDYABHYASA MEKHALAYIL

Articles published
in Newspapers at times

By

VAKKOM M. SREERANGANATHAN.

First Impression 1000 Copies.


October 1960

Rights Reserved

By

Mrs. Rojamma Sreeranganathan.

അവതാരിക



ഏതൊരുവനും ചാടിക്കയറി നിസ്സങ്കോചം എന്തഭിപ്രായവും തട്ടിമൂളിക്കാവുന്ന ഒന്നാണു് നമ്മുടെ വിദ്യാഭ്യാസരംഗം. കുത്തഴിഞ്ഞ പുസ്തകമെന്നും ചാത്തനാടിയകളമെന്നുമെല്ലാം ഓരോരുത്തന്റെയും മനോധർമ്മവ്യാപ്തിയനുസരിച്ചു അതിനെ പുകഴ്ത്താറുമുണ്ടു്. എന്നാൽ തൊട്ടതിലും പിടിച്ചതിലുമെല്ലാം കുറ്റംകാണുവാനല്ലാതെ സൃഷ്ടിപരമായ നിർദ്ദേശങ്ങളും നൽകുന്നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ മെച്ചപ്പെടുത്തുന്നതിനു് ആരുംതന്നെ മിനക്കെടാറില്ല; അതിനുതക്ക കഴിവും ഭാവനയും ഉള്ളവർ വളരെ വിരളവുമാണു്.

ഈ പരിതഃസ്ഥിതിയിൽ ശ്രീ. വക്കം എം. ശ്രീരംഗനാഥന്റെ 'വിദ്യാഭ്യാസമേഖലയിൽ' എന്ന ചെറുഗ്രന്ഥം ഈ പ്രസ്ഥാനത്തിലേക്കുള്ള ഒരു പുതിയ കാൽവയ്പാണെന്നു പറയാം. സങ്കീർണ്ണങ്ങളായ പത്തു വിഷയങ്ങളാണു് ഇതിൽ ചർച്ചചെയ്തിരിക്കുന്നതു്. ഓരോ വിഷയത്തെപ്പറ്റിയും പല വിദ്യാഭ്യാസ വിചക്ഷണന്മാരും ചെയ്തിട്ടുള്ള പരാമർശങ്ങളെ വിലയിരുത്തിക്കൊണ്ടും നമ്മുടെ ചുറ്റുപാടിൽ അവ എത്രമാത്രം സ്വീകാര്യമാണെന്നു് ഉപപാദനം ചെയ്തുകൊണ്ടും വസ്തുനിഷ്ഠമായ ചില അനുമാനങ്ങളിൽ ഗ്രന്ഥകാരൻ എത്തിച്ചേർന്നിരിക്കുകയാണു്. അദ്ദേഹത്തിന്റെ അനുമാനങ്ങളും അപേക്ഷി

പാർഥമല്ലെന്നോ, തികച്ചും സ്വീകാര്യമാണെന്നോ ഏ
നിക്കഭിപ്രായമില്ല. എന്തായാലും ആ വഴിയിൽക്കൂടെ
കൂറെയേറെ ചിന്തിക്കുവാനും പലേ അഭിപ്രായഗതിക
ളേയും തട്ടിച്ചുനോക്കി താരതമ്യപഠനംനടത്തുവാനും മി:
ശ്രീരംഗനാഥൻ ശ്രമിച്ചിട്ടുണ്ട്. ആ വഴിയിലൂടെ ഇനി
യും സഞ്ചരിക്കുവാനാഗ്രഹിക്കുന്നവർക്ക് ഈ ശ്രമം വളരെ
യേറെ പ്രയോജകീഭവിക്കുമെന്നുള്ളതും നിസ്തർക്കമാണ്.

അയഞ്ഞ ലളിതമായ ഭാഷയിൽ മി: ശ്രീരംഗനാ
ഥൻ അദ്ദേഹത്തിനു പറയാനുള്ളതു് നമ്മുടെമുമ്പിൽ
അവതരിപ്പിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തെ അനുകരിച്ചു്
കൂടുതൽ കൂടുതൽ സാങ്കേതിക വിഷയങ്ങളെ സംബന്ധി
ച്ചും ഉപന്യസിക്കുവാൻ അദ്ദേഹത്തിനു പ്രാപ്തിയുണ്ടു്
എന്നും നമ്മെ അദ്ദേഹം ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞിരി
ക്കുന്നു. വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കു അവശ്യം
വേണ്ട പല ഗ്രന്ഥങ്ങളും ശ്രീ: ശ്രീരംഗനാഥന്റെ തൂലി
കയിൽനിന്നു നമുക്കു പ്രതീക്ഷിക്കാം. ഈ ഗ്രന്ഥത്തിനു
സകല ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

Quilon.
12—9—1960.

G. Sankara Pillai M. A. L. T.,
Dist: Edu: Officer, Quilon.

ശുദ്ധിപത്രം

പുറം	വരി	തെറ്റ്	ശരി
23	6	Grant	Great
24	16	politican	politician
		acadamicians	academicians
27	10	യുവജനോത്സവം കേരളത്തിൽ പരീക്ഷണങ്ങൾ	യുവജനോത്സവ പരീക്ഷണങ്ങൾ കേരളത്തിൽ
30	14	കലോഭീപകമായ	കലോദ്ദീപകമായ
36	14 15	ആചാരങ്ങളിലും ആചാരങ്ങളിലും	ആചാരങ്ങളിലും
40	20	he	we
79	2	ഏകരൂപ്യമുള്ള	ഐകരൂപ്യമുള്ള
85	8	അദ്ധ്യാപനവൃത്തി	അദ്ധ്യാപകവൃത്തി
87	9	വഞ്ചനയുടെ	വഞ്ചനയുടെയും

ഗ്രന്ഥകാരന്റെ കുറിപ്പ്

വിദ്യാഭ്യാസസംബന്ധമായ ലേഖനങ്ങളാണ് വിദ്യാഭ്യാസമേഖലയിലെ ഉള്ളടക്കം. മൂന്നു ലേഖനങ്ങളൊഴികെ മറ്റെല്ലാംതന്നെ ഈവർഷം ഇതിനകം കൗമുദി ദിനപ്പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'യുവജനോത്സവ'വും 'ശിശുദിന'വും കഴിഞ്ഞവർഷം കേരളകൗമുദിയിലും ദിനമണിയിലും പ്രസിദ്ധീകരണം ലഭിച്ചിട്ടുള്ളതാണ്. 'വിദ്യാലയങ്ങളിലെ തൊഴിൽവാരം' എന്ന ലേഖനം 1955-ൽ മൂന്നു ദിനപ്പത്രങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു; കേരളകൗമുദിയും, മലയാളമനോരമയും, ദിനമണിയും.

കൗമുദി തുടങ്ങിയ ദിനപ്പത്രങ്ങളും യഥാകാലം പ്രസിദ്ധീകരിക്കുവാൻ സൗമനസ്യം കാണിച്ച ലേഖനങ്ങളാണ് ഇപ്പോൾ പുസ്തകരൂപത്തിൽ 'വിദ്യാഭ്യാസമേഖല'യിൽ പ്രസാധനം ചെയ്യുന്നത്. പ്രസ്തുത പ്രസിദ്ധീകരണങ്ങളും കാലാകാലങ്ങളിൽ നൽകിയ പ്രോത്സാഹനമാണ് കൃത്യാന്തരങ്ങളുംക്കിടയിൽ ഈ ലേഖനങ്ങളുമെനെഞ്ഞെടുക്കുവാൻ ലേഖകനു പ്രചോദനം നൽകിയതും. അവരോടെല്ലാം എനിക്കുള്ള കടപ്പാടു നിസ്സീമമാണ്.

ഇത്ര ഭംഗിയായി ചുരുങ്ങിയ കാലയളവിൽ ഈ പുസ്തകം അച്ചടിച്ചുതന്ന "വി. എം. പ്രസ്സ് ആൻറ് ബുക്ക്ഡിപ്പോ" മാനേജിംഗ് പ്രൊപ്രൈറ്റർ ശ്രീ. വി. ഗംഗാധരനു് എന്റെ ഹൃദയംഗമമായ കൃതജ്ഞത.

വക്കം എം. ശ്രീരംഗനാഥൻ.

ലേഖനങ്ങൾ

1. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം I
2. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം II
3. യുവജനോത്സവം.
4. വിദ്യാലയങ്ങളിലെ തൊഴിൽവാരം.
5. ശിശുദിനം.
6. വിദ്യാഭ്യാസക്രമവും ഉപദേശകബോർഡും.
7. വിദ്യാഭ്യാസഭരണം മെച്ചപ്പെടാൻ.
8. ചാത്തനാടിയകളം ക്രമീകരിക്കാനൊരുവഴി.
9. വിദ്യാഭ്യാസംകൊണ്ട് കരിഞ്ചന്ത.
10. ഉദ്ധരിക്കപ്പെടേണ്ട അദ്ധ്യാപകവൃത്തി.

വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം.

I

വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം എന്ന വിദ്യാഭ്യാസപ്രശ്നം നമ്മുടെ ദേശീയനേതാക്കന്മാരെയും ഭരണാധികാരികളെയും വിദ്യാഭ്യാസപ്രവർത്തകരെയും ഒരുപോലെ ചിന്തിപ്പിച്ചുകൊണ്ടിരിക്കുകയാണു്. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിന്റെ അടിസ്ഥാനപരമായ കാരണങ്ങളെയും ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങളെയുംകുറിച്ചു പഠിക്കുവാനും പഠിപ്പിക്കുവാനും നിയുക്തരായ വിദ്യാഭ്യാസചിന്തകരുടെ സംഖ്യ വലുതാണു്; അവതരിപ്പിക്കപ്പെട്ടിട്ടുള്ള പ്രബന്ധങ്ങളും പ്രബോധനങ്ങളും നിരവധിയാണു്. എങ്കിലും പ്രശ്നം ഇന്നും അപരിഹൃതമായി അവശേഷിക്കുന്നു.

വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം എന്ന വിഷയം പരിചിന്തിക്കുമ്പോൾ ഓർമ്മയിൽ ഓടിയെത്തുന്നതു് സെക്കൻററി വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ടിലെ പ്രസക്തപ്രബോധനമാണു്. 1953 സെപ്തംബറിലാ

ണല്ലൊ പ്രസ്തുത റിപ്പോർട്ട പ്രസിദ്ധീകൃതമായതു്: വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യത്തിനുള്ള മൗലിക കാരണങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ളതു് ഇന്നും ശ്രദ്ധേയമാണു്. വിശേഷിച്ചു് ഈ അവസരത്തിൽ രാഷ്ട്രീയപ്രശ്നം ഉൾപ്പെടെ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്യുവാനും ഒരു തീരുമാനത്തിലെത്താനുംവേണ്ടി രാഷ്ട്രീയപാർട്ടികളുടെ ഒരു കൺവൻഷൻ വിളിച്ചുകൂട്ടുന്നതിനെറ സാദ്ധ്യതകളെക്കുറിച്ചു കേന്ദ്രവിദ്യാഭ്യാസമന്ത്രി അന്വേഷിച്ച വരികയാണെന്നാണെല്ലൊ രാജ്യസഭയിലും ലോകസഭയിലും അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നതു്.

മുതലിയാർ കമ്മിഷനെറ ശുപാർശ

നമ്മുടെ വിദ്യാഭ്യാസപുരോഗതിക്കും പുനഃസംവിധാനത്തിനും വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യം ബാധകമാണു്. വിദ്യാഭ്യാസനന്മയ്ക്കു വിദ്യാർത്ഥികൾക്കു് ശിക്ഷണബോധം ഉണ്ടായേതീരൂ. അതുണ്ടാകുന്നതിനു ശിക്ഷണരാഹിത്യത്തിനെറ മുഖ്യമായ അടിസ്ഥാനമെന്തെന്നു് അന്വേഷിക്കുക. അപ്പോഴാണു് രാഷ്ട്രീയതിമിരബാധ എന്നു കണ്ടെത്തുന്നതു്—തദ്ദേശീയമായും സാർവ്വദേശീയമായും വൈദഗ്ദ്ധ്യവും വിഖ്യാതിയും നേടിയ വിദ്യാഭ്യാസവിചക്ഷണരുടെ ഒരു സംഘമായ സെക്കൻററി വിദ്യാഭ്യാസകമ്മിഷനും അന്വേഷിച്ചു കണ്ടെത്തിയതു് ഇതുതന്നെയായിരുന്നു. ഒരു വിദേശഭരണത്തിനെതിരായുള്ള പോരാട്ടത്തിനു് അഴിച്ചുവിട്ട പ്രവർത്തനങ്ങളും ആവശ്യമാക്കിയ വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യപ്രവണത, സ്വാതന്ത്ര്യസമ്പാദനത്തിനുശേഷവും അവിരാമമായി തുടരുകയാണു്; യാതൊരു

നീതീകരണവുമില്ലാത്ത ഈ ശിക്ഷണരാഹിത്യപ്രവർത്തനങ്ങൾ ജനായത്തഭരണത്തിന്റെ ഭദ്രതയ്ക്കും തത്പത്തിനും. കത്തിവയ്ക്കുത്തക്കവണ്ണം വിദ്യാർത്ഥികളുടെയിടയിൽ തുടരുവാൻ രാഷ്ട്രീയകക്ഷികളാണു വളംവയ്ക്കുന്നതെന്നു സംഗതി മുതലിയാർ കമ്മിഷനും ചൂണ്ടിക്കാണിക്കുവാൻ വിട്ടില്ല. പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കായാലും നിയമസഭകളിലേയ്ക്കായാലും തെരഞ്ഞെടുപ്പുമത്സരങ്ങളിൽ പിഞ്ചുവിദ്യാർത്ഥികളെപ്പോലും ആയുധങ്ങളായി രാഷ്ട്രീയഭാവിക്കാരും രാഷ്ട്രീയകക്ഷികളും ഉപയോഗിക്കാറുള്ള ദുഃഖസത്യം അവശേഷിക്കുമ്പോൾ അതിനു ഫലപ്രദമായ പരിഹാരമാർഗ്ഗംതേടി അവശ്യം വേണ്ട നടപടി സ്വീകരിക്കുകയാണു കരണീയമായിട്ടുള്ളതു്. രാഷ്ട്രീയസമരങ്ങൾക്കും തെരഞ്ഞെടുപ്പുമത്സരങ്ങൾക്കും വിദ്യാർത്ഥികളെ ഉപയോഗിക്കുന്നതു രാഷ്ട്രീയകക്ഷികൾക്കും വ്യക്തികൾക്കും കുറ്റകരമായി പരിഗണിക്കണമെന്നു നിർദ്ദേശിക്കുവാൻ സെക്കൻററി വിദ്യാഭ്യാസകമ്മീഷൻ നിർബന്ധിതമായി. വിദ്യാർത്ഥികളുടെ ശിക്ഷണബോധം സുഭദ്രമാക്കുന്നതിനു് അവർ അവതരിപ്പിച്ചിട്ടുള്ള എട്ടു ശുപാർശകളും നടപ്പിലാക്കാൻ ഭാഗികമായി സർക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും തത്സംബന്ധമായ ഏറ്റവും പ്രധാനപ്പെട്ടതെന്നു പരിഗണിക്കേണ്ട പ്രസ്തുത നിർദ്ദേശം ഇന്നും ആലോചനയിൽത്തന്നെ ഉണ്ടോ എന്നു സന്ദേഹമാണു്. ആ ശുപാർശ. ഇതാണു്:—

"Suitable legislation should be passed making it an election offence to utlise students below the age of 17 for the purposes of political propaganda or election compaigns"

"തെരഞ്ഞെടുപ്പു മത്സരങ്ങളുടെയോ രാഷ്ട്രീയ പ്രചാരവേലയുടെയോ ഉദ്ദേശങ്ങൾക്കുവേണ്ടി 17 വയ

സ്സിനു താഴെയുള്ള വിദ്യാർത്ഥികളെ ഉപയോഗിക്കുന്നതു് ഒരു തെരഞ്ഞെടുപ്പുകുറ്റമാക്കിക്കൊണ്ടു് ഉചിതമായ നിയമനിർമ്മാണം നിർവ്വഹിക്കണം".

1953-ൽ കേന്ദ്രഗവണ്മെൻറിനു സമർപ്പിച്ച ശുപാർശയാണിതു്. ആ ശുപാർശ ഇനിയും നടപ്പിലാക്കേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനെ നിയമംകൊണ്ടോ മറ്റു നടപടികൾകൊണ്ടോ നിരോധിക്കേണ്ടതാണെന്നും സംസ്ഥാനങ്ങളിലെ പോലീസ് ഇൻസ്പെക്ടർജനറൽമാർ ഗവണ്മെൻറിനു ശുപാർശ ചെയ്തിട്ടുള്ളതായി കേന്ദ്രവിദ്യാഭ്യാസമന്ത്രി ഡാ: ശ്രീമാലി രാജ്യസഭയിൽ വെളിപ്പെടുത്തിയവേളയിൽ അദ്ദേഹംക്രടി അംഗമായിരുന്ന സെക്കൻററി വിദ്യാഭ്യാസക്കമ്മിഷൻറെമേൽ ഉദ്ധരിച്ച ശുപാർശയും അദ്ദേഹം അനുസ്മരിച്ചിട്ടുണ്ടാകുന്നു. പ്രസ്തുത ചോദ്യോത്തരവേളയിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെപ്പോലും രാഷ്ട്രീയപാർട്ടികൾ ഘോഷയാത്രകൾക്കും പ്രകടനങ്ങൾക്കും ഉപയോഗിച്ചുവരുന്നതായി ഇൻസ്പെക്ടർജനറൽമാർക്കു് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ഇതു തടയേണ്ടതാണെന്നും കുട്ടികളെ ഇപ്രകാരം ചൂഷണംചെയ്യുവാൻ രാഷ്ട്രീയപാർട്ടികളെ അനുവദിച്ചുകൂടെന്നു് അവർക്കു് അഭിപ്രായമുണ്ടെന്നും കേന്ദ്രവിദ്യാഭ്യാസമന്ത്രി പ്രസ്താവിച്ചു. സെക്കൻററി വിദ്യാഭ്യാസക്കമ്മിഷൻറെ ശുപാർശ കേന്ദ്രസർക്കാരിൻറെ പര്യാലോചനയിൽത്തന്നെ ഇന്നും ഇരിക്കുന്നുവെന്നു സൂചിപ്പിച്ചതു് അതുകൊണ്ടാണു്. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിനു ഹേതുഭൂതമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഈ രാഷ്ട്രീയഗ്രഹണബാധയിൽനിന്നു വിദ്യാർത്ഥികളെ വിടുവിക്കുവാനായി തെരഞ്ഞെടുപ്പുകുറ്റം ചുമത്തുന്നതിനുള്ള നിയമനിർമ്മാണത്തേയും വിദ്യാർത്ഥികളുടെ രാഷ്ട്രീയപ്രവ

ത്തനനിരോധനത്തേയും എതിക്കുന്ന രാഷ്ട്രീയക്കാരുണ്ട്. കേംബ്രിഡ്ജിലും ഓക്സ്ഫോർഡിലും വിദ്യാർത്ഥികളുടെയിടയിൽ കൺസർവേറ്റീവ്, ലേബർ, കമ്യൂണിസ്റ്റ് സംഘടനകളുണ്ടെങ്കിൽ കൽക്കട്ടയിലും ലക്നൗവിലും ബനാറീസ്സിലും നാഗപ്പൂരിലും കേരളത്തിലും വിദ്യാർത്ഥി സംഘടനകളുടെ രാഷ്ട്രീയപ്രവർത്തനം നിരോധിക്കണമോ എന്നു ചോദിക്കുന്ന രാഷ്ട്രീയനേതാക്കന്മാരുണ്ട്. വിദ്യാഭ്യാസ ലക്ഷ്യത്തേക്കാൾ രാഷ്ട്രീയലക്ഷ്യമാണ് അത്തരക്കാർക്കു മുന്നിൽനിൽക്കുന്നതെന്നു മാത്രമേ പറയുവാനുള്ളൂ. അഖിലകക്ഷി കൺവൻഷൻ വിളിച്ചുകൂട്ടുന്നതുകൊണ്ടും, "മാന്യന്മാരുടെ ഒത്തുതീർപ്പ്" മദ്രാസിന്റെ മാർഗ്ഗത്തിലൂടെ ഉണ്ടാകുന്നതുകൊണ്ടും വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യപ്രശ്നം തെല്ലെങ്കിലും പരിഷ്കൃതമാവുമോ എന്നു കണ്ടറിയേണ്ടതാണ്. പരീക്ഷണശാലയിലെ കരുക്കളായി വിദ്യാർത്ഥികളെ എക്കാലവും ഉപയോഗിക്കുന്നതു് അപകടകരവുമാണ്.

ഒരു മെമ്മോറാണ്ടവും ഒരു കത്തും.

1953 സെപ്തംബറിലാണു വിദ്യാർത്ഥികളുടെ ശിക്ഷണബോധം തുടങ്ങിയ വിദ്യാഭ്യാസപ്രശ്നങ്ങളിന്മേലുള്ള ശുപാർശകളടങ്ങുന്ന കമ്മിഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവെന്നു സൂചിപ്പിച്ചുവല്ലൊ. 1953 ഡിസംബറിൽ വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യകാരണങ്ങൾ അപഗ്രഥിച്ചുകൊണ്ടും പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടും ഉള്ള ഒരു മെമ്മോറാണ്ടം അന്നത്തെ വിദ്യാഭ്യാസോപദേഷ്ടാവായിരുന്ന ശ്രീ ഹുമയൂൺകബീർ വിദ്യാഭ്യാസരംഗത്തെ ദേശീയനേതാക്കന്മാർക്കു സമർപ്പിച്ചതു് വിസ്മരിക്കാവുന്നതല്ല. അക്കാലത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ. മൗലാനാ അബു

ല്ലാം അസാദിന്റെ ഉപദേശപ്രകാരം ഈ മെമ്മോ
റാണ്ടം 1954 ജനുവരിയിൽ കേന്ദ്രവിദ്യാഭ്യാസ ഉപ
ദേശകബോർഡിന്റെമുമ്പിൽ സമർപ്പിക്കപ്പെട്ടു. ഈ
മെമ്മോറാണ്ടത്തിൽ അച്ചടക്കരാഹിത്യപ്രശ്നത്തെ
ക്കുറിച്ച് സ്വീകരിച്ചിരുന്ന നിലപാടു ബോർഡ് പൊ
തുവേ സ്വാഗതംചെയ്തു. അതിന്റെ വെളിച്ചത്തിൽ
രൂപപ്പെടുത്തപ്പെട്ട നിർദ്ദേശങ്ങൾ താത്കാലികമായി ഗവ
ണ്മെന്റ് അന്ന് അംഗീകരിക്കുകയാണുണ്ടായതു്.
കഴിവുള്ളത്രവേഗം ആ നിർദ്ദേശം നടപ്പിൽവരുത്താൻ
തന്നെ സർക്കാർ തീരുമാനിച്ചു ഏതാനും മാസങ്ങൾ
പിന്നെയും ഇഴഞ്ഞുപോയി ലക്നൗവിലും ഇൻഡോ
റിലും വിദ്യാർത്ഥികളുടെ ഇടയിൽ അകൃത്യങ്ങളും അസ്വാ
സ്ഥ്യങ്ങളും പടർന്നുപിടിച്ചു. രാഷ്ട്രത്തിലെ ഏറ്റവും
പ്രാധാന്യമുള്ള ഒന്നായി ഈ പ്രശ്നം പിന്നെയും മന്ത്രി
സഭവന്നു. പ്രധാനമന്ത്രി നെഹ്റുവിന്റെ മനസ്സിനെ
അതു വല്ലാതെ മഥിച്ചു. വിദ്യാർത്ഥികളിൽ അച്ചടക്കം
കൊണ്ടുവയ്ക്കുവാനുള്ള ഔഷധങ്ങളും, വളർത്താനുള്ള ചി
കിത്സാവിധികളും പ്രസ്തുത മെമ്മോറാണ്ടം ആധാരിക
മാക്കി അദ്ദേഹം നിർദ്ദേശിച്ചു. 1954 ആഗസ്റ്റ് 28-ാം
തീയതി സകല സാംസ്ഥാനിക മുഖ്യമന്ത്രിമാരെയും
അഭിസംബോധനചെയ്തുകൊണ്ട് അദ്ദേഹം നേരിട്ട
യച്ച കത്തുകളും അതിന്റെ പരിണതഫലമാണു്.
വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യമെന്ന പ്രശ്നം
കൈകാര്യം ചെയ്യുമ്പോൾ പ്രൊഫസ്സർ ഹുമയൂൺ
കബീർ തയാറാക്കിയ ഈ മെമ്മോറാണ്ടവും പണ്ഡി
തജി മുഖ്യമന്ത്രിമാർക്കുവേണ്ടി രചിച്ച കത്തുകളും അവഗ
ണിക്കുവാൻ സാദ്ധ്യമല്ല.

ഹുമയൂൺ കബീറിന്റെ അപഗ്രഥനം.

വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിന്റെ

മൗലികമായ കാരണങ്ങളെന്തെല്ലാമെന്നു് അപഗ്രഥിക്കുവാൻകഴിഞ്ഞ പ്രൊഫസ്സർ, സാമാന്യമായി നാലായിതരംതിരിച്ചാണു് അവയെ തിരിച്ചിട്ടുള്ളതു്. അദ്ധ്യാപകനായകത്വത്തിനുവന്ന ക്ഷയം; വിദ്യാർത്ഥികളുടെ സാമ്പത്തികവൈഷമ്യം; നിലവിലുള്ള വിദ്യാഭ്യാസക്രമത്തിലെ തകരാറുകൾ; ആദർശപരതയ്ക്കു സംഭവിച്ച അപകർഷം എന്നീ കാരണങ്ങളാൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള അസ്വാസ്ഥ്യങ്ങൾക്കു നിദാനമാണു്. ഉപകാരണങ്ങളും ഓരോ തലക്കെട്ടിന്റെ കീഴിലും പ്രതിപാദിക്കുന്നുണ്ടു്. സ്ഥലവിസ്തരഭയത്താൽ അതു വിടുകയാണു്. ശ്രീ ഹുമയൂൺ കബീർ പറയുന്നതുപോലെ "1920-നുശേഷം ഭാരതത്തിലുണ്ടായ രാഷ്ട്രീയപ്രബുദ്ധതയാൽ വിദ്യാർത്ഥികളും രാഷ്ട്രീയസമരത്തിലേയ്ക്കു് വലിച്ചിഴയ്ക്കപ്പെട്ടു."

"രാഷ്ട്രീയപാരതന്ത്ര്യത്തിനെതിരെ സാമാന്യമായ പ്രക്ഷോഭണശീലവും ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യുന്നതിനുള്ള അഭിലാഷവും പടർന്നുപിടിച്ചു". അടിമഭാരതത്തിൽനിന്നു സ്വതന്ത്രഭാരതത്തിലും ആ പ്രക്ഷോഭണശീലവും കലഹമനോഭാവവും, രാഷ്ട്രീയകക്ഷികളുടെ പ്രേരണയാൽ ഇന്നും വിദ്യാർത്ഥികൾ അവിച്ഛിന്നമായി തുടരുകയാണു്. അതിനാണു് സത്വരപരിഹാരം കാണാൻ വെമ്പുന്നതു്. അതാണു് എല്ലാ വിദ്യാഭ്യാസചിന്തകരെയും അലട്ടിക്കൊണ്ടിരിക്കുന്നതു്. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിനു് മറേറതൊരു കാരണത്തെയുംകാൾ പ്രാധാന്യമുള്ള കാരണവും അതുതന്നെ.

ഇതിനേക്കാൾ പ്രാധാന്യം ഇതരഹേതുക്കളിൽ കാണുന്നവരും കണ്ടേക്കാം; അദ്ധ്യാപകരുടെ പദവിയും നേതൃത്വവും വീണ്ടെടുത്താൽ വിദ്യാർത്ഥികളുടെ

ശിക്ഷണരാഹിത്യത്തിനു് ഒരളവിൽ പരിഹാരമുണ്ടാകുമെന്നുള്ള അഭിപ്രായം ഭാഗികമായി ശരിയായിരിക്കും. ശിക്ഷണരാഹിത്യപ്രശ്നം പരിഹരിക്കുന്നതിനു് അടിസ്ഥാനപരമായി കണ്ടെത്തുന്ന കാരണങ്ങളിൽ ഏതിനു മുൻഗണന കല്പിച്ചാണു് ചികിത്സിക്കേണ്ടതെന്നുള്ള കാര്യത്തിൽ അഭിപ്രായാന്തരങ്ങളുണ്ടു്.

സുദീർഘമായ കാലയളവുകൊണ്ടു് രൂപംപ്രാപിച്ചു ബൃഹത്തായ പ്രശ്നങ്ങൾക്കു ത്വടുതിയിലങ്ങു പരിഹാരംകാണാൻ അസാദ്ധ്യമാണു്. ക്രമാനുക്രമമായി പരിവൃത്തമാക്കേണ്ട പ്രശ്നമാണതു്. അതിനുള്ള പശ്ചാത്തലവും പരിതഃസ്ഥിതിയും സംജാതമാക്കുവാൻ സാധിക്കണം. രാഷ്ട്രീയപാർട്ടികളും സർക്കാരും അങ്ങനെയുള്ള അന്തരീക്ഷം സൃഷ്ടിക്കുവാൻ തയ്യാറാകുമോ? "മാന്യന്മാരുടെ ഒത്തുതീർപ്പു്" ലംഘിക്കുകയില്ലെന്നു് ആരുകണ്ടു? വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തെക്കുറിച്ചു ഗിരിപ്രഭാഷണം നടത്താറുള്ള എല്ലാ രാഷ്ട്രീയനേതാക്കന്മാരും രാഷ്ട്രീയകക്ഷികളും സ്വന്തം താല്പര്യസംരക്ഷണത്തിനു സൗകര്യം കിട്ടുമ്പോൾ വിദ്യാർത്ഥികളെ ചട്ടുകങ്ങളാക്കുന്ന ഏർപ്പാടു് നിയമംമൂലമല്ലാതെ അവസാനിപ്പിക്കാൻ കഴിയുമെങ്കിൽ കൊള്ളാം. ഏതു മാർഗ്ഗമായാലും ലക്ഷ്യപ്രാപ്തി കൈവരുത്തുവാൻ ഗവർമ്മെന്റു് കഴിവും കരുത്തും മനസ്സും കാണിക്കുമെങ്കിൽ രാഷ്ട്രത്തിന്റെ സങ്കീർണ്ണമായ ഈ പ്രശ്നം വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം പരിഹരിക്കുന്നതിനുള്ള പശ്ചാത്തലം സൃഷ്ടിക്കുവാൻ സാധിക്കുമെന്നു് അനുമാനിക്കാം.

(നെഹ്റുവിന്റെ നിർദ്ദേശങ്ങൾ)

കേന്ദ്രവിദ്യാഭ്യാസോപദേഷ്ടാവായിരുന്ന കാലത്തു് ശ്രീ: ഹുമയൂൺ കബീർ സമർപ്പിച്ചതും തത്വത്തിൽ

കേന്ദ്രഗവമ്മെൻറ് അംഗീകരിച്ചതും ആയ മെമ്മോറാണ്ടത്തിൻെറ വെളിച്ചത്തിൽ പ്രധാനമന്ത്രി നെഹ്റു എല്ലാ സ്റ്റേറ്റുകളിലേയും മുഖ്യമന്ത്രിമാർക്ക്, വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം പരിഹരിക്കുന്നതിനവലംബിക്കേണ്ട നടപടിയെക്കുറിച്ച് സംക്ഷിപ്തമായി വിവരിച്ചുകൊണ്ട് കത്തുകളയച്ചിരുന്നുവെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലൊ. വിശദമായ നിർദ്ദേശങ്ങൾ തദവിഷയകമായി അവർക്ക് നൽകുന്നതിന് ശ്രീ. കബീറിനോടഭ്യർത്ഥം ആവശ്യപ്പെടുകയും ചെയ്തു. അതിൻെറ മുന്നോടിയായി പ്രധാനമന്ത്രി അയച്ച കത്തുകൾ മുഖ്യമന്ത്രിമാരുടെ സെക്രട്ടേറിയേറ്റിൽ ഇന്നും സംപൂർണ്ണമായും പ്രാവർത്തികമാക്കാതെകണ്ട് ഫയലുകളിൽ അവശേഷിക്കുന്നുണ്ടാവാം. വിദ്യാർത്ഥികളുടെ അച്ചടക്കബോധം മെച്ചപ്പെടുത്തുന്നതിനു മുഖ്യമന്ത്രിമാരുടെ ശ്രദ്ധയിൽ പെടുത്തിയ കാര്യങ്ങൾ എന്തെല്ലാമെന്ന് ധൃതിയിൽ അവലോകനം ചെയ്യുന്നതു് ഇന്നും കൌതുകകരമായിരിക്കും.

കക്ഷിപക്ഷഭേദവും കക്ഷിവിരോധവും രാഷ്ട്രീയോപജാപങ്ങളും അദ്ധ്യാപകനേതൃത്വത്തിനു സംഭവിച്ച ക്ഷയവുമാണു് വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിനു് മുഖ്യഹേതുക്കൾ എന്നു് പ്രധാനമന്ത്രി ചൂണ്ടിക്കാണിച്ചിരുന്നു. സർവ്വകലാശാല വൈസ് ചാൻസലർ നിയമനം കക്ഷിരാഷ്ട്രീയസ്വാധീനത്തിനു പുറത്തുനിന്നായിരിക്കണമെന്നും രാധാകൃഷ്ണൻകമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സെനറ്റും സിൻഡിക്കേറ്റും സംഘടിപ്പിക്കത്തക്കവണ്ണം യൂണിവേഴ്സിറ്റി ആക്ടിൽ ഭേദഗതി വരുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. വിദ്യാലയരംഗത്തു ശിക്ഷണബോധം ക്ഷയിക്കുന്നതിനു് അദ്ദേഹം കാണുന്ന കാരണം സ്ക്കൂൾ മാനേജിംഗ് കമ്മിറ്റികളിൽ നിലവിലുള്ള

കക്ഷിവിരോധവും ഉപജാപവും കക്ഷിവഴക്കുമാണ്. രാഷ്ട്രീയസ്വാധീനത്തിലും ഉപജാപത്തിലും ഉൾപ്പെടാത്ത മാനേജിംഗ് കമ്മിറ്റികൾ സംഘടിപ്പിക്കണമെന്നും അങ്ങനെ ശിക്ഷണരാഹിത്യരോഗം കുറെയൊക്കെ ഭേദപ്പെടുത്തണമെന്നും പ്രധാനമന്ത്രി മുഖ്യമന്ത്രിമാക്കയച്ച കത്തുകളിൽ നിർദ്ദേശിച്ചിരുന്നതാണ്. പക്ഷേ അതു് ഇപ്പോൾ പരിഗണന കാത്തുകഴിയുകയാണ്.

അദ്ധ്യാപകരുടെ പദവിക്കുവന്ന അപകർഷം അവസാനിപ്പിക്കുന്നതിനും പ്രധാനമന്ത്രിക്കു നിർദ്ദേശിക്കുവാനുണ്ടായിരുന്നു. അദ്ധ്യാപകരോടു ജനങ്ങൾക്കുള്ള മതിപ്പും ആദരവും വർദ്ധിപ്പിക്കുന്നതിനു് അദ്ധ്യാപകരേയും അവരുടെ സംഘടനകളേയും വിദ്യാഭ്യാസനയരൂപീകരണവിഷയത്തിൽ വലിയതോതിൽ പങ്കാളികളാക്കുക; സാംസ്ഥാനികചടങ്ങുകളിലും പൊതുചടങ്ങുകളിലും അദ്ധ്യാപക്കു മതിയായ അംഗീകാരം നൽകുക. ഇതുകളെങ്കിലും നിഷ്കൃഷ്ടമായി നടപ്പിലാക്കാമെങ്കിൽ അദ്ധ്യാപകന്റെ ബഹുമാന്യതയും വിദ്യാർത്ഥികളുടെ ശിക്ഷണബോധത്തിനും ഗണ്യമായ അഭിവൃദ്ധിയുണ്ടാക്കാൻ കഴിയുമെന്നുള്ള നിർദ്ദേശം സ്വീകാര്യമല്ലേ?

പരീക്ഷാസമ്പ്രദായം—വർഷാവസാനപരീക്ഷയ്ക്കു കൽപിക്കുന്ന അമിതപ്രാധാന്യം ഇതിനെക്കുറിച്ചും നെഹ്റു ചൂണ്ടിക്കാണിച്ചു. വിദ്യാർത്ഥികളുടെ ക്ലാസ്സുകയറ്റം നിർണ്ണയിക്കുന്നതിനു ക്രമപ്രവൃദ്ധമായ ക്ലാസ്സുവർക്കിനു മതിയായ പ്രാധാന്യംനൽകി, വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യം ഭേദപ്പെടുത്താൻ കുറെയൊക്കെ കഴിയുമെന്നും അദ്ദേഹത്തിനു നിർദ്ദേശിക്കുവാൻ അന്നേ കഴിഞ്ഞിരുന്നു. അതും ഇപ്പോൾ ഒരു സജീവപ്രശ്നമാണല്ലോ.

സ്വയം ശിക്ഷണബോധം വിദ്യാർത്ഥികൾ സ്വയം വളർത്തുന്നതിനുള്ള സാഹചര്യങ്ങൾ വിദ്യാലയങ്ങളിലും സർവകലാശാലകളിലും ഉടലെടുക്കണം. അതിനു് ഹൗസ് സിസ്റ്റം (House System) കൗൺസിൽ ഓഫ് മാനിട്ടഴ്സ് (Council of Monitors) ഇവ സ്കൂളുകളിൽ ഏർപ്പെടുത്തേണ്ടതാണു്. അതായിരുന്നു പ്രസ്തുത കത്തിലൂടെ മുഖ്യമന്ത്രിമാർക്കു ലഭിച്ച മറ്റൊരു നിർദ്ദേശം.

വിദ്യാർത്ഥികളുടെ സ്വഭാവരൂപവൽക്കരണത്തിൽ നല്ലൊരു പങ്കുവഹിക്കുവാൻതക്ക മൂല്യങ്ങൾ സാമൂഹ്യ പ്രവർത്തനങ്ങൾക്കുള്ളതുകൊണ്ടു് ആ സൗകര്യങ്ങളും പരിപാടികളും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വേണ്ടുവോളം ലഭ്യമാക്കണം.

ക്ലാസ്സിനു പുറത്തെ പാഠ്യേതരപ്രവർത്തനങ്ങളും സാന്മാർഗ്ഗികബോധനപാഠങ്ങളും വേണ്ടരീതി പ്രോത്സാഹിപ്പിക്കേണ്ടതാണു്.

വിദ്യാർത്ഥികളുടെ ശിക്ഷണബോധം അഭിവൃദ്ധിപ്പെടുത്തുവാനായി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കു് 1954-ൽ പ്രധാനമന്ത്രി അയച്ച കത്തിലെ നിർദ്ദേശങ്ങളുടെ ഹ്രസ്വരൂപമാണു് മുകളിൽ കാണിച്ചതു്. മുഖ്യമന്ത്രിമാർക്കും വിദ്യാഭ്യാസവകുപ്പിനും ആ വിലയേറിയ നിർദ്ദേശങ്ങൾ വിലയിരുത്താനും പ്രാവർത്തികമാക്കുവാനും കഴിഞ്ഞിട്ടുണ്ടോ എന്നു പരിശോധന ചെയ്യുന്നതിനു് ധിഷണാശക്തിയും ധാരണാശക്തിയും അന്തർമുഖമാക്കിവച്ചു് സ്വയം ആത്മപരിശോധന നടത്തിയാൽമതി; പ്രധാനമന്ത്രിയുടെ പ്രസിദ്ധമായ ആ കത്തിനോടു് മുഖ്യമന്ത്രിമാരും വിദ്യാഭ്യാസവകുപ്പും ഉചിതമായ നീതികാണിച്ചിട്ടില്ലെന്നു ബോദ്ധ്യമാകും.

വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യം

II

വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിനുള്ള കാരണങ്ങളും നിവാരണമാർഗ്ഗങ്ങളും അപഗ്രഥിച്ചവതരിപ്പിച്ചുകൊണ്ടുള്ള മൂന്നുരേഖകൾ നാം ഇതിനകം പരിശോധിച്ചുവല്ലോ. മുതലിയാർ കമ്മിഷന്റെറിപ്പോർട്ട്, ഹുമയൂൺ കബീറിന്റെറ മെമ്മോറാണ്ടം, നെഹ്റുവിന്റെറ കത്ത് ഈ പ്രമാണങ്ങളിലെ മുഖ്യപ്രധാനങ്ങളായ നിർദ്ദേശങ്ങളാണവ. വിദ്യാർത്ഥികളുടെ അച്ചടക്കബോധം മെച്ചപ്പെടുത്തുവാൻ ആ നിർദ്ദേശങ്ങൾ നിഷ്കൃഷ്ടമായി നടപ്പിലാക്കുവാൻ കഴിഞ്ഞെങ്കിൽ നാടിക്കുമായിരുന്നില്ലേ? എന്നാൽ എന്താണു സംഭവിച്ചതു?

വിദ്യാർത്ഥികളുടെ വിചിത്രങ്ങളായ വൈകൃതങ്ങൾ.

വിദ്യാർത്ഥികളുടെയിടയിൽ ശിക്ഷണരാഹിത്യവും അസ്വസ്ഥതകളും ഭാരതത്തിലങ്ങുമിങ്ങും അനുദിനം വർദ്ധമാനമാവുകയാണു ചെയ്തതു്. അപകടകരമായ ഈ പോക്കു തടയുവാൻ എന്താണു നടപടിയെടുത്തതു്? ആലോചനകളുടെയും ഗവേഷണങ്ങളുടെയും ജൈത്രയാത്ര! കേന്ദ്രവിദ്യാഭ്യാസോപദേശകബോർഡും സർവകലാശാലാഗ്രാന്റ് കമ്മിഷനും, വൈസ്ചാൻസലർമാരും ഈ സജീവപ്രശ്നം പഠിച്ചാലോചിച്ചു: ചർച്ചചെയ്തു. വിദ്യാർത്ഥികളുടെ പ്രക്ഷോഭണങ്ങളും അക്രമങ്ങളും അനിയന്ത്രിതമായി ഒരുവശത്തു വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 1959—ആ വൈകൃതങ്ങളുടെ ഏറ്റവും ഭീകരമായ രൂപം കണ്ടു. അണ്ണാമലയിലും ബനാറീസിലും വിദ്യാർത്ഥികളുടെ വൃത്തികെട്ട അകൃത്യങ്ങൾ നടന്നതു് നാം മറക്കാറായില്ല. മൈസൂരിലും ബാംഗ്ലൂരിലും

യുവജനോത്സവത്തിനു ടിക്കറ്റില്ലാതെ പ്രവേശനമാവശ്യപ്പെട്ടുകൊണ്ടു് വിദ്യാർത്ഥികൾകാട്ടിയ വേതാളവേഷങ്ങൾ കഴിഞ്ഞവർഷമാണു് നാം കണ്ടതു്. ഭോപാലിലെ വിദ്യാർത്ഥികൾ ഒരു പോലീസ്സ്റ്റേഷനാക്രമിച്ചതിനു പുറമേ കുറെ പോലീസുകാരെ പരുക്കേല്പിക്കുകയും ചെയ്തു. ഡൽഹിയിൽ വിദ്യാർത്ഥികൾ തീവണ്ടി തടഞ്ഞുനിറുത്തി റയിൽവേ അധികൃതരെ തങ്ങളുടെ ആവശ്യങ്ങൾ അടിച്ചേല്പിക്കാൻ അക്രമാസക്തരായി ശ്രമിച്ചു. 'ചക്രാത്തിനു' സിനിമാ കാണുന്നതിനുള്ള അവകാശസ്ഥാപനത്തിനും അവർക്കു പ്രക്ഷോഭണമാണു്. വേറെയും വിചിത്രങ്ങളായ വൈകൃതങ്ങൾ ഉദാഹരിക്കാനുണ്ടു്. അലഹബാദിൽ പ്രക്ഷോഭണവും അക്രമവും സംഘടിപ്പിച്ചു്, എം. എ. ക്ലാസ്സിൽ ഒരു വിദ്യാർത്ഥിക്കു പ്രവേശനം നേടി. പ്രവേശനം നിരസിക്കപ്പെട്ട ഒരു വിദ്യാർത്ഥി എം എ യ്ക്കു് അഡ്മിഷൻ കിട്ടുവാൻവേണ്ടി നിരാഹാരസത്യഗ്രഹാഭാസം നടത്തി; വിദ്യാർത്ഥികൾ അന്യായമായ ഈ ആവശ്യത്തിനു് പ്രക്ഷോഭിച്ചു. എക്സിക്യൂട്ടിവ് കൗൺസിൽ ഈ അക്രമത്തിനുമുമ്പിൽ മുട്ടുകുത്തി, വൈസ്ചാൻസലർ രാജികൊടുത്തു. കാൺവൊക്കേഷൻപോലും ഈ സംഭവവികാസംമൂലം മാറ്റിവയ്ക്കപ്പെട്ടു. കേരളത്തിലും വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യം ഈ കാലത്തു മോശമായിരുന്നില്ല. വിമോചനസമരവും അവരെ വെറുതെ വിട്ടില്ല.

ഈവർഷം കല്ക്കട്ടയിൽ വിദ്യാർത്ഥികളുടെ അവസ്ഥ എന്താണു്? ഈ കഴിഞ്ഞ മേയ്മാസത്തിൽ കല്ക്കട്ടയിലെ ബി.കോം വിദ്യാർത്ഥികൾ ചരിത്രം സൃഷ്ടിച്ചു "സമരിച്ചു സമരിച്ചു്" പരീക്ഷയ്ക്കു ചോദിച്ച ചോദ്യങ്ങൾക്കു കടുപ്പം കൂടുപ്പിച്ചുകൂടിപ്പോയെന്നു പരാതിപ്പെട്ടു് ബഞ്ചും, ഡസ്കും തല്ലിത്തകർത്തു. ഈ ബി-കോം വിദ്യാ

ത്ഥികൾ അവിടെയും അവസാനിപ്പിച്ചില്ല. സർവ്വകലാശാല കയ്യേറി, ഉദ്യോഗസ്ഥന്മാരെ ആക്രമിച്ചു. ഇതിനിടയിലാണു്, വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യകാരണങ്ങളെക്കുറിച്ചു് അന്വേഷിക്കുവാൻ സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മിഷൻ നിയോഗിച്ചിരുന്ന ഉപസമിതി സ്വകൃത്യം പൂർത്തിയാക്കിയതു്.

ദിവാൻകമ്മിറ്റിയുടെ റിപ്പോർട്ടു്.

സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മിഷനിലെ ഒരംഗമായ ദിവാൻ ആനന്ദകുമാറിന്റെ നേതൃത്വത്തിൽ നിയുക്തമായ ഈ ഉപസമിതിയിൽ ഒരു വിദ്യാർത്ഥിപ്രതിനിധിയും അംഗമായിരുന്നു. ശിക്ഷണരാഹിത്യപ്രശ്നത്തെ ആസ്പദിച്ചുള്ള അവരുടെ റിപ്പോർട്ടു് 1960 ജൂൺ മാസത്തിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥിരംഗത്തു രാഷ്ട്രീയബാധ.

സർവ്വകലാശാലാ വിദ്യാർത്ഥികളിൽ രാഷ്ട്രീയകക്ഷികൾ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനം ചെലുത്തുന്നതാണു് അച്ചടക്കരാഹിത്യത്തിനുള്ള പ്രധാനമായ കാരണങ്ങളിൽ മുഖ്യമായും ഈ ദിവാൻകമ്മിറ്റിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്. വിദ്യാർത്ഥികൾ മാത്രമല്ല അദ്ധ്യാപകരും അവരുടെ പ്രവർത്തനമേഖലയിലെ രാഷ്ട്രീയക്കാരായി നിലവിലുണ്ടു് എന്ന വസ്തുതയും കമ്മിറ്റി വെളിപ്പെടുത്തുന്നുണ്ടു്. സ്വന്തം രാഷ്ട്രീയലക്ഷ്യം നേടുന്നതിനു് 'വിദ്യാർത്ഥിരംഗം' ഉപയോഗപ്പെടുത്തുകയില്ലെന്നു് അഖിലകക്ഷിസമ്മേളനം വിളിച്ചുകൂട്ടി ഒരു കരാറുണ്ടാക്കണമെന്നാണു് ഈ കമ്മിറ്റി അതിനു പ്രതിവിധിയായി നിർദ്ദേശിക്കുന്നതു്. അങ്ങനെ പവിത്രമായ ഒരു കരാറുണ്ടാക്കാൻ കഴിയുമോ?

'മാന്യന്മാരുടെ ഒത്തുതീർപ്പ്' അക്ഷരംപ്രതി പാലിക്കാൻ ആളുണ്ടാകുമോ? എങ്കിലും കേന്ദ്രസർക്കാർ ഈ പരീക്ഷണത്തിനു കളമൊരുക്കുകയാണു്.

അദ്ധ്യാപകനു ബഹുമാന്യതവേണം

അദ്ധ്യാപകരെ ബഹുമാന്യതയും സാമ്പത്തികഭദ്രതയും ഉള്ളവരാക്കി ഉയർത്തണമെന്നും, ക്ലാസ്സുകളിൽ പ്രവേശനത്തിനുള്ള വയസ്സു ക്ലിപ്തപ്പെടുത്തി വിദ്യാർത്ഥികളെ ഉത്തരവാദിത്വവും സഹകരണശീലവും ഉള്ളവരാക്കിത്തീർക്കണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങളോടൊപ്പം വിദ്യാർത്ഥികളിൽ മാതാപിതാക്കൾക്കുണ്ടായിരിക്കേണ്ട ഉത്തരവാദിത്വമെന്തെന്നും ഉൽബോധിപ്പിച്ചിട്ടുമുണ്ടു്. മക്കളെ പള്ളിക്കൂടത്തിൽ പ്രവേശിപ്പിക്കുന്നതോടെ ഉത്തരവാദിത്വം മുഴുവൻ അവസാനിച്ചുവെന്നു കരുതുന്ന രക്ഷിതാക്കൾ ശിക്ഷണരാഹിത്യത്തിനു വഴിതെളിക്കുന്നവരാണെന്നു നിസ്സംശയം പ്രസ്താവിക്കാം.

ശിക്ഷണബോധം കുടുംബജീവിതത്തിൽ

കുടുംബജീവിതവും വിദ്യാലയജീവിതവും അഭേദ്യമായി നിബദ്ധമാണു്. കുട്ടികൾക്കു ശിക്ഷണബോധോദയമുണ്ടാക്കേണ്ടതു സ്വകുടുംബത്തിൽവച്ചായിരിക്കണം. ശൈശവകാലത്തു സ്വഭാവരൂപവല്ക്കരണം യഥാവിധി നിർവഹിക്കേണ്ടവർ മാതാപിതാക്കൾതന്നെയാണു്. ബാല്യകാലത്തു ശിക്ഷണരാഹിത്യം രൂഢമൂലമായാൽ അതു വിദ്യാർത്ഥിജീവിതത്തിലും പൗരജീവിതത്തിലും പടർന്പിടിക്കും. "പ്രഭാതം പകലിന്റെ നാന്ദി കാണിക്കുന്നതുപോലെ ശൈശവം മനുഷ്യനെ പ്രദർശിപ്പിക്കുന്നു" എന്നു മിൽട്ടൺ പറഞ്ഞിട്ടുണ്ടു്. "മനുഷ്യന്റെ പിതാവാണു ശിശു" എന്നു പാടിയ വേഡ്സ്വർത്തും

അതുതന്നെയാണ് പ്രകാശിപ്പിക്കുന്നതു്. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിൽ ചില രക്ഷകർത്താക്കൾ പ്രകടിപ്പിക്കുന്ന ഉത്തരവാദിത്വരാഹിത്യവും അവഗണനയും എത്ര അപലപിക്കപ്പെട്ടാലും തരക്കേടില്ല. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിനു് ഒരു ഹേതു അതാണെന്നുള്ളതും ശ്രദ്ധേയമാണു്.

When wealth is lost
nothing is lost
When helath is lost
something is lost;
When character is lost
all is lost.

ഈ തത്വം വിസ്മരിക്കുന്ന രക്ഷിതാക്കൾ വിദ്യാർത്ഥിലോകത്തിനും രാഷ്ട്രത്തിനും ദ്രോഹമാണു ചെയ്യുന്നതു്. സർവകലാശാലാ ഗ്രാൻറ്സ് കമ്മിഷൻ നിയമിച്ച ഭിവാൻകമ്മിറ്റി വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യകാരണങ്ങളിൽ മാതാപിതാക്കളുടെ ഉത്തരവാദിത്വമില്ലായ്മയേയും ഉൾപ്പെടുത്തിയിട്ടുണ്ടു്.

ശിക്ഷണമില്ലായ്മ
വിദ്യാർത്ഥികളിൽ മാത്രമല്ല

ശിക്ഷണരാഹിത്യം വിദ്യാർത്ഥികളിൽ മാത്രമല്ല, മാതാപിതാക്കളേയും രക്ഷിതാക്കളേയുംകൂടി ഗ്രസിച്ചിരിക്കുന്നുവെന്നാണു മനസ്സിലാക്കേണ്ടതു്. കുടുംബജീവിതത്തിൽ മാത്രമല്ല പൊതുജീവിതത്തിൻറെ ഏതൊരു മേഖലയിലും ശിക്ഷണമില്ലായ്മ ദൃശ്യമാണു്. പ്രധാനമന്ത്രി നെഹ്റു ഭാരതീയരുടെ ശിക്ഷണരാഹിത്യത്തെ ചൊല്ലി അവസരം കിട്ടുമ്പോഴൊക്കെ പ്രസംഗിക്കാറു

ണ്ടു്; നാം ശ്രദ്ധിക്കാറുമുണ്ടു്. പക്ഷേ പ്രായോഗിക ജീവിതത്തിൽ നടപ്പില്ലെന്നുമാത്രം. 1959 നവംബർ മാസത്തിൽ അലഹബാദിൽവച്ചു് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ഇങ്ങനെയാണു പ്രസ്താവിച്ചതു്.

"We have many qualities but discipline is not one of them. All grant nations in this world had progressed through discipline. We have also to create this discipline."

[നമുക്കു പല ഗുണങ്ങളുമുണ്ടു്; എന്നാൽ അച്ചടക്കം അവയിലൊന്നല്ല. ലോകത്തിലുള്ള എല്ലാ വലിയ രാഷ്ട്രങ്ങളും അച്ചടക്കത്തിലൂടെയാണു് അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു്. ഈ അച്ചടക്കബോധം നമുക്കും സൃഷ്ടിക്കേണ്ടതുണ്ടു്.] വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യവും ഈ പ്രതിഭാസത്തിന്റെ ഒരു ഭാഗമാണു്. മുതിർന്നവരുടെ ഇടയിലുള്ള അച്ചടക്കരാഹിത്യം! അതേപ്പറ്റി കേന്ദ്ര വിദ്യാഭ്യാസമന്ത്രി ശ്രീമാലിയും വിലപിക്കാറുണ്ടു്. വിദ്യാർത്ഥികളുടെ ശിക്ഷണരാഹിത്യത്തിനൊരു കാരണമായി അതു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്.

പൂനാ സമ്മേളനത്തിൽ ശിക്ഷണരാഹിത്യം.

ദിവാൻ കമ്മിറ്റി റിപ്പോർട്ടു് അടുത്തകാലത്തു് പൂനായിൽവച്ചുകൂടിയ വൈസ്ചാൻസലർമാരുടെ സമ്മേളനത്തിന്റെ പരിഗണനയ്ക്കു വിഷയീഭവിച്ചു. വിദ്യാർത്ഥികളുടെ രാഷ്ട്രീയപ്രവർത്തനത്തെയും പ്രക്ഷോഭണത്തെയും നിയമംമൂലമോ മറ്റു നടപടികൾമുഖേനയോ നിരോധിക്കേണ്ടതാണെന്നു് അഖിലേന്ത്യാ വൈസ്ചാൻസലേഴ്സ് കാൺഫറൻസും ശുപാർശ

ചെയ്തിരിക്കുകയാണു്. സംസ്ഥാനങ്ങളിലെ പോലീസ് ഇൻസ്പെക്ടർ ജനറൽമാരും ഏതാണ്ടതുപോലെയാണു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു്.

വി. വി. ഗിരിയുടെ ഉപദേശം.

വൈസ് ചാൻസലർമാരുടെ പൂനാസമ്മേളനത്തിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടു് ഗവർണ്ണർ ശ്രീ: വി. വി. ഗിരി വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യത്തിനു നിദാനമാകുന്ന രാഷ്ട്രീയപ്രസരത്തെ വിമർശിച്ചതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. ഉത്തരപ്രദേശിൽവച്ചു്, അവിടത്തെ ഗവർണ്ണരായിരുന്ന അദ്ദേഹം യു. പി. വൈസ് ചാൻസലർമാരുടെ സമ്മേളനം ഉൽഘാടനം ചെയ്യുകയായിരുന്നു. 1960 ജൂൺ 8-ാംതീയതി കക്ഷിരാഷ്ട്രീയവും ശിഥിലീകരണവാസനയും സർവ്വകലാശാലകളുടെ പൊതുസ്വഭാവമായി തീർന്നിട്ടുണ്ടെന്നും ഈ അവസ്ഥാവിശേഷത്തിനു പ്രധാന ഉത്തരവാദികൾ teacher-politicians-ും, politican-academicians-ും ആണെന്നും പ്രസ്താവിക്കുകയുണ്ടായി. അദ്ധ്യാപകർ രാഷ്ട്രീയത്തിന്നതീതരായി നില്ക്കണമെന്നു് ശ്രീ: ഗിരിക്കു് അഭിപ്രായമുണ്ടു്. രാഷ്ട്രീയ പകിടകളിയിൽവിദ്യാർത്ഥികളെ കരുക്കളാക്കരുതെന്നരാഷ്ട്രീയകക്ഷികളോടു് അദ്ദേഹത്തിനു ഗ്രണദോഷിക്കുവാനുണ്ടു്. അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ശ്രദ്ധിക്കുക. "Students should not be me made pawns to their political chess board". "രാഷ്ട്രീയ ചതുരംഗപ്പലകയിലെ പാവാടി പകിടകളാക്കരുതു വിദ്യാർത്ഥികളെ".

നിയമമോ ഒത്തുതീർപ്പോ ?

കാരണങ്ങൾ നിരവധിയുണ്ടെങ്കിലും, കാരണഭൂതരായി അധികൃതർ, രക്ഷകർത്താക്കൾ, അദ്ധ്യാപകർ തുടങ്ങിയവരെ കുറ്റപ്പെടുത്താമെങ്കിലും, രാഷ്ട്രീയപ്രവർത്തനവും രാഷ്ട്രീയകക്ഷികളുമാണ് ഏറ്റവും വലിയ സംഭാവന വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യത്തിനു നൽകിക്കൊണ്ടിരിക്കുന്നതെന്നു വ്യക്തമായിട്ടുണ്ട്. ആ സംഭാവന തിരസ്കരിക്കുവാനും നിരോധിക്കുവാനും തയാറാകേണ്ടതാണ്. മാർഗ്ഗമേതു സ്വീകരിച്ചാലും വേണ്ടില്ല, അതിലേക്കു നിയമമോ 'മാന്യന്മാരുടെ ഒത്തുതീർപ്പോ' ഏതുവേണമെങ്കിലും നിർമ്മിക്കട്ടെ; ലക്ഷ്യപ്രാപ്തി ഉണ്ടാകണമെന്നുമാത്രം. രാഷ്ട്രീയകക്ഷികളുടെ ചൂതാട്ടത്തിൽ കുട്ടികളെ പണയംവയ്ക്കരുത്. നളൻ കലി ബാധിച്ചപ്പോൾ രാജ്യത്തേയും ഭാര്യയേയും പണയംവച്ചു ചൂതുകളിച്ചു. രാഷ്ട്രീയക്കാർ വിദ്യാർത്ഥികളായ മക്കളേയും പണയംവയ്ക്കുന്ന ഈ രാഷ്ട്രീയകലി ബാധ നിരോധിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യേണ്ടതു വിദ്യാർത്ഥികളുടെ ശിക്ഷണബോധം അഭിവൃദ്ധിപ്പെടുത്തുവാൻ അത്യന്താപേക്ഷിതമാണ്. വിദ്യാർത്ഥികൾ രാഷ്ട്രീയപ്രശ്നങ്ങൾ പഠിക്കരുതെന്നോ ചർച്ചചെയ്യരുതെന്നോ അർത്ഥമില്ല.

യുവജനോത്സവം.

സ്കൂളുകളിലെ യുവജനോത്സവം ഒരു കലോത്സവമാണു്. വിവിധ കലാമത്സരങ്ങളിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുന്നു. അങ്ങനെ അവരുടെ കലാവാസന പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഈ കലോത്സവം നല്കുന്നു. കുട്ടികളുടെ കലാവാസനയെ വളർത്തുവാനും, സൗന്ദര്യാവബോധം വികസിപ്പിക്കുവാനും വിദ്യാലയങ്ങളിൽ സംഘടിക്കപ്പെടുന്ന ഈ ഉത്സവപരിപാടി ഉപകരിക്കും. യുവജനോത്സവ പരിപാടി എല്ലാ സ്കൂളുകളിലെയും ഒരു വ്യവസ്ഥിതഭാവമായി ഭവിക്കുമെന്നാണു് കഴിഞ്ഞ യുവജനോത്സവം കേരളത്തിൽ പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നതു്.

1956 ഡിസംബറിലാണു് ഇങ്ങനെ പ്രഥമമായി വിദ്യാഭ്യാസവകുപ്പു് ഈ പരീക്ഷണം നടത്തുവാൻ തീരുമാനിച്ചതു്; നിർദ്ദേശിച്ചതു്. അന്നത്തെ പതിനൊന്നു് എഡ്യൂക്കേഷണൽ ഡിസ്ട്രിക്ടുകളിലും യുവജനോത്സവം അനുഷ്ഠിക്കപ്പെട്ടു. ഓരോ ഡിസ്ട്രിക്ടിലും ഉള്ള ഹൈസ്കൂളുകളിൽനിന്നു് വിവിധ കലാമത്സരങ്ങളിൽ വിജ

യികളായ വിദ്യാത്ഥികൾ ജില്ലാ യുവജനോത്സവ പരിപാടികളിൽ പങ്കുകൊണ്ടു. 1957 ജനുവരി 26-ാംതീയ്യതിപ്പബ്ലിക്കുദിനത്തിൽ ഏറണാകുളത്തുവച്ചു് സംസ്ഥാനയുവജനോത്സവം നടന്നു. ഡിസ്ട്രിക്ടു് ഫെസ്റ്റിവലുകളിൽവച്ചു തിരഞ്ഞെടുക്കപ്പെട്ട യുവകലാകാരന്മാരും കലാകാരികളും അവിടെ ഒന്നിച്ചണിനിരന്നു. വിജയികൾക്കു് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ സമ്മാനങ്ങൾ നേടുവാൻ കഴിഞ്ഞ ഡിസ്ട്രിക്ടിനു് പ്രത്യേകം റോളിംഗ്ഷീൽഡും സമ്മാനിച്ചു.

ഭാവികലാകാരന്മാരെ വിദ്യാത്ഥികളിൽനിന്നും ഉയത്തിയെടുക്കുകയെന്നുള്ള ലക്ഷ്യം മുമ്പിൽവച്ചുകൊണ്ടു് സമാരംഭിച്ച ഈ പരീക്ഷണത്തിനു് വിദ്യാത്ഥിലോകത്തിന്റെയും അദ്ധ്യാപകരുടെയും സർവോപരി ബഹുജനങ്ങളുടേയും അകമഴിഞ്ഞ സ്വീകരണമാണു് ലഭിച്ചതു്. 1958—1959 സ്കൂൾവർഷം കേരളത്തിലെ ഈ കലോത്സവപരിപാടി ഒരു ദേശീയ ഉത്സവംപോലെ രൂപംപ്രാപിക്കുകയുണ്ടായി.

സ്കൂൾതലം, ഡിസ്ട്രിക്ടുതലം, സ്റ്റേറ്റുതലം എന്നീ മൂന്നു ഘട്ടങ്ങളിൽത്തന്നെയാണു് യുവജനോത്സവം സംഘടിപ്പിക്കപ്പെടുന്നതു്. വിദ്യാത്ഥികളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസനയും സൗന്ദര്യാവബോധവും തട്ടിയുണർത്തുവാൻ അതു് പര്യാപ്തമാണു്. നൃത്തം, സംഗീതം, പ്രസംഗം, കഥനം എന്നീ കലകളിൽ ഒറ്റയായും നൃത്തം, സംഗീതം, ടാബ്ലോ, നിഴൽനാടകം, ഏകാങ്കനാടകം എന്നീ ഇനങ്ങളിൽ കൂട്ടായും മത്സരിക്കുവാനുള്ള സൗകര്യം കുട്ടികൾക്കു് ലഭിക്കുന്നു. യുവജനോത്സവപരിപാടികൾക്കു് സ്കൂൾതലത്തിൽ ഒക്ടോബർ മാസത്തിൽ രണ്ടുദിവസവും ഡിസ്ട്രിക്ടുതലത്തിൽ ഡിസംബർ മാസത്തിൽ മൂന്നുദിവസവും സ്റ്റേറ്റുതലത്തിൽ

ജനുവരിമാസത്തിൽ രണ്ടു ദിവസവും പ്രയോജനപ്പെടുന്നു. ഡിസ്ട്രിക്ട് യുവജനോത്സവ പരിപാടികൾ യഥാവിധി വിജയിപ്പിക്കുവാൻ മൂന്ന് ദിവസം അപര്യാപ്തമായിരുന്നു എന്ന് അനുഭവം തെളിയിക്കുന്നു. നിരവധി ഹൈസ്കൂളുകളിൽനിന്ന് ഡിസ്ട്രിക്ട് ഫെസ്റ്റിവലിൽ വിവിധ കലാമത്സരങ്ങളിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥികൾക്ക് അവരുടെ കലാവിരുത് അവതരിപ്പിക്കുവാൻ മതിയായ സാവകാശവും സൗകര്യവും സമയവും നൽകുക കേവലം മൂന്നു ദിവസത്തെ കാലയളവിൽ ആർക്കും സാദ്ധ്യമാവുകയില്ലല്ലൊ. മുപ്പതും നാല്പതും നാടകങ്ങൾ അവതരിപ്പിക്കുന്നതിനും സമ്മാനാർഹങ്ങളായ കലാപ്രകടനങ്ങൾ നിർണ്ണയിക്കുന്നതിനും എത്രമാത്രം സമയവും സാവകാശവും വേണ്ടിവരുമെന്ന് കണക്കാക്കാവുന്നതേയുള്ളൂ. ഡിസ്ട്രിക്ട് ലവലിൽ നടന്ന യുവജനോത്സവം, പരിപാടികളുടെയും, പങ്കാളികളുടെയും ബാഹുല്യംമൂലം, വേണ്ടത്രപോലെ വേണ്ടസമയത്തു് നിർവ്വഹിച്ചു് വിജയിപ്പിക്കുവാനും ബന്ധപ്പെട്ട ഏവരേയും സംതൃപ്തരാക്കുവാനും സംഘാടകർക്കു് അതുകൊണ്ടു് കഴിഞ്ഞില്ല എന്നുവേണം പറയുവാൻ. അതുകൊണ്ടു് ഡിസ്ട്രിക്ട് യുവജനോത്സവത്തിനെങ്കിലും കൂടുതൽ ദിവസങ്ങൾ നീക്കിവയ്ക്കുക എന്നുള്ളതാണു് ആവശ്യം. എന്നാൽ 1959-ൽ ഏറ്റവും കൂടുതൽ ശ്രമവും സമയവും ഉൾക്കൊള്ളുന്ന പരമപ്രധാനമായ ഒരു കലാപരിപാടി—നാടകമത്സരം യുവജനോത്സവ പരിപാടികളിൽനിന്നു് നീക്കംചെയ്തു. തന്മൂലം വിദ്യാർത്ഥികൾക്കു് പ്രിയംകരമായി പരിണമിച്ചിരുന്ന യുവജനോത്സവത്തിന്റെ വർണ്ണശബളിമയ്ക്കും, ആകർഷണീയതയ്ക്കും കുറവു് സംഭവിച്ചില്ലേ? അഭിനയകലയിൽ അഭിരുചിയും പ്രാഗത്ഭ്യവും ഉള്ള വിദ്യാർത്ഥികൾ, നാടകാവതരണത്തിനു കൂടി അവസരം ലഭിക്കാത്തതിൽ അസംതൃപ്തരാണെന്നു

വേണം പറയുവാൻ. മോണോ ആക്ടിംഗ്, ടാബ്ലൊ, ഷാടൊ പ്ലേ, എന്നീ ഇനങ്ങൾ യുവജനോത്സവപരിപാടികളിൽപ്പെടുന്ന വസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും ഏകാങ്കനാടകങ്ങൾ കൂട്ടായി അവതരിപ്പിച്ച് അഭിനയപാടവം പ്രകടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഉള്ള സൗകര്യം ലഭിക്കുന്നില്ലയെന്നുള്ളതും വിസ്മരിക്കുവാൻവയ്യ. ഏതാനും വർഷങ്ങൾക്കുമുൻപ് വിദ്യാലയങ്ങളിൽ തൊഴിൽവാരം ആചരിച്ചിരുന്നു. അതുപോലെ യുവജനോത്സവത്തിനും ഒരുവാരം ജില്ലാലവലിലെങ്കിലും നീക്കിവയ്ക്കുന്നതു് അഭിലഷണീയമായിരിക്കും.

1959 ജനുവരി 25–ം 26–ം തീയതികളിൽ പാലക്കാട്ടുവച്ചു് സ്റ്റേറ്റ് യൂത്തുഫെസ്റ്റിവൽ നടത്തപ്പെട്ടു. ആകെ 17 ഡിസ്ട്രിക്ട്കളിലും ഡിസംബർമാസത്തിൽ സംഘടിപ്പിച്ചിരുന്ന യുവജനോത്സവകലാമത്സരങ്ങളിൽ സമ്മാനാർഹരായ വിദ്യാർത്ഥികളെല്ലാം അതിൽ പങ്കെടുത്തു. വിജയംനേടിയ 65 പേർക്കു് വിദ്യാഭ്യാസഡയറക്ടർ പാരിതോഷികങ്ങളും സർട്ടിഫിക്കറുകളും നൽകുകയുണ്ടായി. "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വാച്ചിടുന്ന" 68 കലാകാരന്മാരെ 1959–ലെ യുവജനോത്സവം ഉയർത്തിക്കാണിച്ചു.

1960–ലും സംസ്ഥാനയുവജനോത്സവം, റിപ്പബ്ലിക്കിനത്തോടനുബന്ധിച്ചു യഥോചിതം നടത്തുകയുണ്ടായി. സെക്കൻററിവിദ്യാലയങ്ങളിലെ പാഠ്യേതരപ്രവർത്തനങ്ങളിൽ യൂത്തുഫെസ്റ്റിവലിനു സ്തുത്യർഹമായ പ്രതിഷ്ഠ ലഭിച്ചിരിക്കുകയാണു്.

കലാപരിശീലനത്തിന്റെ ആവശ്യം

കലാപരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു്, മുമ്പു തിരുവിതാംകൂറിൽ മ്യൂസിക് കാൺഫറൻസു്

ഉൽഘാടനവേളയിൽ ശ്രീ. സി. ആർ. റെഡ്ഡി പ്രസംഗിക്കുകയായിരുന്നു. ലണ്ടനിൽ വാർകൗൺസിൽ (War council) സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഇന്ത്യയിൽനിന്നു ചില രാഷ്ട്രീയനേതാക്കന്മാർ യാത്ര പുറപ്പെടുന്ന അവസരം; ശ്രീ: റെഡ്ഡി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സന്ദർഭോചിതമായി ഇപ്രകാരം പ്രസ്താവിച്ചതായി കേട്ടിട്ടുണ്ട്. "ഈ രാഷ്ട്രീയക്കാർക്കു പകരം ഭാഗവതരന്മാരെ അവിടെ നിയോഗിച്ചിരുന്നുവെങ്കിൽ, യുദ്ധകാര്യസമ്മേളനനടപടികൾ അതി കലാകാരന്മാരുടെ സംഗീതത്തോടുകൂടി സമാരംഭിച്ചിരുന്നുവെങ്കിൽ, ഒരിക്കലും ഈ നശിച്ച യുദ്ധം പൊട്ടിപ്പുറപ്പെടുമായിരുന്നില്ല". അത്ഭുതകരമായി മനുഷ്യപ്രകൃതിക്കു മനുഷ്യന്റെ സ്വഭാവത്തിനു പരിവർത്തനം വരുത്തുവാൻ കലാപരിശീലനത്തിനു്, കലോദ്ദീപകമായ വിദ്യാഭ്യാസത്തിനുള്ള മാസ്മരശക്തിവിശേഷം അപ്രമേയമാണെന്നും അദ്ദേഹം ഭംഗ്യന്തരേണ സൂചിപ്പിക്കുകയായിരുന്നു. ഇന്നത്തെ വിദ്യാർത്ഥികളുടെ ഇടയിലുള്ള അച്ചടക്കരാഹിത്യപ്രവണതകൾ പലതും പാഠപദ്ധതിയിൽ കലാപരിശീലനത്തിനും പരിപോഷണത്തിനും സമയവും സൗകര്യവും കൊടുത്താൽ പരിഹൃതമാവുമെന്നതാണു് അനുഭവം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു്. സ്വഭാവശുദ്ധവല്ക്കരണത്തിനും ശിക്ഷണബോധത്തിനും യുവജനോത്സവംപോലെയുള്ള "പാഠ്യേതരപരിപാടികൾ"ക്കു നല്ല സംഭാവന നൽകുവാൻ കഴിയും.

മനുഷ്യനിൽ അന്തർലീനമായ സഹജാവബോധം— അന്തർജ്ഞാനം എന്നീ ശക്തിവിശേഷം ഹൃദയവികാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സിദ്ധിയെ തട്ടിയുണർത്തുവാൻ മാനുഷികവികാരങ്ങളെ വിശുദ്ധീകരിക്കുക കലകൾക്കു വികാരങ്ങളെ നേർവഴിക്കു നയിക്കുവാൻ കഴിയും.

അന്തർജ്ഞാനം എന്ന ഗുണവിശേഷം ഒരു കലാകാരനിൽ സവ്വാത്മനാ കുടിയാടുന്നു. മഹാത്മാക്കൾ ആ അന്തർജ്ഞാനമണ്ഡലത്തിൽനിന്നാണു് മഹത് സന്ദേശങ്ങൾ ലോകത്തിനു സംഭാവന നൽകുക. അതു കണ്ടു് മഹോന്നതമായ സിദ്ധികൾക്കു് അധിഷ്ഠിതമായ ഹൃദയവികസനം സാധിക്കുകയെന്ന മൗലികപ്രധാനമായ ആവശ്യമാണു് കലാപരിശീലനംകൊണ്ടു നിവ്വഹിക്കേണ്ടതു്.

അതുകൊണ്ടു് വിദ്യാർത്ഥികളുടെ സവ്വതോമുഖമായ വളർച്ചയും വികാസവുമാണു് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെങ്കിൽ ബുദ്ധിപരവും ശാരീരികവുമായ പരിശീലനം മാത്രമല്ല, അതിലുപരി ഹൃദയവികാസത്തിനും കൂടിയുള്ള പരിശീലനം കുട്ടികൾക്കു ലഭിക്കുവാൻ പാഠപദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ടു്. വിലപ്പെട്ട മാനുഷികമൂല്യങ്ങളുടെ കലവറയായ ശിശുഹൃദയം വിദ്യാലയജീവിതകാലത്തുതന്നെ ബുദ്ധിശക്തിയേയും ശരീരശക്തിയേയുംപോലെ വളരുകയും വികസിക്കുകയും വേണം. അതുകൊണ്ടു് കലാപരിശീലനം വിദ്യാലയങ്ങൾക്കു് അനുപേക്ഷണീയമാണു്. ഈ വഴിക്കു് വിദ്യാഭ്യാസവകുപ്പു ചിന്തിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിതു്. ഇന്നു് "പാഠ്യേതരപദ്ധതി"യിലാണെങ്കിലും യുവജനോത്സവത്തിനു തുടക്കത്തിലേതന്നെ എല്ലാ ജനവിഭാഗങ്ങളുടേയും സ്വീകരണവും പിൻതുണയും സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. വിദ്യാർത്ഥികൾക്കു കലാപരിശീലനം നൽകുന്ന ഈ കലോത്സവപരിപാടി മൂന്നു ഘട്ടങ്ങളിലും സംവിധാനം ചെയ്യുന്നതിലും പ്രയോജനകരമാക്കിത്തീർക്കുന്നതിലുമാണു് ഈ പരീക്ഷണത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നതു്.

വിദ്യാലയങ്ങളിലെ തൊഴിൽവാരം.

സാമൂഹ്യപരിശീലനത്തിന്റെ ഒരു പരീക്ഷണം.

വിദ്യാഭ്യാസം ജീവിതവുമായി കൂടുതൽ കൂടുതൽ ബന്ധിപ്പിക്കുക; അതാണു വിദ്യാഭ്യാസനവീകരണത്തിന്റെ ലക്ഷ്യം. ജീവിതത്തിലൂടെ ജീവിതത്തിനുവേണ്ടിയുള്ള ഒരു വിദ്യാഭ്യാസക്രമത്തിനു രൂപം നൽകിക്കൊണ്ടിരിക്കുന്ന കാലഘട്ടവുമാണല്ലൊ ഇതു്. ജീവിതവും വിദ്യാഭ്യാസവും തമ്മിലുള്ള വിടവു് അടയ്ക്കുവാനുള്ള പരിശ്രമങ്ങൾ പലതും നമ്മുടെ രാജ്യത്തു നടത്തിയിട്ടുണ്ടു്; നടത്തുന്നുമുണ്ടു്. സാമൂഹ്യപരിശീലനത്തിനുള്ള പരീക്ഷണങ്ങൾ വിദ്യാലയങ്ങളിൽ ആരംഭിച്ചിട്ടുമുണ്ടു്. അതാണു വിദ്യാലയങ്ങളിൽ കൂടെമെമ്പു പരീക്ഷിച്ച തൊഴിൽവാരാചരണം

ഇൻഡ്യയിൽ ഇടംപ്രഥമമായി, സാമൂഹ്യപരിശീലനപരീക്ഷണം തൊഴിൽവാരാചരണമായി വിദ്യാലയ

ങ്ങളിൽ ഏർപ്പെടുത്താൻ ശ്രമിച്ചതു് ജമ്മു-കാഷ്മീർ സ്റ്റേററിലാണെന്നു തോന്നുന്നു. അതിന്റെ വിജയമാണു് ഈ സ്റ്റേററിലെയും വിദ്യാഭ്യാസാധികൃതരെ ആ പരീക്ഷണത്തിനു പ്രേരിപ്പിച്ചതു്.

തൊഴിൽവാരം തിരു-കൊച്ചിയിൽ

തിരു-കൊച്ചിയിലുള്ള വിദ്യാലയങ്ങളിൽ 1953-54-സ്കൂൾവർഷത്തിൽ ആദ്യമായി തൊഴിൽവാരപരീക്ഷണം നടത്തുകയുണ്ടായി 1954 ജനുവരി 25-ാംതീയതിമുതൽ 31-ാംതീയതിവരെ വിദ്യാർത്ഥികളിൽ അദ്ധ്വാനത്തിന്റെ അന്തസ്സിനെപ്പററി ബോധം അങ്കുരിപ്പിക്കുക, ചുററുപാടുമുള്ള ജീവിതരീതികളിൽ പങ്കുകൊള്ളുന്നതിനു വിദ്യാർത്ഥികളെ ഉദ്യുക്തരാക്കുക; പ്ലാൻ അനുസരിച്ചു് അച്ചടക്കത്തോടുകൂടി സംഘടിതമായി തൊഴിലുകൾ ചെയ്യുവാൻ പരിശീലനം നൽകുക; വിദ്യാർത്ഥികളുടെ ഉത്സാഹപ്രകർഷത്തെയും, വാസനാവിശേഷങ്ങളെയും, അമൂല്യസിദ്ധികളെയും സമുദായത്തിനുവേണ്ടി പ്രയോജനപ്പെടുത്തുക ഇവയെല്ലാമായിരുന്നു ഈ തൊഴിൽവാരാചരണംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. അതുകളുടെ സാക്ഷാൽക്കരണത്തിനുവേണ്ടി സ്ക്കൂൾകെട്ടിടങ്ങളിൽ വെള്ളയടിക്കുക, സ്ക്കൂൾവളപ്പുകൾ നിരത്തുകയും വെടിപ്പാക്കുകയും ചെയ്യുക, ഉപകരണങ്ങൾ വൃത്തിയാക്കുക, കളിസ്ഥലങ്ങൾ വെട്ടിയുണ്ടാക്കുക, മതിലുകളും മൂത്രപ്പുരകളും നിർമ്മിക്കുക, ക്ലൂട്ടവളക്കുഴികൾ ഉണ്ടാക്കുക, തെരുവുകളും മററും ശുചിയാക്കുക, തോട്ടങ്ങളും, റോഡുകളും, തോടുകളും നന്നാക്കുക, ഇങ്ങനെ സ്കൂളിനകത്തും പുറത്തും പ്രയോജനപ്രദമായ അദ്ധ്വാനപരിപാടികൾ അതിൽ ഉൾക്കൊള്ളിക്കുകയും

ചെയ്തിരുന്നു. തിരു-കൊച്ചി സംസ്ഥാനത്തുള്ള അറന്നൂറിൽപരം സ്ക്കൂളുകളിൽ നടത്തിയ പ്രസ്തുത പരീക്ഷണത്തിന്റെ ഫലമായി മൂന്നുലക്ഷം രൂപായുടെ ജോലികൾ വിദ്യാർത്ഥികളുടെ സേവനംമൂലം ചെയ്തീർത്തിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടു. അങ്ങനെ പ്രഥമപരീക്ഷതന്നെ പ്രതീക്ഷയിൽകവിഞ്ഞ വിജയമായിരുന്നു.

രണ്ടാംതൊഴിൽവാരം

1954-'55 സ്ക്കൂൾവർഷത്തിൽ '54 അക്ടോബർ 11-ാംതീയതിമുതൽ 16-ാംതീയതിവരെയാണു് സംസ്ഥാനവ്യാപകമായി വിദ്യാലയങ്ങളിൽ തൊഴിൽവാരം ആചരിക്കപ്പെട്ടതു്. ആദ്യത്തെ തൊഴിൽവാരം അദ്ധ്യാനത്തിനനുഗുണമായ കാലാവസ്ഥയുള്ള മാസത്തിലല്ല ആചരിക്കപ്പെട്ടതെന്നുള്ളതു് അതിന്റെ ന്യൂനതയായിരുന്നു. ആ കുറവു് പരിഹരിക്കുവാനാണു് തൊഴിൽവാരം രണ്ടാംപ്രാവശ്യം അക്ടോബർമാസത്തിലാക്കിയതു്. രണ്ടാമത്തെ തൊഴിൽവാരപരിപാടികളിൽ സ്ക്കൂൾകെട്ടിടങ്ങൾ നന്നാക്കുന്നതിനും വെടിപ്പായി സൂക്ഷിക്കുന്നതിനും മുൻഗണന നല്കുകയുണ്ടായി. സ്കൂൾകെട്ടിടങ്ങളും അകസാമാനങ്ങളുമലക്ഷ്യമായി കൈകാര്യം ചെയ്യുക, ഭിത്തികളിൽ ചിത്രം വരയ്ക്കുക, ഭിത്തിസാഹിത്യം രചിക്കുക, കതകു്, കുറ്റി, കൊളുത്തു് ഇവ നശിപ്പിക്കുക, ബഞ്ചു്, മേശ, ഡസ്കു്, ബോർഡു് എന്നിവയുടെ കാലുകൾ ഇളക്കുക, ഇത്തരത്തിലുള്ള വിദ്യാർത്ഥികളുടെ ദുർവ്യസനകളെ ഇല്ലായ്മചെയ്യുന്നതിനു തൊഴിൽവാരപരിപാടികൾ സഹായകമാകണമെന്നു നിശ്ചയിക്കുകയുണ്ടായി. സ്വഭാവസംസ്കരണം, പെരുമാറ്റരീതി, മര്യാദാചരണം എന്നിവ അഭ്യസിക്കുന്നതിനും, അദ്ധ്യാപകവിദ്യാർത്ഥിബന്ധം ആരോഗ്യകരമായി പുലർത്തുന്ന

തീരുമാനം ഇത്തരത്തിലുള്ള തൊഴിൽവാരാചരണംകൊണ്ടു സാധിക്കും. നമ്മുടെ രണ്ടാമത്തെ തൊഴിൽവാരവും പൂർവ്വാധികം വിജയകരമായിരുന്നു സാമൂഹ്യപരിശീലനത്തിന്റെ ഒരു പരീക്ഷണമായി ആരംഭിച്ച തൊഴിൽവാരം വിദ്യാലയത്തിലെ ഒരു വർഷത്തെ സാധാരണ പ്രവർത്തനപരിപാടിയിലെ ഒരു ഭാഗമായി പരിണമിപ്പിക്കുക. ഈ പരീക്ഷണത്തിന്റെ ലക്ഷ്യങ്ങൾ എത്രകണ്ടു് സാക്ഷാൽക്കരിക്കപ്പെട്ടുവെന്നുള്ളതു് എന്നു പഠിക്കുവാനുള്ള മൂന്നാമത്തെ അവസരവും ലഭിച്ചു. 1955 അക്ടോബർമാസം 17-ാംതീയതിമുതൽ ആറുദിവസം നീണ്ടുനിന്ന 'ലേബർവീക്കി'നുവേണ്ടിയും ഈ സംസ്ഥാനത്തിലെ വിദ്യാലയങ്ങൾ പ്രയോജനപ്പെടുത്തി.

തൊഴിൽവാരപരിപാടികളും പൊതുസഹകരണവും

തൊഴിൽവാരപരിപാടികളിൽ തൊഴിലുകൾ ശരിയായി തിരഞ്ഞെടുത്തു് അവയെ പ്രഗത്ഭമായി പ്രയോഗക്ഷമമാക്കണമെങ്കിൽ പരമാവധി പൊതുജനസഹകരണം നേടുക എന്നുള്ളതു് അനിവാര്യമാണു്. ഓരോ പള്ളിക്കൂടത്തിനും പ്രാന്തപ്രദേശത്തിനും പറ്റിയ ജോലികളായിരിക്കണം തിരഞ്ഞെടുക്കേണ്ടതു്. സമയവും കഴിവും ഒരു പരിതഃസ്ഥിതിയിലും ദുർവ്യയം ചെയ്യരുതു് എന്ന തത്വം തൊഴിൽവാരപരിപാടികളാസൂത്രണം ചെയ്യുമ്പോൾ സ്കൂൾ അധികൃതർ ഓർമ്മവയ്ക്കേണ്ടതുണ്ടു്. തൊഴിൽവാരാചരണത്തിനു് ഉപദേശകസമിതി ഓരോ സ്കൂളിലും രൂപീകരിക്കുകയുണ്ടായി. രക്ഷാകർത്താക്കളുടേയും അഭ്യുദയകാംക്ഷികളുടേയും, അദ്ധ്യാപകരുടേയും ഉപദേശകസമിതി, കമ്മ്യൂണിറ്റിപ്രൊജക്ട്, എൻ. ഈ. എസ് ബ്ലോക്ക് എന്നിവയിലെ ഉദ്യോഗസ്ഥന്മാരുടെ സഹകരണവും നേടണമെന്നു്

പ്രത്യേകം നിഷ്കർഷിച്ചിരുന്നു. തൊഴിൽവാരപരിപാടികളിൽ സ്കൂളിനകത്തും പുറത്തും നിർവഹിക്കാവുന്ന തൊഴിലുകൾക്കു പ്രാധാന്യം കൊടുക്കുകയാണു ചെയ്തതു്.

തൊഴിൽവാരപരീക്ഷണം കാഷ്മീരിൽ

1939-45 വർഷങ്ങളിൽ തൊഴിൽവാരം കാഷ്മീരിലുള്ള വിദ്യാലയങ്ങളിൽ പരീക്ഷിക്കപ്പെട്ടു. അതു വളരെ പ്രയോജനപ്രദവും രസാവഹവും ആയിരുന്നു. ആ പരീക്ഷണത്തിന്റെ റിപ്പോർട്ടു് എല്ലാകേന്ദ്രങ്ങളിലും കൗതുകം ജനിപ്പിക്കുകയുണ്ടായി.

അദ്ധ്യാനത്തിന്റെ അന്തസ്സിനെപ്പറ്റി ബോധം ജനിപ്പിക്കുന്നതോടൊപ്പം സാമൂഹ്യജീവിതമയ്യാടകം അഭ്യസിപ്പിക്കുന്നതിനുംകൂടിയുള്ള ഒരു പരിശ്രമമാണു് തൊഴിൽവാരപരീക്ഷണത്തിൽ നാം ദർശിക്കുന്നതു്. വിദ്യാർത്ഥികളുടെ സാമൂഹ്യാദർശങ്ങളിലും ആചാരങ്ങളിലും ആചാരങ്ങളിലും നൂതനമായ പരിവർത്തനം ഉണ്ടാക്കുന്നതിനു് അങ്ങനെ ആത്മാർത്ഥവും അവധാനവുമായ പരിശ്രമം നടത്തുക; രചനാത്മകവും അമൂല്യവുമായ സാമൂഹ്യപ്രവർത്തനങ്ങൾ കൂട്ടായി നിറവേറ്റുന്നതിനുള്ള പ്രാപ്തി വികസിപ്പിക്കുക, അദ്ധ്യാനത്തിൽ അഭിനിവേശവും അഭിമാനവും അന്തസ്സും ജനിപ്പിക്കുക ഈ ലക്ഷ്യങ്ങൾക്കു് ഏറ്റവും പറ്റിയ മാർഗ്ഗം തൊഴിൽവാരാചരണമല്ലെങ്കിൽപിന്നെ മറ്റെന്താണു്? എല്ലാ വിദ്യാർത്ഥികളെയും സേവനത്തിന്റെയും അദ്ധ്യാനത്തിന്റെയും സഹകാരികളാക്കിക്കൊണ്ടു്, അണിനിരത്തുക പ്രവർത്തനരംഗത്തു്. അതാണു തൊഴിൽവാരത്തിൽ വിദ്യാലയങ്ങളിൽ കണ്ടെത്തിയതു്. ഏറ്റവും നീചമെന്നു കരുതിപ്പോരുന്ന തൊഴിലുകൾപോലും സഹകരണത്തിന്റെയുംസൗഭ്രാതൃത്തിന്റെയുംസന്ദേശവുംപേറിക്കൊണ്ടു

ഭേദബുദ്ധിക്രൂടാതെ വിദ്യാർത്ഥികൾ ഏറെറടുക്കുന്ന ചിത്രം തൊഴിൽവാരത്തിലൂടെ ദൃശ്യമാണു്. വിദ്യാർത്ഥികൾക്കു തങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളും വാസനകളും പ്രകടിപ്പിക്കാനുള്ള സന്ദർഭമാണു തൊഴിൽവാരം പ്രദാനംചെയ്യുന്നതു്.

തൊഴിൽവാരപരിപാടികൾക്കു കാലദേശാനുസൃതമായ രൂപീകരണം കൈവരുത്തി കാര്യക്ഷമമാക്കുകയാണു് ഓരോ സ്ക്കൂളിലും ചെയ്യേണ്ടതു്; അതിനാണു് അധികൃതർ നിർദ്ദേശം കൊടുക്കേണ്ടതു്. അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും അതതു സ്ക്കൂളിന്റെ പരിതഃസ്ഥിതിക്കൊത്തു് ഔൽസുക്യം ജനിപ്പിക്കത്തക്കവണ്ണം എല്ലാ പരിപാടികൾക്കും നൈസർഗ്ഗികതയും ആകർഷണീയതയും ക്രിയാത്മകതയും കൈവരുത്തേണ്ടതാണു്. ഓരോ സ്ക്കൂളിലേയും പ്രത്യേക പരിതഃസ്ഥിതികളെയും ആവശ്യങ്ങളെയുംകുറിച്ചു പഠിച്ചു് ഏതു രീതിയിലുള്ള തൊഴിൽ ഏറെറടുത്താലാണു് കൂടുതൽ പ്രയോജനകരമെന്നു വിലയിരുത്തേണ്ട ചുമതല അതതു സ്ക്കൂളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും നിക്ഷിപ്തമാണു്. ഇതാണു കാഷ്മീറിലെ പുതിയ പരീക്ഷണം നൽകിയ സന്ദേശം.

വിദ്യാഭ്യാസപുനഃസംവിധാനലക്ഷ്യങ്ങളിൽ ഒന്നു് സാമൂഹ്യസദാചാരബോധം അദ്ധ്യേതാക്കളിൽ കുത്തിവയ്ക്കുകയും ദൃഢമൂലമാക്കുകയും ചെയ്യുക എന്നുള്ളതാണു്. നിലവിലുള്ള വിദ്യാഭ്യാസപദ്ധതിക്കു് എതിരെ ആക്ഷേപങ്ങൾ പലതും പൊന്തിവന്നിട്ടുണ്ടു്. വിദ്യാലയലോകവും ബാഹ്യലോകവും തമ്മിൽ വിടവുണ്ടാക്കുവാനുള്ള പ്രവണത ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്കുണ്ടു്. അഭ്യസ്തവിദ്യരെ ഇതരജനവിഭാഗവുമായി അകറി കന്മതിൽകെട്ടുന്ന—അഭ്യസ്തവിദ്യർ കൈത്തൊഴിലുകളെ പുച്ഛിച്ചു തരംതാഴ്ത്തുന്ന—തൊഴിലാളിവർഗ്ഗത്തെ

അധഃസ്ഥിതമനുഷ്യസമൂഹമായി പരിഗണിക്കുന്ന ദുഷിച്ച വാസനയാണ് നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം കുട്ടികളിൽ ഉണ്ടാക്കുന്നതു്. കാഷ്മീറിലെ വിദ്യാഭ്യാസാധികൃതർ കാലേക്കൂട്ടി ഈ പ്രശ്നം പഠിച്ചു് തല്പരിഹാരാർത്ഥം പദ്ധതികൾ ആസൂത്രണം ചെയ്യുകയുണ്ടായി. അതിന്റെ ഒരു ഭാഗംമാത്രമാണു തൊഴിലുകളുടെ പ്രോത്സാഹനത്തിനും അന്തസ്സിനുംവേണ്ടി, അവിടെ എല്ലാ ക്ലാസ്സുകളിലും പ്രയോഗത്തിൽവരുത്തിയ Activity period-ം, ആണ്ടിലൊരിക്കൽ വിദ്യാലയങ്ങളിൽ ആചരിക്കുവാൻ ഏർപ്പാടുചെയ്ത Labour week-ം മഹത്തായ സാമൂഹ്യസേവനത്തിന്റേയും ആദരണീയമായ അദ്ധ്വാനത്തിന്റേയും പാഠമായ പ്രവൃത്തികളിലൂടെയുള്ള പഠനം (Learning by doing) ആണു് ഈ തൊഴിൽവാരം വിദ്യാർത്ഥികൾക്കു് സംഭാവന ചെയ്യുക. 1939-ൽ കേവലം ഒരു പരീക്ഷണം മാത്രമായിട്ടു് ആരംഭിച്ച ഈ തൊഴിൽവാരം ആറു വർഷക്കാലംകൊണ്ടു് കാഷ്മീറിൽ സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഒരവിഭാജ്യഘടകമായി തുടരുകയുണ്ടായി. ഇവിടെ മൂന്നുവർഷംമാത്രം. തുടക്കത്തിൽ ചില രക്ഷകർത്താക്കളുടെ എതിർപ്പു് ഈ പ്രസ്ഥാനത്തിനു കാഷ്മീറിൽ അഭിമുഖീകരിക്കേണ്ടിവന്നു. പ്രഥമപരീക്ഷണം കഴിഞ്ഞതോടെ രക്ഷകർത്താക്കളുടേയും ബഹുജനങ്ങളുടേയും ആനുകൂല്യവും സഹകരണവും നേടുവാൻ അതിനു പ്രയാസം നേരിട്ടില്ല. തൊഴിൽവാരത്തിന്റെ വിജയവും നേട്ടവും ഭാഗികമായിട്ടു പരിപാടികളുടെ പ്ലാനിംഗിനേയും അദ്ധ്യാപകരുടെ പ്രവർത്തിസന്നദ്ധതയേയും ആശ്രയിച്ചാണിരിക്കുന്നതെന്നു് കാഷ്മീറിലെ പരീക്ഷണം തെളിയിച്ചു.

തൊഴിൽവാരപരീക്ഷണത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചു സമഗ്രമായി ചർച്ചചെയ്യുന്നതിനും പഠിക്കുന്നതി

നംവേണ്ടി വിദ്യാഭ്യാസാധികൃതരുടെ ഒരു കാൺഫറൻസ് ആദ്യഘട്ടം കഴിഞ്ഞതിനുശേഷം ജമ്മുവിൽ വച്ചു നടത്തപ്പെട്ടു. ഡിപ്പാർട്ടുമെൻറു സക്കുലറിൻെറ പേരിൽ യാന്ത്രികമായിട്ടല്ല ഈ പരീക്ഷണം സ്കൂളുകളിൽ പ്രയോഗത്തിൽ വരുത്തേണ്ടതെന്ന് ആ കാൺഫറൻസ് വ്യക്തമാക്കി. ഉല്പാദനത്തിൻെറയും സാമൂഹ്യസേവനത്തിൻേറയും ആദർശങ്ങളാണു തൊഴിൽവാരത്തിൻെറ അടിസ്ഥാനം. പാടങ്ങളിലും പറമ്പുകളിലും പണിയെടുക്കുന്ന പാവപ്പെട്ട സഹജീവികളുമായിട്ടുള്ള സഹകരണബോധം അദ്ധ്യേതാക്കളിൽ സംജാതമാക്കുക; ബോധപൂർവ്വം പരീക്ഷണത്തിൽ സഹകരിക്കാനുള്ള ഔൽസുക്യം അവരിൽ ജനിപ്പിക്കുക ഇതാണു തൊഴിൽവാരത്തിൻെറ പരമോദ്ദേശ്യമെന്നു് ആ കാൺഫറൻസ് പ്രഖ്യാപിച്ചു.

കാശ്മീർ തൊഴിൽവാര സംവിധാനത്തിൻെറ മറെറാരു സവിശേഷത സ്കൂൾ ഇൻസ്പെക്ടർമാർ ഹെഡ്മാസ്റ്ററന്മാരുടെ കാൺഫറൻസു വിളിച്ചുകൂട്ടുകയും തൊഴിൽവാരത്തിൻെറ പ്രാധാന്യത്തെയും ലക്ഷ്യത്തെയുംകുറിച്ചു വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തുഎന്നുള്ളതാണു്. സാമാന്യമായി തൊഴിൽവാരാചരണത്തിൽ ഉൾക്കൊള്ളിക്കേണ്ട തൊഴിൽപരിപാടികൾക്കു രൂപവും ഭാവവും കൊടുക്കുവാനും ആ സമ്മേളനം പ്രയോജനപ്പെട്ടു. എന്തായിരുന്നു അങ്ങനെ കരുപ്പിടിപ്പിച്ച തൊഴിൽവാരപരിപാടികളുടെ സാമാന്യരൂപം? ക്ലാസ്സുമുറികൾ വെള്ളയടിക്കുക, മേൽക്കൂരകൾക്കാവശ്യമുള്ള ചെളിപൂശുക, മുറികൾ, വരാന്ത, പുരയിടം, തോട്ടം, കളിസ്ഥലം ഇവ നന്നാക്കുകയും വൃത്തിയാക്കുകയും ചെയ്യുക, മതിലുകളുടേയും വേലികളുടേയും കേടുപാടുകൾ തീർക്കുക, അകസാമാനങ്ങൾ വൃത്തിയാക്കുകയും, പാളിഷ് ഇടുകയും ചെയ്യുക, ചാർട്ടുകളും

ചട്ടങ്ങളും തയാറാക്കുക, സ്കൂളിലേക്കുള്ള വഴികളിലും റോഡുകളിലും ഉള്ള കുഴികളും കുന്നുകളും നീക്കംചെയ്യുക, പൊതുനിരത്തുകൾ ശുദ്ധിയാക്കുക, റോഡുകളും പൂൽത്തകിടികളും നന്നാക്കുക ഇവയെല്ലാമാണ് ഹെഡ്മാസ്റ്റർന്മാരുടെ ആ സമ്മേളനം തൊഴിൽവാരത്തിനുവേണ്ടി നീക്കിവച്ചതു്. കാഷ്മീരിലെ വിവിധവിദ്യാലയങ്ങളിൽ തൊഴിൽവാരത്തിൽ ആ പരിപാടികൾ പ്രാവർത്തികമാക്കുകയുണ്ടായി. കൂടുതൽ ചെലവുകൾ ഒന്നും അതിലേക്കു വേണ്ടിവന്നില്ല. ഈ പരീക്ഷണത്തിന്റെ പരിപാടികളാണ് പിൽക്കാലത്തു ലേബർവീക്കിന്റെ പ്രവർത്തനങ്ങൾക്കു പ്രേരണ നൽകിയതു്. തിരു-കൊച്ചിയിലുള്ള വിദ്യാലയങ്ങളിൽ മൂന്നവർഷക്കാലമായി പരീക്ഷിച്ചുനോക്കിയ തൊഴിൽവാരത്തിന്റേയും അസ്ഥിവാരം അതാണു്.

തൊഴിൽവാരത്തിൽ കൃതകൃത്യരായ അദ്ധ്യേതാക്കൾക്കും അദ്ധ്യാപകർക്കും This is my school because I have made it with the labour of my hands" എന്നു് അഭിമാനപുരസ്സരം അവകാശപ്പെടുന്നതിനേക്കാൾ മറെറന്താണു് ആനന്ദകരമായിട്ടുള്ളതു് ?

അധികൃതശ്രദ്ധപതിയേണ്ട കാര്യങ്ങൾ:-

ഇനി ലേബർവീക്കിൽ സ്കൂൾ അധികൃതർ ഓർമ്മവയ്ക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നുകൂടി പഠിശോധിക്കാം.

തൊഴിൽവാരത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തൊഴിലുകൾക്കു ശരിയായ പ്ലാനിംഗും ക്രമീകരണവും ആവശ്യമുണ്ടു്. അദ്ധ്യാപകരും വിദ്യാർത്ഥികളും ഏകോപിച്ചു പ്രസ്തുത പരിപാടികൾ ആസൂത്രണം ചെയ്യുക.

തൊഴിലുകളുടെ നിർദ്ദിഷ്ട ലക്ഷ്യങ്ങളിലും പ്രധാനമായ നിർവഹണത്തിലും വ്യക്തമായ ബോധം വിദ്യാർത്ഥികൾക്കുണ്ടാക്കണം. അതിന്റെ ആഘാത പ്രത്യാഘാതങ്ങളും അവരിൽ എന്തെല്ലാമാണുണ്ടാക്കുന്നതെന്ന് സസൂക്ഷ്മം നിരീക്ഷണം ചെയ്യണം. തങ്ങളുടെ സ്കൂളിനും സമുദായത്തിനുംവേണ്ടി സ്വന്തം വാസനകളും സിദ്ധികളും അർപ്പിച്ച് സേവനമനുഷ്ഠിക്കുകയാണവർ ചെയ്യുന്നതെന്ന് അറിയുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. സേവനത്തെക്കാൾ വലിയ ലക്ഷ്യവും ചുമതലയും ജീവിതത്തിൽ വേറെയില്ല എന്ന സാമൂഹ്യബോധം വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കണം.

തൊഴിൽവാരത്തിലെ പ്രവർത്തനങ്ങളും പള്ളിക്കൂടങ്ങളിലെ സാധാരണ പാഠവിഷയങ്ങളും തമ്മിൽ ബന്ധിപ്പിക്കാമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. തൊഴിൽവാരത്തിൽ നിർവഹിക്കപ്പെട്ട തൊഴിലുകളെക്കുറിച്ച് റിപ്പോർട്ട് തയാറാക്കുവാൻ ക്ലാസ്സുമുറികൾ ഉപയോഗിക്കുന്നതു കൊള്ളാം. തൊഴിൽവാരത്തിലെ അനുഭവത്തെക്കുറിച്ച് കഥാകഥനം നടത്തുവാനും കാമ്പോസിഷൻക്ലാസ്സുകൾ വിനിയോഗിക്കാവുന്നതാണ്. തൊഴിൽവാരത്തിൽ നടത്തിയ റിപ്പയറിംഗിനും മറ്റും വേണ്ടിവരുന്ന ചെലവ് കണക്കാക്കുന്നതിന് ആവശ്യമുള്ള കഴിവ് വികസിപ്പിക്കണം. തൊഴിൽവാരപാഠങ്ങൾ പ്രയോജനപ്പെടുത്താവുന്നതേയുള്ളൂ. പാഠപദ്ധതിയും തൊഴിൽവാര പരിപാടികളും തമ്മിൽ ബന്ധമുള്ള കാമ്പോസിഷൻ സ്ഫുടതയും സ്വാഭാവികതയും കൂടും.

കുട്ടികൾക്ക് കൈത്തൊഴിലുകളുടേയും റിപ്പയറിംഗ് ജോലികളുടേയും ഗുണവും ഗ്രുണവും മെച്ചപ്പെടുത്തുവാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുവാനും തൊഴിൽവാരം അവസരംനൽകുന്നു. ചെ

യ്യാൻ കൊള്ളാവുന്നതു് ഏതായാലും എപ്പോഴും നന്നായിട്ടു് ചെയ്യണം ("Anything that is worth doing at all is worth doing well") എന്ന തത്വബോധം വിദ്യാർത്ഥികളിൽ ഉളവാക്കുന്നതിനും സാമൂഹ്യപരിശീലനത്തിലെ ഒരു പരീക്ഷണമായ അദ്ധ്യാനവാരം ഉപകരിക്കും. എങ്കിലും ഈ സാമൂഹ്യ പരിശീലന പരീക്ഷണത്തെ പാഠപദ്ധതിയിലെ ഒരു വ്യവസ്ഥിതഭാവമായി പരിണമിപ്പിക്കുവാൻ കേരളത്തിനു് ഇനിയും കഴിയേണ്ടിയിരിക്കുന്നു.

ശിശുദിനം

നവംബർ 14-ാംതീയതി പ്രധാനമന്ത്രി നെഹ്റുവിന്റെ ജന്മദിനമാണു്. അന്നാണു് ശിശുദിനവും. പ്രധാനമന്ത്രിയുടെ ജന്മദിനം ഭാരതമൊട്ടാകെ ശിശുദിനമായാചരിക്കുന്നുണ്ടു്. ശിശുദിനമാഘോഷിക്കുവാൻ കേരളത്തിലെ ശിശുക്ഷേമ സംഘടനയും വിദ്യാർത്ഥികളും അണിഞ്ഞൊരുങ്ങും. എന്താണു് ശിശുദിനത്തിന്റെ പ്രാധാന്യം? ആണ്ടിലൊരിക്കൽ പ്രധാനമന്ത്രിയുടെ ജന്മദിനത്തിൽ എന്തിനാണു് ശിശുദിനം ആഘോഷിക്കുന്നതു്. പ്രസക്തമായ ഈ കാര്യങ്ങളെക്കുറിച്ചു ധൃതഗതിയിൽ ചിന്തിക്കുക മാത്രമാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ശിശുദിനത്തിന്റെ സന്ദേശം

ഇന്ത്യയിൽ പതിനാലരക്കോടി ശിശുക്കൾ ഉണ്ടെന്നാണു് കണക്കു്. വളരുന്ന തലമുറയുടെ—ഭാവിപൗരന്മാരുടെ—ഭദ്രതയാണു് രാഷ്ട്രത്തിന്റെ ഭാവി. സ്വ

രാജ്യാണ് എന്റെ ജന്മാവകാശം (swaraj is my birthright) എന്ന് ലോകമാന്യതിലകൻ പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ ഉത്തമ പൗരന്മാരായി വളർന്നവരാനുള്ള അവസര സമത്വം സമ്പാദിക്കുക എന്നുള്ളതു് ശിശുക്കളുടേയും ജന്മാവകാശമാണു് എന്നാണു് ഒെഹ്റിന്റെ അഭിപ്രായം. ശിശുക്കളുടെ ജന്മാവകാശം സംസ്ഥാപിക്കുന്നതിനു്, നാളത്തെ തലമുറ വളരുമ്പോൾ അവർ നിർവഹിക്കേണ്ട ചുമതലകൾ അവർ സ്വയം ഏറെറടുക്കാൻ അവരെ സുസജ്ജരാക്കുന്നതിനു് ഇന്നത്തെ തലമുറ എന്തുചെയ്യണമെന്നു് സ്മരിക്കുക. അതിനുവേണ്ടിയാണു് ശിശുദിനമാചരിക്കുന്നതു്.

"Children should be given a chance to grow up with proper mixture of work and play. This is more important than putting up a factory. If the children are brought up properly they would some day do these very things perhaps much better than ourselves."

"വേലയും വിനോദവും ചേർന്ന ചേരുവയിൽ വളരാനുള്ള അവസരം കുട്ടികൾക്കു് സിദ്ധിക്കണം. ഒരു വ്യവസായശാല സ്ഥാപിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ള സംഗതിയാണിതു്. കുട്ടികളെ നല്ലവണ്ണം വളർത്തുകയാണെങ്കിൽ നമ്മെക്കാളും മെച്ചമായി ഭാവിയിൽ അവർ അതൊക്കെ നിർവഹിച്ചുകൊള്ളും." പ്രധാനമന്ത്രിയുടെ വാക്കുകളാണു് മേലുദ്ധരിച്ചതു്. ശിശുക്കൾ രാഷ്ട്രത്തിന്റെ അമൂല്യനിധിയാണു്. ആ വിലപ്പെട്ട സമ്പത്തു് കാത്തുസൂക്ഷിക്കുക ദേശാഭിമാനമുള്ള ജനതയുടെ ചുമതലയാണു്. അങ്ങനെ ശിശുദിനം ഈ രാജ്യത്തെ പതിനാലരക്കോടി കുട്ടികളുടെപേരിൽ ഓരോ പൗരനും ഉണ്ടായിരിക്കേണ്ട കർത്തവ്യത്തെക്കുറിച്ചു് അനുസ്മരിപ്പിക്കയാണു്. മാതാപിതാക്കളേയും അദ്ധ്യാപകരേയും പ്രായപൂ

ത്തിയായ എല്ലാ പൗരന്മാരേയും ശിശുക്കളുടെ അവകാശങ്ങളെപ്പറ്റി പ്രധാനമന്ത്രിയുടെ ജന്മദിനമായ നവംബർ 14-ാംതീയതി ആണ്ടുതോറും വന്നെത്തുന്ന ശിശുദിനം ഓർമ്മിപ്പിക്കുന്നു. കുബേര കുചേല ഭേദമന്യേ—വർഗ്ഗവർണ്ണ വ്യത്യാസം ക്രൂരതെ—ശിശുക്കൾ സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുവാൻ പഠിപ്പിക്കുന്ന ഒരു ദിവസമാണ് ശിശുദിനം. ശിശുക്കളുടെ ക്ഷേമത്തിനുവേണ്ടി ഇന്ത്യൻ ശിശുക്ഷേമകൗൺസിൽ എന്ന കേന്ദ്ര സംഘടനയും അതിന്റെ സംസ്ഥാന ശാഖകളും പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. നല്ല ആരോഗ്യവും വിദ്യാഭ്യാസവും ഉള്ളവരായി വളരുവാനുള്ള അവസരസമത്വം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനു് കഴിവതു് പ്രവർത്തിക്കുക എന്നുള്ളതാണ് ശിശുക്ഷേമസംഘടനകളുടെ ലക്ഷ്യം. അതു് രാഷ്ട്രത്തിന്റെ ആവശ്യമാണ്. ഫലപ്രദമായി ആ ആവശ്യം നിറവേറുന്നതിനു് സുദൃഢ സംഘടനയും സന്നദ്ധ സംഘവും സാമ്പത്തികശേഷിയും ഒക്കെ ഇനിയും ഉണ്ടാകേണ്ടതുണ്ട്. അതിനു് മതിയായ പ്രചരണവും ധനശേഖരവും പരമാവധി വിജയിപ്പിക്കുക. അതാണ് ശിശുദിനത്തിന്റെ പ്രാധാന്യം; ശിശുദിനത്തിൽ വിദ്യാർത്ഥികളുടെ കർത്തവ്യം. ഇല്ലാത്തവരായ ശിശുക്കളെ യഥാശക്തി സഹായിക്കുക. രോഗബാധിതരും പാവപ്പെട്ടവരുമായ കുട്ടികളെ സന്ദർശിച്ചു് ആശ്വസിപ്പിക്കുക. ഈ സേവനങ്ങളനുഷ്ഠിക്കുവാൻ വിദ്യാർത്ഥികൾക്കു് ശിശുദിനത്തിൽ സന്മനോഭാവമുണ്ടാകണം.

പ്രയോജനകരങ്ങളായ മറ്റു് സാമൂഹ്യസേവനമോ ഗുണകരങ്ങളായ ഇതര പ്രവർത്തനമോ വിദ്യാർത്ഥികൾ സമാരംഭിക്കുവാനുള്ള അവസരമാണ് ശിശുദിനം അവതരിപ്പിക്കുക. ശിശുക്ഷേമത്തിനായുള്ള എന്തെങ്കിലും ശാശ്വതമായ പദ്ധതികൾക്കു് ശിശുദിനത്തിൽ അസ്ഥി

വാരമിടാവുന്നതാണു്. ശിശുക്ഷേമസംഘടന എല്ലാ വർഷവും അതിനായി ആഘോഷംചെയ്യുന്നതു് ശ്രദ്ധേയമാണു് തിരുവനന്തപുരം നഗരത്തിൽ കുട്ടികളുടേതായ ഒരു കളിസ്ഥലം നിർമ്മിക്കുവാൻ നടപടികളെടുക്കുന്നതിനു് തിരുവനന്തപുരം കാർപ്പറേഷനോടു് സംസ്ഥാന കൗൺസിൽ അഭ്യർത്ഥിച്ച വസ്തുത ഇത്തരുണത്തിൽ സ്മരണീയമാണു്.

ശിശുദിനവും നെഹ്റുവും

പ്രധാനമന്ത്രിയുടെ ജന്മദിനംതന്നെ ശിശുദിനമായാചരിക്കുന്നതിനു് തെരഞ്ഞെടുക്കാൻ കാരണമെന്തു്? ഹാഷ്ടം നെഹ്റുവിന്റെ ജന്മദിനം ആഘോഷിക്കുന്നതിനുപകരം ശിശുക്കളെ സ്മരിക്കുകയാണു്, അന്നു്. പ്രധാനമന്ത്രി ശിശുക്കളെ അഗാധമായി സ്നേഹിക്കുന്നതാണു് നവംബർ പതിനാലു് ശിശുദിനമായി പരിണമിച്ചതിനു കാരണം. അദ്ദേഹത്തിന്റെ അഭീഷ്ടവും അതാണു്. അതേപ്പറ്റി പ്രധാനമന്ത്രി പറയുന്നതു് ശ്രദ്ധിക്കുക.

"I am deeply interested in children not only because they are delightful but because they are symbols of tomorrow for which he work. Indeed not only tomorrow but all the tomorrows that come after that"

ബോംബെ ശിശുക്ഷേമ കൗൺസിലിന്റെ Rupee drive (ധനശേഖരം) 1959 ഒക്ടോബർ മാസാരംഭത്തിൽ പ്രധാനമന്ത്രി ഉൽഘാടനംചെയ്ത തദവസരത്തിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിലെ പ്രസക്ത ഭാഗമാണു് ഉദ്ധരിക്കപ്പെട്ടതു്. അദ്ദേഹത്തിനു് കുട്ടികളോടുള്ള താല്പര്യമെന്തു എന്താണെന്നു് വ്യക്തമാണു്. അദ്ദേഹത്തിന്റെ ജന്മദിനം ശിശുദിനമായാഘോഷിക്കുക തികച്ചും അനുചിതമാണു്.

ശിശുക്ഷേമ സംഘടനാ പ്രവർത്തനങ്ങളിൽ അത്യന്തം ശ്രദ്ധചെലുത്തേണ്ടതിന്റെ ആവശ്യബോധം ഇൻഡ്യയിലുടനീളം പ്രതിഫലിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിതു്. വളരുവാനും വികസിക്കുവാനും തുല്യ സാഹചര്യം സിദ്ധിക്കുന്നില്ല എന്നു് ഭാരതത്തിലെ ഒരു കുട്ടിപോലും പരാതിപറയാത്തവണ്ണം ശിശുക്ഷേമ പദ്ധതി വിജയിപ്പിക്കുകയെന്നുള്ളതാണു് നമ്മുടെ പ്രധാനമന്ത്രിയുടെ ചിരാഭിലാഷം; അതാണു് ശിശുദിനത്തിന്റെ സന്ദേശവും.

ഒരു ഘാതകന്റെ വെടിയുണ്ടക്കിരയാകുന്നതിനു് 12 ദിവസത്തിനുമുൻപു് രാഷ്ട്രപിതാവു് പ്രധാനമന്ത്രിക്കയച്ച കത്തിലെ ഏറ്റവും ഒടുവിലത്തെ വാക്യം സന്ദർഭോചിതമാണു്. "May you live long and continue to be the jewel of India" രാഷ്ട്രത്തിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഗാന്ധിജിയുടെ അവസാനത്തെ ആ ആശംസയാണു് ശിശുദിന ചിന്തയിലും നിഴലിക്കുക.

വിദ്യാഭ്യാസക്രമവും ഉപദേശക ബോർഡും.

കേരള വിദ്യാഭ്യാസരംഗത്തു് ഒരു അഡ്വൈസറി ബോർഡ് സംഘടിപ്പിക്കുവാനുള്ള കാലം അതിക്രമിച്ചിരിക്കുകയാണു്. വിദ്യാഭ്യാസ പരീക്ഷണങ്ങൾക്കുമൂലവും കേരളം ഒരു പ്രശ്ന സംസ്ഥാനമായിരിക്കുകയാണു്. ഒരു ദശാബ്ദത്തിനപ്പുറം നിരവധി പരിഷ്കാരങ്ങൾക്കു് വിദ്യാഭ്യാസവകുപ്പു് വിധേയമായിട്ടുണ്ടു്. കേരളത്തിലെ ഭര

ണപരമായ പരിവർത്തനം വിദ്യാഭ്യാസക്രമത്തിലും പ്രതിഫലിച്ചുകൊണ്ടിരിക്കും. ഉറപ്പില്ലാത്ത ഭരണക്രമം സ്ഥായീഭാവമില്ലാത്ത വിദ്യാഭ്യാസഘടനയ്ക്കു നിദാനമായിപരിണമിക്കുന്നു വിദ്യാഭ്യാസ സംവിധാനത്തിനു അനുസ്യൂതമായ പുരോഗതി കൈവരുത്തുവാൻ ഭരണക്രമത്തിനു പ്രാപ്തിയുണ്ടാകണം ഭാവിതലമുറയെ ഭദ്രമായി വാർത്തെടുക്കാനുള്ള വിദ്യാഭ്യാസമേഖല തടസ്സമൊഴിവാക്കാനുള്ള സൂക്ഷിക്കേണ്ടതു് രാഷ്ട്രത്തിന്റെ ആവശ്യമത്രെ. രാജ്യസ്നേഹികളായ ഭരണാധികാരികളുടെ മഹത്തായ കർത്തവ്യവുമാണതു്. ഭരണാധികാരികൾ അതിനുള്ള സാഹചര്യം സംജാതമാക്കേണ്ടതാണു്. വിദ്യാഭ്യാസവിഷയകമായി ഭരണയന്ത്രം ഉന്നതനിലവാരം പുലർത്തി, ഇടതടവില്ലാതെ ചലിപ്പിക്കുന്നതിനു കൈൽപ്പുള്ള ഔദ്യോഗികസ്ഥാനങ്ങളും ഉപദേശകസമിതിയും സൃഷ്ടിക്കുവാൻ വിദ്യാഭ്യാസപുരോഗതി കാംക്ഷിക്കുന്ന ഭരണക്രമം അമാന്തിക്കുകയില്ല. നമ്മുടെ വിദ്യാഭ്യാസ നിയമത്തിൽ സംസ്ഥാന വിദ്യാഭ്യാസോപദേശകബോർഡു് നിർമ്മിക്കുവാനുള്ള ഒരു വ്യവസ്ഥയുണ്ടു്. അതാണു് നാലാംവകുപ്പു്.

ഉപദേശകബോർഡിന്റെ നിയമവും സംഘടനയും

"വിദ്യാഭ്യാസ നിയമവും വിദ്യാഭ്യാസവകുപ്പിന്റെ ഭരണവും സംബന്ധിച്ചകാര്യങ്ങളിൽ ഗവണ്മെൻറിനെ ഉപദേശിക്കുവാൻ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ ഒരു സംസ്ഥാന വിദ്യാഭ്യാസോപദേശകബോർഡു് ഗസറിൽ പരസ്യം മൂലം ഗവണ്മെൻറിനു രൂപവൽക്കരിക്കാവുന്നതാണു്." 4–ാം വകുപ്പിലെ 1–ാം ഉപവകുപ്പാണു്, ലാ ഡിപ്പാർട്ടുമെൻറിന്റെ വാചകത്തിൽ തന്നെ മേലുദ്ധരിച്ചിരിക്കുന്നതു്. ബോർഡിന്റെ ഘടനയും ധർമ്മവും 2, 3, 4, 5, 6 എന്നീ ഉപവകുപ്പുക

ളിൽ നിഷ്കർഷിച്ചിരിക്കുന്നു. വൈസ് ചാൻസലർ, വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഫെൽത്തു സർവീസ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥാംഗങ്ങളും ഗവണ്മെൻറു നിയമിക്കുന്ന വിദ്യാഭ്യാസ വിചക്ഷണരായ അനുദ്യോഗസ്ഥാംഗങ്ങളും ഉൾപ്പെടെ 15-ൽ കവിയാത്ത അംഗങ്ങൾ ബോർഡിനു വേണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ബോർഡിൻെറ അദ്ധ്യക്ഷനായി ഒരംഗത്തെ ഗവണ്മെൻറുനിയമിക്കുന്നതാണു്. അനുദ്യോഗസ്ഥാംഗങ്ങളുടെ കാലാവധി മൂന്നുവർഷമായിരിക്കും. ബോർഡിൻെറ നടപടിക്രമവും മറ്റു ബന്ധപ്പെട്ട കാര്യങ്ങളും ഗവണ്മെൻറിനു നിർണ്ണയിക്കാവുന്നതാണു്.

സർക്കാരിൻെറ ചുമതല

ഈ നിയമം നടപ്പിലാക്കുന്നതിനു് ആരെങ്കിലും എതിരുക്കുമെന്നു തോന്നുന്നില്ല. ആരും എതിർത്തിട്ടില്ല; പ്രത്യുത അനുകൂലിച്ചിട്ടുമുണ്ടു്. എങ്കിലും വിദ്യാഭ്യാസ ഭരണക്രമവും നയവും സംബന്ധിച്ചു സർക്കാരിനെ ഉപദേശിക്കുവാനും വിദ്യാഭ്യാസം സംരക്ഷിക്കുവാനും ഉതകുന്ന ഉപദേശകബോർഡു് സംഘടിപ്പിക്കുവാൻ സർക്കാർ ഇതുവരെ സന്നദ്ധമായിട്ടില്ല. കയ്യിലുള്ള നിയമം പ്രയോജനകരമായി കൈകാര്യം ചെയ്യുവാൻ സർക്കാരിനു ഭാവനയും പ്രാഗൽഭ്യവും ക്രുടിയേതീരു.

വിദ്യാഭ്യാസോപദേശകബോർഡു രൂപവൽക്കരിക്കുമ്പോൾ അതിലെ അനുദ്യോഗസ്ഥാംഗങ്ങളെ കണ്ടുപിടിക്കുന്നതിലാണു് സർക്കാർ വിജയിക്കേണ്ടതു്. അവരുടെ യോഗ്യത, വിദ്യാഭ്യാസഭരണപരിചയം, പ്രാതിനിധ്യസ്വഭാവം ഇവയെ സംബന്ധിച്ചു് ആക്ഷേപമുണ്ടാകാതിരിക്കുവാൻ സർക്കാർ പ്രത്യേകം ശ്രദ്ധചെലു

ത്തേണ്ടതാണു്. അതിനു ഉചിതമായ നിയമനിർമ്മാണംക്രടി നിർവ്വഹിക്കേണ്ടതാണു്. ബോർഡിന്റെ ഉപദേശങ്ങടം സർക്കാർ സ്വീകരിക്കുവാനും നടപ്പിലാക്കുവാനും തക്ക ശ്രുപവും ഭാവവും 6-ാം ഉപവകുപ്പിനുവരുത്തുന്നതു് ക്രൂടതൽ പ്രയോജനകരമാകുമോ എന്നു പരിചിന്തിക്കുകയും തീരുമാനമെടുക്കുകയുംവേണം. ഉപദേശാവകാശത്തിനപ്പുറം ഈ ബോർഡിനു സ്ഥാനമാനം കൂല്പിക്കുന്നതു് വിദ്യാഭ്യാസ വകുപ്പിന്റെ ഭരണത്തിനും പ്രവത്തനത്തിനും ഉന്നമനം ഉണ്ടാക്കുവാൻ പര്യാപ്തമാകും.

മന്ത്രിസഭാ മാറ്റവും ഉപദേശകബോർഡും

നമ്മുടെ വിദ്യാഭ്യാസ രംഗത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന 'മാറ്റംമറിച്ചിലു'കൾക്കു വിരാമമിടേണ്ടസമയം വൈകിയിരിക്കുകയാണു്. വിദ്യാഭ്യാസ ഭരണത്തിലും, നയത്തിലും ഘടനയിലും അസ്ഥിരതയും അനിശ്ചിതത്വവും കൂടികൊള്ളാതെ കാത്തുസൂക്ഷിക്കുകയെന്നുള്ളതു കേരളത്തിന്റെ പരമപ്രധാനമായ ആവശ്യമായിട്ടുണ്ടു്. മന്ത്രിസഭാമാറ്റം വിദ്യാഭ്യാസക്രമത്തെ ചാഞ്ചാട്ടത്തിനു വിധേയമാക്കുന്ന ഏറ്റപ്പാടു അവസാനിപ്പിക്കണം. അതിനുതകുന്ന ഒരു ബോർഡു ഇവിടെ ആവശ്യമുണ്ടു്.

ഈ ബോർഡിന്റെ ശ്രുപാർശകൾ അംഗീകരിക്കുവാനും നടപ്പിലാക്കുവാനും സർക്കാരും ഡിപ്പാർട്ടുമെൻറും ബാദ്ധ്യസ്ഥമായിരിക്കണം. ഇന്നുള്ള നിയമത്തിനു് ഈ ആവശ്യം ഫലപ്രദമായി നിറവേറ്റാനുള്ള പൂർണ്ണതയില്ലെങ്കിൽ അതുണ്ടാക്കുകയും ചെയ്യണം കേരള വിദ്യാഭ്യാസ നിയമത്തിലെ 4-ാം വകുപ്പു്, 6-ാം ഉപവകുപ്പു്, അതിനുവേണ്ടി നിഷ്കൃഷ്ടമായി പരിശോ

ധിക്കുവാനും ആവശ്യമായ വ്യക്തത വരുത്തുവാനും തയാറാകേണ്ടതാണ്.

വിഭാഗീയ ചിന്താഗതിക്കും കക്ഷിതാല്പര്യത്തിനും അതീതമായി വിദ്യാഭ്യാസ പ്രശ്നങ്ങളിൽ കൈകാര്യം ചെയ്യുവാൻ കരുത്തും യോഗ്യതയും ഉള്ളവരെ മാത്രമേ അഡൈവസറി ബോർഡിലേക്ക് തെരഞ്ഞെടുക്കാവൂ. ഇതു കർക്കശമായി പാലിക്കേണ്ടതാണ്. ഭരണകക്ഷിയുടെ കാലാകാലങ്ങളിലുള്ള ഇഷ്ട ദേവതകളെ പ്രതിഷ്ഠിക്കാനുള്ള കമ്മക്ഷേത്രമാക്കി ഈ ബോർഡിനെ ദുർവിനിയോഗം ചെയ്യാതിരിക്കുകയാണ് വേണ്ടത്. അത്തരത്തിലുള്ള ബോർഡിനു മാത്രമേ വിദ്യാഭ്യാസക്രമത്തിനും, ഭരണത്തിനും, സംരക്ഷണത്തിനും മഹത്തായ സംഭാവന ചെയ്യാൻ കഴിയുകയുള്ളൂ.

ബോർഡിന്റെ പ്രാതിനിധ്യസ്വഭാവം

ബോർഡിന്റെ പ്രാതിനിധ്യ സ്വഭാവവും പ്രത്യേകം പരിഗണന അർഹിക്കുന്നു. വിദ്യാഭ്യാസരംഗത്തെ പ്രമുഖ ഘടകങ്ങൾക്ക് തീർച്ചയായും അഡൈവസറി ബോർഡിൽ പ്രാതിനിധ്യം അനുവദിക്കേണ്ടതാണ്. സംസ്ഥാന വിദ്യാഭ്യാസോപദേശകസമിതിയിൽ നിയമിക്കപ്പെടേണ്ട അനദ്യോഗസ്ഥാംഗങ്ങളിൽ അദ്ധ്യാപക വിഭാഗത്തിനും, മാനേജർവിഭാഗത്തിനും പ്രത്യേകം പ്രത്യേകം പ്രാതിനിധ്യം നൽകുന്നതു് അഭികാമ്യമായിരിക്കും.

ഏറ്റവും വലിയ ആവശ്യം

വിദ്യാഭ്യാസ വികസനത്തിനുള്ള നമ്മുടെ പുനഃസംവിധാനപദ്ധതിയിൽ വിദ്യാഭ്യാനത്തിന്റെ ക്രമാനുഗതമായ പുരോഗതിക്കും വിദ്യാഭ്യാസത്തിന്റെ സൽഗ

തിക്കും ചുമതലവഹിക്കേണ്ട ഭരണയന്ത്രം ഈ വഴിക്ക് സുസജ്ജവും സുശക്തവും ആക്കുകയെന്നുള്ളതു് ഇന്നു് ഏറ്റവും വലിയ ആവശ്യമാണു്.

"Today however in a self governing democracy, the responsibility for implementing a sound educational policy rests with the people themselves and their chosen representatives."

"തങ്ങളെ തങ്ങളാൽ തങ്ങൾം ഭരിക്കുന്ന" ഒരു ഭരണക്രമത്തിൽ ആരോഗ്യകരമായ ഒരു വിദ്യാഭ്യാസനയം നടപ്പിലാക്കുന്ന ചുമതല ജനങ്ങളിലും ജനപ്രതിനിധികളിലും നിക്ഷിപ്തമായിരിക്കുന്നു." ഈ തത്വം കേരള ഭരണാധികാരികൾ കണക്കിലെടുക്കുകയാണെങ്കിൽ വിദ്യാഭ്യാസനിയമത്തിലെ 4-ാംവകുപ്പു യഥോചിതം പ്രാവർത്തികമാക്കുവാൻ മുന്നോട്ടുവരും. അങ്ങനെ ഒരു അഡൈ്വസറിബോർഡു രൂപവൽക്കൃതമായാൽ, വിദ്യാഭ്യാസക്രമത്തിന്റെ കാലക്കേടു് അതിവേഗം അന്തർദ്ധാനം ചെയ്തുകൊള്ളും.

വിദ്യാഭ്യാസ ഭരണം മെച്ചപ്പെടാൻ

ഏതുഭരണത്തിന്റേയും വിജയം പൊതുസഹകരണത്തിലധിഷ്ഠിതമാണു്. വിദ്യാഭ്യാസഭരണത്തിന്റെ വിജയത്തിനും പൊതുജനസഹകരണം അത്യന്താപേക്ഷിതമാകുന്നു. അതിനു വിദ്യാഭ്യാസഭരണത്തിന്റെ ജനാധിപത്യവല്ക്കരണം അനുപേക്ഷണീയവും; പ്രത്യേകിച്ചു ജനായത്തയുഗത്തിൽ. വിദ്യാഭ്യാസരംഗത്തു് ലോക്കൽ എഡ്യൂക്കേഷനൽ അതാറിട്ടികൾ (പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങൾ) ഏറ്റെടുത്തേണ്ടതിന്റെ ആവശ്യം അതാണു്.

അതിനുവേണ്ടിയാണു് കേരള വിദ്യാഭ്യാസ ആക്ടിൽ 17–ം, 18–ം വകുപ്പുകൾ ഉൾക്കൊള്ളിക്കുവാൻ കേരള നിയമസഭ സന്നദ്ധമായതു്. പക്ഷേ അതു നടപ്പിൽ വരുത്തുവാൻ സർക്കാരിനുകഴിഞ്ഞില്ല. ഭരണപരമായി മാറിയ പരിതഃസ്ഥിതിയിൽ, വിദ്യാഭ്യാസ നിയമത്തിൽനിന്നു് ചില വകുപ്പുകൾ ഭേദഗതിചെയ്യുകയോ നീക്കംചെയ്യുകയോ വേണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് 17–ം, 18–ം വകുപ്പുകളും റദ്ദുചെയ്യണമെന്നു് അഖിലകേരള കത്തോലിക്കാ കാൺഗ്രസ്സിന്റെ 42–ാം വാർഷികസമ്മേളനം നിർദ്ദേശിക്കുകയുണ്ടായി. പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങൾ സൃഷ്ടിക്കണമെന്നു് നിഷ്കർഷിക്കുന്ന 17–ം, 18–ം വകുപ്പുകൾ നീക്കംചെയ്യണമെ

ന്നാണു് വാദമെങ്കിൽ അതു് നീതീകരിക്കപ്പെടാമോ? തത്സംബന്ധമായ ഒരു പഠനം പ്രസക്തമായിരിക്കുമല്ലൊ.

17–ം, 18–ം വകുപ്പുകളുടെ ഉള്ളടക്കം

പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങൾ (ലോക്കൽ എഡ്യൂക്കേഷനൽ അതാറിട്ടികൾ) ഏർപ്പെടുത്തൽ എന്ന നിയമനിർമ്മാണത്തിന്റെ ലക്ഷ്യം എന്താണു്? വിദ്യാഭ്യാസ ആക്ടിൽ 17–ംവകുപ്പിലാണു് പ്രകൃതവിഷയം കൈകാര്യം ചെയ്തിട്ടുള്ളതു്.

"വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനു് ജനങ്ങളെ സഹകരിപ്പിക്കുന്നതിനും വിദ്യാഭ്യാസകാര്യങ്ങളിൽ അതതു പ്രദേശത്തെ ജനങ്ങൾക്കുള്ള താല്പര്യം പരിരക്ഷിച്ചു് ഉദ്ദീപിപ്പിക്കുന്നതിനുമായി ഗവണ്മെൻറിനു് ഗസറ്റിൽ പരസ്യംമൂലം, ആ പരസ്യത്തിൽ പ്രത്യേകം പറയുന്ന ഏതെങ്കിലും പ്രാദേശികസ്ഥലത്തു് അധികാരം വിനിയോഗിക്കുവാൻ പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങൾ ഏർപ്പെടുത്താവുന്നതാണു്" എന്നു 17–ംവകുപ്പു് 1–ം ഉപവകുപ്പു് അനുശാസിക്കുന്നു. അതിലെ 2–ം ഉപവകുപ്പിൽ ഈ ലോക്കൽ എഡ്യൂക്കേഷനൽ അതാറിട്ടി ഏഴംഗങ്ങളെ ചേർത്തു സംഘടിപ്പിക്കേണ്ടതാണെന്നു നിർദ്ദേശിക്കുന്നു. ഡിസ്ട്രിക്ടു് എഡ്യൂക്കേഷനൽ ആഫീസറും, മാനേജരന്മാർ, ഗ്രാഡുവേറ്റദ്ധ്യാപകർ, നാൻ ഗ്രാഡുവേറ്റദ്ധ്യാപകർ, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളും എന്നീവിഭാഗത്തിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പ്രതിനിധികളും, വിദ്യാഭ്യാസവിഷയത്തിൽ പരിചയമുള്ളവരിൽനിന്നു സർക്കാർ നാമനിർ

ദ്ദേശംചെയ്യുന്ന രണ്ടംഗങ്ങളും ഉൾപ്പെടെ ഒരു ലോക്കൽ എഡ്യൂക്കേഷനൽ അതാറിട്ടിയിൽ 7 അംഗങ്ങൾ ഉണ്ടായിരിക്കും. സർക്കാർ ഒരംഗത്തെ അതിന്റെ പ്രസിഡന്റായി നിർദ്ദേശിക്കും. അനുദ്യോഗസ്ഥാംഗങ്ങളുടെ കാലാവധി 3 വർഷമായിരിക്കും. ഇവയാണ് അനുബന്ധിച്ചുള്ള ഉപവകുപ്പുകളിലെ ഉള്ളടക്കം.

18-ാം വകുപ്പാകട്ടെ ലോക്കൽ എഡ്യൂക്കേഷനൽ അതാറിട്ടികളുടെ പ്രവർത്തികൾ എന്തെല്ലാമെന്നു നിർവചിക്കുകയാണു ചെയ്യുന്നതു്. വിദ്യാഭ്യാസപരമായ പ്രാദേശികാവശ്യങ്ങൾ നിജപ്പെടുത്തൽ; വിദ്യാഭ്യാസപുരോഗതിക്കുള്ള പദ്ധതി തയ്യാറാക്കൽ; സ്കൂൾകുട്ടികൾക്കു് ഉച്ചഭക്ഷണം നല്കുന്ന നടപടിക്രമം പരിശോധിക്കൽ; വിദ്യാഭ്യാസവിഷയകമായി പൊതുജനങ്ങളുടെ താല്പര്യം നേടുന്നതിനുതകുന്ന സമ്മേളന പ്രദർശനങ്ങൾ സംഘടിപ്പിക്കൽ തുടങ്ങിയവയാണു് മുഖ്യധർമ്മങ്ങൾ.

ഇത്തരം ഭരണസമിതികൾ വിദ്യാഭ്യാസ രംഗത്തു് സ്ഥാപിക്കുന്നതിനുവേണ്ടി വിദ്യാ: നിയമത്തിൽ പ്രസ്തുത വകുപ്പുകൾ ഉൾക്കൊള്ളിച്ച കമ്മ്യൂണിസ്റ്റ് സർക്കാരിനു് അവ നടപ്പിൽവരുത്തുവാൻ സംഗതിവന്നില്ല. ഈ ഭരണസമിതിയുടെ ചുമതലകളിൽ അതിനു് വിദ്യാലയങ്ങളോടുള്ള ബന്ധം, ഡിപ്പാർട്ടുമെൻറിനോടുള്ള ബന്ധം ഇവ വ്യതിരിക്തമായി നിജപ്പെടുത്തേണ്ടതുണ്ടായിരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തന സൗകര്യത്തിനും വിദ്യാഭ്യാസഭരണത്തിന്റെ കാര്യക്ഷമതയ്ക്കും വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനും ഈ ലോക്കൽ എഡ്യൂക്കേഷനൽ അതാറിട്ടികളുടെ പ്രവർത്തനം ഗുണത്തേക്കാൾ ദോഷം ചെയ്യുമോ എന്നു് ചില കേന്ദ്രങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടു്. ഈ ഭരണസമിതികളുടെ ധർമ്മം വേണ്ടതുപോലെ നിർവഹിക്കാൻ അതിന്റെ ഉപജ്ഞാ

താക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, തോഷത്തേക്കാൾ കൂടുതൽ ഗുണപ്രദമായ ഒരേർപ്പാടായി ഈ പരിഷ്കാരം പ്രയോജനപ്പെടുത്തുവാൻ കഴിയും. പ്രത്യേകിച്ചു് പ്രൈവറ്റുവിദ്യാലയ രംഗത്തു്.

വിദ്യാഭ്യാസഭരണവും പൊതുസഹകരണവും

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറും വിദ്യാഭ്യാസരംഗത്തിലെ മാനേജർ അദ്ധ്യാപക ഘടകങ്ങളും പ്രാദേശിക സ്വയംഭരണ ഘടകങ്ങളും ആരോഗ്യകരമായ പരസ്പര ധാരണയും പരസ്പര സഹകരണവും പുലർത്തി വിദ്യാലയങ്ങളുടെ പ്രവർത്തനം സുഗമമാക്കുവാൻ ഇത്തരത്തിലുള്ള ഭരണസമിതികളും ആവശ്യമാണെന്നു് മനസ്സിലാക്കാം. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ ഭരണം കൂടുതൽ നീതിനിഷ്ഠമാക്കുവാനും ഈ സമിതികൾക്കു് കഴിവുണ്ടാകും. പ്രസ്ഥാപനങ്ങളായ പ്രൈവറ്റുസ്കൂളുകളുടെ കാര്യത്തിൽ ഈ പരിഷ്കാരം ആശ്വാസമരുളുമെന്നാണു് പ്രതീക്ഷ.

ജനാധിപത്യവല്ക്കരണം

ജനാധിപത്യബോധത്തിലും പൗരധർമ്മത്തിലും പിന്നോക്കം നില്ക്കുന്ന ജനത, ജനാധിപത്യവല്ക്കരണത്തിലും വിദ്യാഭ്യാസ ഭരണ വികേന്ദ്രീകരണത്തിലും പരാജയപ്പെടലായിരിക്കും ഫലമെന്നു് ആരെങ്കിലും സന്ദേഹിച്ചാൽ അത്ഭുതത്തിനവകയില്ല. എങ്കിലും പൊതുജനസഹകരണം ഏതൊരു ഭരണത്തിൻെറയും വിജയത്തിനു് അനിവാര്യമാണെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്? പരീക്ഷണങ്ങൾമൂലം മാത്രമേ പരിചയവും പരിജ്ഞാനവും പരിപുഷ്ടമാവുകയുള്ളു. ഭരണം കൂടുതൽ പ്രജാധിപത്യപക്ഷമാക്കുന്നതിനു് ഭരണാധികാരികളുമായി ജന

ങ്ങളെ ബന്ധിപ്പിക്കുക ആവശ്യമാണു്. ജനങ്ങളുടെ മുന്നറിവോടുകൂടി ഒരു ഔദ്യോഗിക തീരുമാനം കൈക്കൊള്ളുക, ജനങ്ങളുടെ മുന്നംഗീകാരത്തോടെ ഒരു ഔദ്യോഗിക തീരുമാനം ചെയ്യുക എന്നിവ ജനാധിപത്യസ്വഭാവം പരിപുഷ്ടമാക്കുന്നതിനു് കൂടിയേതീരൂ. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ലോക്കൽ എഡ്യൂക്കേഷണൽ അതാറിട്ടികൾ വിദ്യാഭ്യാസരംഗത്തു് പ്രത്യേകിച്ചു് പ്രൈവറ്റു് മേഖലയെസംബന്ധിച്ചിടത്തോളം പരീക്ഷണമായിട്ടെങ്കിലും ഏർപ്പെടുത്തേണ്ടതാണു്. അതിനു് 17-ം, 18-ം വകുപ്പുകളാവശ്യമുണ്ടു്. നിലവിലുള്ള നിയമം ഫലവത്താക്കാൻ മതിയായവിധത്തിൽ ഭേദഗതി ചെയ്യുന്നതിനാണു് വിദ്യാഭ്യാസനിയമം സ്ഥാനത്തും അസ്ഥാനത്തും ഭേദപ്പെടുത്തുവാൻ വെമ്പുന്നവർ ആവേശം കൊള്ളേണ്ടതു്; ഉത്തേജനം സ്വീകരിക്കേണ്ടതു് ലോക്കൽ എഡ്യൂക്കേഷണൽ അതാറിട്ടി ഏർപ്പെടുത്തലിനെച്ചൊല്ലി, ബില്ലവതരിപ്പിച്ച കാലത്തു് നടന്ന വാദപ്രതിവാദത്തിൽ പങ്കെടുത്തുകൊണ്ടു് ഹിന്ദുസ്ഥാൻ സ്റ്റാൻഡാർഡു് അഭിപ്രായപ്പെട്ടതിങ്ങനെയാണു്. "If these bodies consist mainly of educationalists connected with schools and are not chosen because of their political, affiliations they should be able to act as a healthy link between educational institutions and government."

വിദേശരാജ്യങ്ങളിൽ.

അമേരിക്ക, ബ്രിട്ടൺ, സിലോൺ എന്നീ രാജ്യങ്ങളിലെല്ലാം ഇത്തരം ഭരണസമിതികൾ പ്രാദേശികതലത്തിൽ നിലവിലുണ്ടു്. ജനപ്രതിനിധികളെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുമായി സഹകരിപ്പിക്കാനുള്ള പരിശ്രമമാണു് ഈ ഭരണസമിതിയിലൂടെ നാം ദർശിക്കേണ്ടതു്.

പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങൾ വിദ്യാഭ്യാസാധികൃതരുമൊത്തു് ക്രട്ടായി പ്രവത്തിക്കുകയും ഡിപ്പാർട്ടുമെൻറിൽനിന്നും വിദ്യാലയങ്ങളിടേയും പ്രവത്തനത്തെ കാര്യക്ഷമമാക്കുകയും ചെയ്യുവാൻ ഈ ഏർപ്പാടു് ഉതകുമെങ്കിൽ 17-ാം വകുപ്പു് നീക്കംചെയ്യേണ്ടതില്ല. പ്രത്യുത അതു് മെച്ചപ്പെടുത്തുവാനാണു് പ്രക്ഷോഭണം ക്രട്ടേണ്ടതു്.

അഭിപ്രായാന്തരം.

റഷ്യയിൽ പ്രാദേശികമായും പ്രാദേശികാന്തരികമായും എഡ്യൂക്കേഷനതാരിട്ടികൾ എല്ലാ തട്ടിലും ഉണ്ടായിരിക്കാം; അവിടെ വിദ്യാഭ്യാസഭരണം ഏറെറവും വികേന്ദ്രീകൃതമായിരിക്കാം. അതുകൊണ്ടു് കമ്മ്യൂണിസ്റ്റ് സക്കാർ ശ്രുപംകൊടുത്ത 17-ാം വകുപ്പു് നീക്കംചെയ്യണമെന്നുള്ളതു് ശരിയാണോ? വിദ്യാഭ്യാസരംഗത്തു് കമ്മ്യൂണിസ്റ്റ് ഏജൻസി സ്ഥാപിക്കലാണു് ഈ വകുപ്പിൻെറ പിന്നിലുള്ള ഉദ്ദേശമെന്നു് അതിൻെറ ശ്രുപരേഖ കണ്ടപ്പോൾ ഭയപ്പാടുണ്ടായി സെലക്ററുകമ്മിറിറി സ്റ്റേജിൽ മൂലശ്രുപം ഭേദപ്പെടുത്തിയപ്പോൾ ആ ഭയം നീങ്ങുകയുംചെയ്തു ഇൻഡ്യൻ എക്സ്പ്രസ്സ് ഒരു മുഖപ്രസംഗത്തിൽ "The structure and function of the local educational authorities have been clarified and wide spread fears concerning their activities set at rest" എന്നു് രേഖപ്പെടുത്തിയിരുന്നതു് അതിനു് തെളിവു നൽകുന്നു. കമ്മ്യൂണിസ്റ്റ് സക്കാർ അധികാരഭ്രഷ്ടമായതോടുകൂടി ആ ആശങ്കയ്ക്കു് നേരിയ കാരണംപോലും അവശേഷിക്കുന്നുമില്ല.

ഇംഗ്ലണ്ടിലെ കൗണ്ടികൗൺസിലിൻെറ വിദ്യാഭ്യാസചുമതലകളും, 17-ം, 18-ം വകുപ്പുകളിൽ വിഭാവന

ചെയ്യുന്ന ലോക്കൽ എഡ്യൂക്കേഷണൽ അതാറിട്ടിയുടെ ധർമ്മങ്ങളും തമ്മിൽ സാമ്യമില്ലാത്തതുകൊണ്ട് ഈ പരീക്ഷണം ഇവിടെ അസ്ഥാനത്താണെന്ന് പരിഗണിക്കുന്നതും ശരിയല്ല. നമ്മുടെ സ്വയംഭരണഘടകങ്ങൾ വളർന്ന് പുഷ്ടിച്ച് ഫലങ്ങളുതിരുന്ന വേളയിൽ അതുകളുടെ സംഘടനകളിൽനിന്നുവേണം ഇത്തരം ഭരണസമിതികൾ ഉദയം ചെയ്യേണ്ടതെന്ന് ഒരു പക്ഷമുണ്ട്. വിദ്യാഭ്യാസപ്രവർത്തനത്തിലും ഭരണത്തിലും പരിചയമോ ഉത്തരവാദിത്വബോധമോ ഇല്ലാത്ത ഒരു സമിതിയായിരുന്നാൽ ഇന്നുള്ള വിദ്യാഭ്യാസവും അപായപ്പെടുമെന്നുള്ള ആക്ഷേപവുമുണ്ട്. ജനതയുടെ സഹരണബോധരാഹിത്യം സഹകരണസംഘങ്ങളുടെ ലക്ഷ്യത്തെ പരാജയപ്പെടുത്തുമെന്ന ഭീതിമൂലം, ക്രൂടതൽ നിയന്ത്രണമേർപ്പെടുത്തണമെന്നോ, സഹകരണബോധം പരിപക്വമാവും വരെ സഹകരണപ്രസ്ഥാനത്തിന്റെ പരീക്ഷണം മാറ്റിവയ്ക്കണമെന്നോയുള്ള വാദഗതി ജനാധിപത്യവാദികൾ അംഗീകരിക്കാറില്ലല്ലോ. അനുഭവപാഠം ക്രമാനുഗതമായി ഭരണസമിതിയുടെ പരിചയസമ്പത്തും കർത്തവ്യബോധവും വളർത്തുമെന്നുള്ളതു് നിസ്തർക്കമാണു്.

ഇന്നത്തെ സാഹചര്യത്തിൽ പ്രാദേശികസ്വയംഭരണഘടകങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കാര്യത്തിൽമാത്രമേ ചിലപ്പോൾ മുൻപറഞ്ഞപോരായ്മ ദൃശ്യമാകാൻ തരമുള്ളൂ. ലോക്കൽ എഡ്യൂക്കേഷണൽ അതാറിട്ടിയിൽ മാനേജർ—അദ്ധ്യാപക വിഭാഗങ്ങളുടെ പ്രതിനിധികൾക്കും സർക്കാർ പ്രതിനിധികൾക്കും ഈ ദോഷം വരുവാൻ കാരണമില്ലല്ലോ. പിന്നെങ്ങനെ ഈ ഭരണസമിതി പരിചയവും വിവരവും ഇല്ലാത്ത വിദ്യാഭ്യാസഭരണസമിതിയാവും? സ്വയംഭര

ണ്ഡലങ്ങളെല്ലാം വികസ്വരമാക്കുന്ന കാലം വിദൂരസ്ഥമായിരിക്കെ പ്രാദേശിക വിദ്യാഭ്യാസാധികൃതസ്ഥാനങ്ങളുടെ മൗലികമായ പ്രയോജനം, അവശതയനുഭവിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇടക്കാലത്തു് അനുഭവവേദ്യമാക്കാനുള്ള അവസരം നഷ്ടപ്പെട്ടുത്തുകയായിരിക്കും ഈ വകുപ്പിന്റെ നീക്കംചെയ്യലിൽനിന്നുണ്ടാവുന്ന ഫലം.

പ്രമുഖപ്രയോജനങ്ങൾ.

ഒരു വിദ്യാലയവും പ്രാന്തപ്രദേശവും തമ്മിൽ സവിശേഷമായ ബന്ധം പുലരേണ്ടതുണ്ട്. തങ്ങളുടേതാണ് ബന്ധപ്പെട്ട വിദ്യാലയമെന്ന് ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളും അഭിമാനപുരസ്സരം അവകാശപ്പെടുന്ന ഒരു സ്ഥാപനമെങ്കിലും ഇവിടെയുണ്ടോ? ഇല്ലെങ്കിൽ അങ്ങനെ ഒരു അഭേദ്യമായ വേഴ്ച, സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസകേന്ദ്രവുമായി ജനങ്ങളിൽ ഉണ്ടാക്കേണ്ടതുണ്ട്. വിദ്യാഭ്യാസം പരിഷ്കരിക്കുന്നവർ ഈവഴിക്കാണ് ചിന്തിക്കേണ്ടതു്; ചരിക്കേണ്ടതു്. ഓരോസ്കൂളിനും പ്രത്യേകം പ്രത്യേകം ഭരണസമിതികൾ ആവശ്യമാണെന്നും സംഘടിക്കപ്പെടേണ്ടതാണെന്നും വിദ്യാഭ്യാസവിദഗ്ധന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെയും സാദ്ധ്യതകളാരായേണ്ടകാലം വൈകിയിരിക്കുന്നു. സ്ഥലവിസ്താരഭയത്താൽ അതിലേക്ക് തല്ക്കാലം കടക്കുന്നില്ല. ഓരോ വിദ്യാലയത്തിനും ഭരണസംബന്ധമായി പ്രത്യേകം ബോർഡു് ഏർപ്പെടുത്തൽ എന്നുംകൂടിവന്നാൽ 17–ാം വകുപ്പുകണ്ടു വിരളുന്നവർ എന്തുചെയ്യുമെന്നു് നിശ്ചയമില്ല.

കുട്ടികളുടെ ഭാവിയുമായി ഉറ്റബന്ധമുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളോടു ജനങ്ങൾക്കുള്ള നിസ്സഹകരണമനോ

പാടും അലംഭാവമനസ്ഥിതിയും മാറിയെടുക്കുവാൻ ലോക്കൽ എഡ്യൂക്കേഷണൽ അതാറിട്ടി തുടങ്ങിയ ഭരണ സമിതികൾ സംഘടിപ്പിക്കണമെന്നു് വിദഗ്ദ്ധ വിദ്യാഭ്യാസചിന്തകർ ശുപാർശ ചെയ്തിട്ടുള്ളതുമാണു്.

വിദ്യാലയങ്ങളുടെ ഭ്രമിശാസ്ത്രപരമായ വിതരണം (Geographical distribution of schools) വേണ്ടവിധത്തിൽ നിറവേറുവാൻ ഇത്തരം ഭരണസമിതികളുടെ പ്രവർത്തനം സഹായിക്കുന്നതാണു്. പുതിയ സ്കൂളനുവദിക്കുക എന്ന അവകാശവാദവുമായി സർക്കാരിനോടു് നിരന്തരം സമരം ചെയ്യുന്ന ഇന്നത്തെ നിലയ്ക്കു് ഫലപ്രദമായ മാറ്റം വരുത്തുവാനും ഇത്തരം ഭരണസമിതികൾക്കു് കഴിഞ്ഞെന്നുവരും.

ജനായത്തതത്വം.

കക്ഷിപക്ഷപാതംകൂടാതെ സമൂഹത്തിന്റെ സഹകരണത്തോടുകൂടി പൊതുഫണ്ടുപയോഗിച്ചു് പൊതുക്കാര്യങ്ങൾ നിറവേറുക എന്ന ആദർശമാണു് വിദ്യാഭ്യാസഭരണത്തിലും പ്രാവർത്തികമാക്കേണ്ടതു്. ഈ തത്വമാണു് "തങ്ങളെ തങ്ങളാൽ തങ്ങൾ ഭരിക്കുന്ന" ഭരണവ്യവസ്ഥിതിയിലും അംഗീകരിച്ചിട്ടുള്ളതു്. വിദ്യാഭ്യാസഭരണത്തിൽ പൊതുജന ശബ്ദത്തിനു് സ്ഥാനമുണ്ടായിരിക്കണം. അതിനുവേണ്ടിയാണു് ഈ പ്രാരംഭനടപടി സ്വീകരിക്കേണ്ടതു്. സംസ്ഥാന വിദ്യാഭ്യാസോപദേശകബോർഡും, പ്രാദേശിക വിദ്യാഭ്യാസാധികൃത സ്ഥാനങ്ങളും ഏർപ്പെടുത്തുന്നതിനു് വിദ്യാഭ്യാസനിയമം ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതു് ജനാധിപത്യവല്ക്കരണത്തിലേയ്ക്കുള്ള ആദ്യത്തെ കാലുവെപ്പായി കണക്കാക്കുകയാണു വേണ്ടതു്. വിദ്യാഭ്യാസനിയമത്തിലെ 4–ാം വകുപ്പു് സ്റ്റേറ്റു് അഡ്വൈസറി ബോർഡു് സംഘടിപ്പിക്കു

വാൻ നിഷ്കർഷിക്കുന്നു. 17-ാം വകുപ്പ് ലോക്കൽ എഡ്യൂക്കേഷനതാറിട്ടികളും ഏർപ്പെടുത്തുവാൻ അനുശാസിക്കുന്നു. ജനാധിപത്യയുഗത്തിൽ വിദ്യാഭ്യാസഭരണത്തിനും വിദ്യാഭ്യാസപുരോഗതിക്കും പ്രയോജകീഭവിക്കുന്ന ഈ വകുപ്പ് നീക്കംചെയ്യണമെന്നു് നിർദ്ദേശിക്കുന്നതുപോലും ജനകീയവിരുദ്ധമാണു്. മെച്ചപ്പെട്ട നിയമനിർമ്മാണം ഈ വഴിക്കു നടത്തുന്നതിനു് ഉചിതമായ ഭേദഗതി അവതരിപ്പിക്കുവാൻ ഭരണകക്ഷിയുടെ കൈകൾക്കു് ശക്തി വർദ്ധിപ്പിക്കാനാണു് വിദ്യാഭ്യാസപ്രവർത്തകർ മുന്നോട്ടു വരേണ്ടതു്.

ചാത്തനാടിയ കളം
ക്രമീകരിക്കാനൊരു വഴി.

സ്കൂളുകളുടെ ദേശസാൽക്കരണം സർക്കാരിന്റെ ഒരു പൊതുനയമായി ഇതുവരെ അംഗീകരിച്ചിട്ടില്ല. വിദ്യാഭ്യാസപ്രവർത്തനം എന്ന സാമൂഹ്യസേവനം ഏറ്റെടുക്കുവാൻ സർക്കാർ മുന്നോട്ടുവരാതിരുന്ന അവസരത്തിൽ, അതു നിർവഹിക്കുവാൻ തയ്യാറായ സംഘടനകളേയും സ്ഥാപനങ്ങളേയും സർക്കാർ സഹായിക്കുകയെന്നുള്ളതായിരുന്നു നയം. വിദ്യാഭ്യാസപ്രവർത്തനം "വ്യവസായികരിക്കുക, അല്ലെങ്കിൽ നശിക്കുക." എന്ന തത്പരകക്ഷികൾ സഹകാര്യമേഖലയിലെ പ്രവർത്തകർ നടപ്പിലാക്കാൻ ഉഷ്ണപ്രവണത പ്രകടിപ്പിച്ചതുമുതൽ "വിദ്യാഭ്യാസം ദേശസാൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക." എന്ന ബദൽ മുദ്രാവാക്യം മുഴക്കിപ്പിടിക്കുവാൻ സർക്കാർ തയ്യാറാകേണ്ടതായിരുന്നു. ഉർജ്ജിതമായി നടത്തുന്ന മാനേജ്മെന്റ് സ്കൂളുകൾ ഏറ്റെടുക്കുന്നതിനു വ്യവസ്ഥ ചെയ്യണമെന്ന് വിദഗ്ദ്ധ വിദ്യാഭ്യാസ കമ്മീഷനുകളും, വിദ്യാഭ്യാസവിചക്ഷണരും നിർദ്ദേശിച്ചിട്ടുമുണ്ട്. ഒരു ക്ഷേമരാഷ്ട്രത്തിൽ വിദ്യാഭ്യാസപ്രവർത്തനംപോലെയുള്ള സാമൂഹ്യസേവനംമുഴുവനും നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ നിർവഹിക്കുകയെന്നുള്ളതു്. ഒരു സർക്കാരിന്റെ കർത്തവ്യംമാത്രമാണു്. എങ്കിലും സാമ്പത്തികസംബ

ന്ധമായ കാരണങ്ങളാലും മറും സർക്കാരുകൾ അതിൽ കൈത്തവ്യവിമുഖരായിട്ടാണ് ഇപ്പോഴും നിലകൊള്ളുന്നത്. ഭരണഘടനാപരമായപ്രശ്നങ്ങളും അതിലന്തർഭവിക്കുന്നു. വിദ്യാഭ്യാസ ദേശസാൽക്കരണം നയമായി സ്വീകരിക്കേണ്ടതു് ക്ഷേമരാഷ്ട്രത്തിൽ ഏതൊരുസർക്കാരിന്റേയും കർത്തവ്യമാണെങ്കിലും, കേരളസർക്കാരിനെസംബന്ധിച്ചിടത്തോളം അതു് ഒരു പേടിസ്വപ്നമായിട്ടുണ്ടു്. ദിവാൻ ഭരണകാലംമുതൽ കമ്മ്യൂണിസ്റ്റ് ഭരണകാലംവരെ വിദ്യാഭ്യാസ മേഖലയിൽ ഈ സാമൂഹ്യസേവനം നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ നിർവഹിക്കുന്നതിനുള്ള നയം കൈക്കൊള്ളുവാൻകഴിഞ്ഞിട്ടില്ല. ആവഴിക്കു സർക്കാരിനു ദൃഷ്ടിയുണ്ടെന്നുകണ്ടാലുടൻ സർക്കാരിന്റെ പതനത്തിനു കളമൊരുക്കുവാൻ കരുത്തുള്ള "വിദ്യാഭ്യാസ വ്യവസായി"കളുണ്ടിവിടെ. സ്ഥാപിത താല്പര്യക്കാരുടെ പിടിയിലമരുന്ന സർക്കാരുകളും ക്രുടിയായാൽ പതനഭീതി അധികമാകും; വിദ്യാഭ്യാസസംരക്ഷണം അസാധ്യമാകും. വിദ്യാഭ്യാസമേഖല "കത്തഴിഞ്ഞ പുസ്തകം" പോലെയും "ചാത്തനാടിയ കളംപോലെയും" അധഃപതിക്കുന്നതിൽ അത്ഭുതമുണ്ടോ?

ഐകരൂപ്യമുള്ള സ്കൂൾസമ്പ്രദായം വേണം.

"വിദ്യാഭ്യാസപുരോഗതി" "അദ്ധ്യാപകന്റെ സ്വർഗ്ഗരാജ്യം" "മാനേജരന്മാരുടെ മുക്തകയറു" എന്നൊക്കെ പ്രഖ്യാപിച്ചുകൊണ്ടു് വിദ്യാഭ്യാസ നിയമമുണ്ടാക്കിയ കമ്മ്യൂണിസ്റ്റും സർക്കാരുപോലും കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ നേരിട്ടുള്ള ചുമതല ഏറ്റെടുത്തു സാമൂഹ്യക്ഷേമ നടപടികൾക്കു് പ്രാരംഭം കുറിക്കുവാനുള്ള നയം രൂപീകരിക്കുവാൻ മുന്നോട്ടുവന്നില്ല. കാരണം വിഭിന്നമായിരുന്നില്ല. എങ്കിലും

സ്വകാര്യമേഖലയിലെ അദ്ധ്യാപകനിയമത്തിനു ഏകീഭാവമുള്ള ഒരു നടപടിക്രമം ഉണ്ടായിരിക്കണമെന്നും, സാമുദായിക നീതിയിലധിഷ്ഠിതമായ സംവരണവ്യവസ്ഥകൾ പാലിച്ചുകൊണ്ട് അദ്ധ്യാപക ലിസ്റ്റുണ്ടാക്കണമെന്നുമുള്ള നിബന്ധന അംഗീകരിക്കുവാനും നിയമമാക്കുവാനും അവർ സന്നദ്ധമായി. അതാണല്ലോ വിലക്കപ്പെട്ടിരിക്കുന്ന പതിനൊന്നാംവകുപ്പ്. അതിന്റെ ഭാവിഭാഗധേയം നിജപ്പെടുത്തുവാൻ മുമ്പതലപ്പെട്ട നേർക്കാരിന്റെ ഭാവിതന്നെ, ഈ രാജ്യത്തെ വിദ്യാഭ്യാസം സ്വകാര്യ സ്വത്തുടമയാക്കി—കുത്തകയാക്കിവച്ചുകൊണ്ടിരിക്കുന്ന—വിദ്യാലയങ്ങളെ വ്യവസായ ശാലകളെപ്പോലെ ബഹുഭൂരിപക്ഷത്തിപ്പിച്ചുകൊണ്ടിരിക്കുന്ന—ചില സംഘങ്ങളുടെയും; വ്യക്തികളുടെയും ഹസ്തങ്ങളിലാണ് സ്ഥിതി ചെയ്യുന്നതു്. പിന്നെങ്ങനെ "കുത്തഴിഞ്ഞപുസ്തകം" കുത്തിക്കെട്ടി ഉപയോഗിക്കുവാനും "ചാത്തനാടിയകളം" ക്രമീകരിക്കുവാനും അവർക്കുകഴിയും? വിദ്യാഭ്യാസമേഖലയിലെ സ്വകാര്യസ്വത്തുടമ അവസാനിപ്പിക്കുക എന്ന വിപ്ലവകരമായ പരിപാടിയൊന്നും ആവിഷ്കരിച്ചില്ലെങ്കിലും, സംസ്ഥാനത്തുള്ള എല്ലാ സ്കൂളുകളുടേയും മാനേജ്മെന്റിനും ഭരണത്തിനും പ്രവർത്തനത്തിനും ഒരു ഐകരൂപ്യം കൈവരുത്തുക എന്ന ആവശ്യമുണ്ടല്ലോ—അദ്ധ്യാപകനിയമത്തിനു ഏകീഭാവമുള്ള ഒരു നടപടിക്രമം നടപ്പിലാക്കണമെന്നആവശ്യം—11-ാംവകുപ്പ് സസ്പെൻറ് ചെയ്തതിനെത്തുടർന്ന് നിലവിലിരിയ്ക്കുന്നതുപോലെയുള്ള ആവശ്യം. അതൊന്നുകൂടി വ്യക്തമായിപ്പറഞ്ഞാൽ, അതു് സംസ്ഥാനവ്യാപകമായി ആവിഷ്കരിക്കുന്ന ഒരു സ്ക്രൂസമ്പ്രദായത്തിന്റെ മാതൃകയുടെ മാതിരിയുള്ളവയായിരിക്കണം, സകല പ്രൈവറ്റ് സ്കൂളുകളും, അതിലേക്കുവേണ്ട നടപടികൾ എടുക്കുക എന്ന

ആവശ്യം നിർവഹിക്കുവാനുണ്ട്, എന്നുള്ളതാണ്. പ്രൈമറവസ്ക്കൂളുകളുടെ വിലയേറിയ ചില ഭാവങ്ങൾ പരിരക്ഷിക്കുന്നതും എന്നാൽ കൊള്ളരുതാത്ത രീതികൾ ഒന്നടങ്കം പരിത്യജിക്കുന്നതുമായ ഒരു സ്ക്രീം സമ്പ്രദായം ഇനിയും അംഗീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ വഴിക്ക് സർക്കാരിനു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിയുന്നില്ലെങ്കിൽ, വിദ്യാഭ്യാസത്തോടും ഭാവിതലമുറയോടും അവർ കാണിക്കുന്ന കടുത്ത അനീതിയായിരിക്കും അതു്.

സ്കൂളുകളുടെ പരിതഃസ്ഥിതിയും സർക്കാരിന്റെ മനഃസ്ഥിതിയും

നമ്മുടെ സംസ്ഥാനത്തുള്ള സ്ക്കൂളുകളുടെ സ്ഥിതി എന്താണു പൊതുവേ പറഞ്ഞാൽ? സർക്കാർ സ്ക്കൂളുകളുടെ കാര്യം മുമ്പേ ആലോചിക്കാം. ജനങ്ങളുടെ സ്ക്കൂളുകളല്ലേ യഥാർത്ഥത്തിൽ സംസ്ഥാന സ്ക്കൂളുകൾ? 'ആരുടെയും സ്ക്കൂളല്ല സർക്കാർസ്ക്കൂൾ' എന്ന അനാഥാവസ്ഥയല്ലേ പല സർക്കാർ സ്ക്കൂളുകളെയും ഗ്രസിച്ചിട്ടുള്ളതു്? സ്ക്കൂളിന്റെ ചുറ്റുപാടുമുള്ള ജനത സ്വന്തം സ്ക്കൂളെന്നഭിമാനിക്കത്തക്കവണ്ണമുള്ള ഉറവബന്ധം ഊട്ടി ഉറപ്പിക്കുവാനും പ്രാന്തപ്രദേശത്തു് ആ വേഴ്ചക്രമം പ്രവൃത്തിമാക്കുവാനും, ജനങ്ങൾക്കും സ്ക്കൂളിനും കഴിയണം. അതിനുള്ള സാഹചര്യം സർക്കാർ സൃഷ്ടിച്ചേ ഒക്കൂ. സർക്കാർ സ്ക്കൂളുകളും പരിസരപ്രദേശവും പരിജനങ്ങളും തമ്മിലുള്ള വേഴ്ച വികസിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ ചിന്തകർ അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ഭരണകാലത്തു് സർക്കാരിന്റെ ശ്രദ്ധ ഈ പ്രശ്നത്തിലേക്കു ക്ഷണിച്ചതു് മദ്രാസ് സംസ്ഥാനത്തി

ലെ സുപ്രസിദ്ധനായ ഹെഡ്മാസ്റ്റർ ശ്രീ. കെ കരുവി ളജേക്കബ്ബ് ആയിരുന്നു. അവതാരകൻ ആരായിരുന്നാ ലും അവതരിപ്പിച്ച കാര്യങ്ങളിൽ കൊള്ളാവുന്നതു് കൊള്ളിക്കുവാനുള്ള കഴിവും മനസ്സും കമ്മ്യൂണിസ്റ്റു സക്കാരിനും ഉണ്ടായില്ല. സക്കാർ സ്ക്കൂളുകൾ ജനതയു ടേതാക്കി മാറ്റുവാൻ, സ്ക്കൂളും ആളുകളും തമ്മിലുള്ള ബന്ധം വികസ്വരമാക്കുന്നതുകൊണ്ടുള്ള ഗുണം അനുഭവ വേദ്യമാക്കുവാൻ എന്താണു സ്വീകരിക്കുവാനുള്ള നട പടി?

രണ്ടു നിർദ്ദേശങ്ങൾ

പ്രധാനമായി രണ്ടാണു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. 1) സക്കാർ, ലോക്കൽ ഏഡ്യൂക്കേഷനതാരിട്ടി, രക്ഷകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നീ ഘടകങ്ങളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന മാനേജുമെൻറ് ബോർഡു് ഓരോ സക്കാർസ്ക്കൂളിനും സംഘടിപ്പിക്കേണ്ടതാണു്.

2) ഓരോ സ്ക്കൂളിനും പ്രത്യേകം ഹെഡ്മാസ്റ്ററേയും സ്റ്റാഫിനെയും സുസ്ഥിരമായി നിയമിക്കണം. അവരെ ഒരു സ്ക്കൂളിൽനിന്നു് മറെറാരു സ്ക്കൂളിലേക്കു് സ്ഥലംമാറ്റരുതു്. (ഇതുമൂലം വ്യക്തിപരമായ അസൗകര്യങ്ങളെക്കാൾ സാമൂഹ്യമായ നേട്ടങ്ങൾ വിദ്യാലയപ്രവർത്തനത്തിനുണ്ടാവുമെന്നുള്ളതു് ഊഹിക്കാവുന്നതേയുള്ളൂ.)

സക്കാർസ്ക്കൂളും പരിസരവും ജനതയും പരസ്പരം അലിഞ്ഞുചേർന്നു വിദ്യാഭ്യാസപ്രവർത്തനം നടത്തുന്ന പരിതഃസ്ഥിതി എല്ലാ സക്കാർസ്ക്കൂളുകളെ സംബന്ധിച്ചും എല്ലാ ദിക്കിലും ഉടലെടുത്താൽ രാജ്യത്തുടനീളം

വിദ്യാഭ്യാസാദർശങ്ങളുടെ ദീപശിഖ ഉയർത്തിപ്പിടിക്കുവാനും മറ്റു സ്ക്കൂളുകളുടെ പ്രവർത്തനത്തിനു് അമ്മാതിരി മാതൃക കാണിക്കുവാനും സാധിക്കുകതന്നെ ചെയ്യും.

സഹകാര്യവിദ്യാലയങ്ങളുടെ ഭരണസ്ഥയും ജാതിഭേദവും

ഇനി പ്രൈവറ്റു സ്ക്കൂളുകളുടെ അവസ്ഥ പരിശോധിക്കുക പൊതുവേ പരിതാപകരമാണു്. വർഗ്ഗീയസംഘടനകളും ധർമ്മസ്ഥാപനങ്ങളും ചില വ്യക്തികളും ഏജൻസികളും ആണു് സ്ക്കൂളുകൾ സഹകാര്യമേഖലയിൽ നടത്തുന്നതു് സ്വന്തം സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം അവരിൽ ഓരോ ഘടകത്തിനും പ്രത്യേകം മമതയും അഭിനിവേശവും കാണാനുണ്ടു്. ചക്ഷു പ്രദേശികമായി സ്ക്കൂളിനുള്ള ബന്ധം ശരിയായി വളർത്തിയെടുക്കുവാൻ അവർക്കു കഴിയുന്നില്ല. സമുദായം, മതം, കുടുംബം മുതലായ വിഭാഗീയ ചിന്താഗതിയിലും പ്രവർത്തനത്തിലും ഒതുക്കിനിറുത്തി വിദ്യാലയപ്രവർത്തനം നടത്തുന്നവർക്കു് അതു സാദ്ധ്യവുമല്ല. അവിടെ സ്ക്കൂളും അതു പ്രവർത്തിക്കുന്ന പ്രദേശവും പ്രയോജനപ്പെടുന്ന ജനങ്ങളും തമ്മിലുള്ള അകമഴിഞ്ഞ വേഴ്ച വളരുവാനുള്ള സാദ്ധ്യത വിരളമാണു്. ഇതാണു സഹകാര്യവിദ്യാലയങ്ങളുടെ ശാപമേകുന്നു്. സാമ്പത്തികവൈഷമ്യവുംകൂടിയായാൽ ഭരണസ്ഥ അവർണ്ണനീയമാകും. ചതിനൊന്നാംവകുപ്പു വിലക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് നിയമനങ്ങളിലൂടെ കോഴവാങ്ങി "സാമ്പത്തികം" ശരിപ്പെടുത്തുവാൻ ഇന്നു വലിയ സാദ്ധ്യതയുണ്ടല്ലോ. എങ്കിലും ചുറ്റുപാടുമുള്ള പൊതുജനങ്ങളുടെ കലവറയില്ലാത്ത സഹകരണം സമ്പാദിക്കുന്നതിനു് ഒരു മാനേജുമെൻറു സ്ക്കൂളിനും

ഇന്നു സാധ്യമല്ലാത്ത സ്ഥിതിവിശേഷമാണിവിടുള്ളതു്. സ്വകാര്യവിദ്യാലയങ്ങളുടെ പേരുതന്നെ പ്രസക്തവും പ്രസ്തുതവുമായ പ്രാദേശിക ബന്ധവും പൊതുജനസഹകരണവും നേടുന്നതിനു് വിലങ്ങുതടിയല്ലേഎന്നു പലപ്പോഴും ഇതെഴുതുന്ന ആളിനുതോന്നിയിട്ടുണ്ടു് കത്തോലിക്കാ സ്ക്കൂൾ; എൻ. എസ്സ്. എസ്സ്. സ്ക്കൂൾ; എസ്സ്. എൻ. ഡി. പി. സ്ക്കൂൾ; മുഹമ്മദൻ സ്ക്കൂൾ എന്നു പേരുകൊണ്ടുതന്നെ വിഭാഗീയവും ജാതീയവുമായ ചിന്താഗതി കുട്ടികളിലും രക്ഷകത്താക്കളിലും അദ്ധ്യാപകരിലും സർവ്വോപരി പ്രാദേശിക പൗരന്മാരിലും ഉളവാക്കുന്ന വിദ്യാലയസമ്പ്രദായമാണു് സ്വകാര്യമേഖലയിൽ കേരളത്തിലാകമാനം നിലവിലുള്ളതു്. ഇതു മാറിയില്ലെങ്കിൽ—മാറുവാൻ നടപടി എടുത്തില്ലെങ്കിൽ—വിദ്യാഭ്യാസംകൊണ്ടു എന്തുഫലം?

പൊതുസഹകരണം— പുതിയ ബന്ധം

പ്രവർത്തനപരിധിയിലധിവസിക്കുന്ന ജനതയെ, ഒന്നടങ്കം ജാതിമത സംകുചിത മതിൽക്കെട്ടുകൾക്കുള്ളിൽനിന്നു ഉയർത്തി സ്ക്കൂൾ പ്രവർത്തനത്തിലും ഭരണത്തിലും സഹകരിപ്പിക്കാനുള്ള പദ്ധതിവേണം. സർക്കാർ സ്ക്കൂളുകൾക്കുണ്ടാകുവാൻ കഴിയുന്ന മട്ടും മാതിരിയും പ്രൈവറ്റു സ്ക്കൂളുകളുടെ പ്രവർത്തനസമ്പ്രദായത്തിനും ഉണ്ടാക്കേണ്ടതാണു്. സ്വന്തം കുട്ടികൾക്കു് വിദ്യാഭ്യാസം നിർവഹിക്കാനുള്ള ഓരോ സ്ക്കൂളും തങ്ങളുടെ സ്വന്തം സ്ഥാപനങ്ങളാണെന്നു് ഓരോ രക്ഷകർത്താക്കളും മനസ്സിലാക്കുന്ന ഒരു പുതിയ ബന്ധം സൃഷ്ടിക്കുകയെന്നുള്ളതു് പ്രൈവറ്റുസ്ക്കൂൾ സമ്പ്രദായത്തിലും ആവശ്യമാണെന്നു മാനേജരന്മാർക്കൊഴികെ മറ്റാർക്കാണു തോന്നാത്തതു്? അതുകൊണ്ടു് ഓരോ പ്രൈവറ്റുസ്ക്കൂൾ

പ്രവർത്തനത്തിലും പൊതുസഹകരണത്തിന്റെ അന്തരീക്ഷവും സൗഹാർദ്ദവും വളർത്തുവാനും സാമ്പത്തിക സ്വയം പര്യാപ്തത കൈവരുത്തുവാനും ഒരു പരിഷ്കൃത സർക്കാർ തയ്യാറാവേണ്ടതാണ്. സർക്കാർ സ്ക്രൂം സമ്പ്രദായത്തിലും പ്രസ്തുത മാതൃക അവലംബിക്കുവാൻ ഏർപ്പാടുചെയ്യേണ്ടതു് സർക്കാരിന്റെ കടമയാണ്.

മൂന്നുതരം സ്വകാര്യവിദ്യാലയങ്ങൾ

കേരളത്തിലെ സ്വകാര്യവിദ്യാലയങ്ങൾ മൂന്നുതരത്തിലാണു്. സാഹായ്യിത വിദ്യാലയങ്ങൾ, നിയന്ത്രിത വിദ്യാലയങ്ങൾ, സ്വതന്ത്രവിദ്യാലയങ്ങൾ എന്നിങ്ങനെ മൂന്നിനങ്ങളായി തരംതിരിക്കുക. സംസ്ഥാന വിദ്യാലയങ്ങൾ എന്നു് സർക്കാർ വിദ്യാലയങ്ങളെയും വ്യവഹരിക്കുക. സംസ്ഥാന വിദ്യാലയസമ്പ്രദായത്തിന്റെ (School system) മാതൃകയുമായി യോജിപ്പുള്ളരീതി—ക്രമം പ്രൈവറ്റു സ്ക്കൂളുകളുടെ പ്രസ്തുത മൂന്നു വിഭാഗത്തിലും അവലംബിക്കുവാനാണു് നടപടി സ്വീകരിക്കേണ്ടതു്. മാനേജുമെൻറു ബോർഡുകൾ സകല സ്കൂളുകൾക്കുവേണ്ടിയും സംഘടിപ്പിക്കുവാൻ കഴിയും. അതിപ്രകാരമാണു്.

1. എയിഡഡ് സ്കൂളുകൾ: ഇന്നത്തെ മാനേജുമെൻറു് നാമനിർദ്ദേശം ചെയ്യുന്ന ബോർഡദ്ധ്യക്ഷനും പകുതിഅംഗങ്ങളും ലോക്കൽ എഡ്യൂക്കേഷനതാറിട്ടിയുടെ പ്രതിനിധികളും, രക്ഷകർത്താക്കളുടെ പ്രതിനിധികളും, പൂർവ്വവിദ്യാർത്ഥികളുടെ പ്രതിനിധികളും ഉൾക്കൊള്ളുന്ന മാനേജുമെൻറു ബോർഡു് എയിഡഡ് സ്ക്കൂളുകൾക്കു പ്രത്യേകം പ്രത്യേകം സംവിധാനം ചെയ്യണം.

ഫീസുപിരിവു ട്രഷറിയിൽ ഒടുക്കുവാനും, അദ്ധ്യാപകശമ്പളം, പെൻഷൻ ഇവ സക്കാർ കൊടുക്കുവാനും വ്യവസ്ഥയുണ്ടാക്കുന്നതോടൊപ്പം മെയിൻറനൻസ് ഗ്രാൻറ് മാനേജുമെൻറിനു സക്കാർ നൽകുകയും വേണം. പന്ത്രണ്ടാംവകുപ്പു നടപ്പിലാക്കാത്തതുകൊണ്ടു് പെൻഷൻ തുടങ്ങിയ അദ്ധ്യാപകസേവനങ്ങളും ഉപകരണം നൽകുന്ന ഏർപ്പാടുകളും കേരളത്തിലെ ആക്സീഡഡ് സ്കൂകളിൽപോലും ഇന്നു നടപ്പിലില്ല.

2. കൺട്രോൾഡു സ്കൂളുകൾ: സ്കൂളുകൾ നടത്തുന്നതിൽ കുറച്ചു താല്പര്യം സംരക്ഷിക്കണമെന്നുള്ള മാനേജുമെൻറു സ്കൂളുകളെ സംബന്ധിച്ചിടത്തോളം, ഒരു നിശ്ചിതകാലയളവിൽ സക്കാരിനു സ്കൂളുകൾ വിട്ടുകൊടുക്കുവാൻ തയ്യാറുണ്ടെങ്കിൽ, അങ്ങനെ സക്കാരനിയന്ത്രണത്തിൽ നടത്തുന്ന വിദ്യാലയങ്ങളാണിവ. ഈ നിയന്ത്രിത വിദ്യാലയങ്ങൾക്കും മാനേജ്മെൻറു ബോർഡുണ്ടായിരിക്കണം. പഴയ മാനേജ്മെൻറു നിർദ്ദേശിക്കുന്ന മൂന്നിലൊന്നുഭാഗം അംഗങ്ങളും, ലോക്കൽ എഡ്യൂക്കേഷനതാറിട്ടി, രക്ഷകർത്താക്കൾ, പൂർവവിദ്യാർത്ഥികൾ എന്നീഘടകങ്ങളെ പ്രതിനിധാനംചെയ്യുന്ന ബാക്കി അംഗങ്ങളും ഈ ബോർഡിൽ ഉണ്ടായിരിക്കും. ഫീസുപിരിവു് മുഴുവനും ട്രഷറിയിൽ നിക്ഷേപിക്കുകയും, സ്കൂളുകൾ നടത്തുന്നതിനുള്ള മുഴുവൻചെലവും സക്കാർ വഹിക്കുകയും ചെയ്യണം.

3. ഇൻഡിപെൻറൻഡു സ്കൂളുകൾ: സ്വതന്ത്രമായി സാംസ്കാരികവിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുവാൻ സ്വകാര്യഏജൻസികൾ നടത്തുന്ന വിദ്യാലയങ്ങളുണ്ടാകുമല്ലൊ. അവയെയാണു് സ്വതന്ത്രവിദ്യാല

ങ്ങളായി പരിഗണിക്കേണ്ടതു്. ചെലവു വഹിക്കുന്നതിനു ഫീസുപിരിവു സ്വാതന്ത്ര്യവും ഇത്തരം സ്ക്കൂളുകൾക്കുണ്ടായിരിക്കും. സർക്കാർസഹായം നിർബ്ബന്ധിതമല്ല. മാനേജ്മെൻറുതന്നെ സ്വയം സംഘടിപ്പിക്കുന്ന മാനേജ്മെൻറുബോർഡു് ഈ ഇനത്തിലുള്ള സ്ക്കൂളുകൾക്കും ഉണ്ടായിരിക്കട്ടെ. അതുകളുടെ പ്രവർത്തനവിജയം അവരിൽതന്നെ ആശ്രയിച്ചിരിക്കുന്നു.

മാനേജ് മെൻറുബോർഡ് എല്ലാ സ്ക്കൂളിനും.

ഇപ്രകാരം മാനേജ് മെൻറു ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളായിരിക്കണം സംസ്ഥാനത്തുള്ള സകല വിദ്യാലയങ്ങളും. സ്വതന്ത്രവിദ്യാലയങ്ങളൊഴികെയുള്ള എല്ലാ സ്ക്കൂളുകൾക്കും മാനേജ് മെൻറുബോർഡുകൾ സംഘടിപ്പിക്കുന്നതിനു മുൻപു് ലോക്കൽ എഡ്യൂക്കേഷൻ അതാറിട്ടികൾ സ്ഥാപിക്കേണ്ടതുണ്ടു്. കേരള വിദ്യാഭ്യാസനിയമത്തിലെ 16-ം 17-ം വകുപ്പുകൾ കാലോചിതമായി പരിശോധിച്ചു് പ്രയോഗക്ഷമമാക്കേണ്ട ചുമതലയും സർക്കാരിൽ നിക്ഷിപ്തമാണല്ലോ. പന്ത്രണ്ടാം വകുപ്പിൻെറ പ്രയോജനം ഉണ്ടാക്കേണ്ടതും വിദ്യാലയക്രമം (School system) സംസ്ഥാനവ്യാപകമായി അഴിച്ചുപണിയുവാൻ ആവശ്യമാണു്. അദ്ധ്യാപകനിയമനത്തിനു ഐകരൂപ്യമുള്ള നടപടിക്രമം വാർത്തെടുക്കുകയെന്നുള്ള കടമ വിലക്കപ്പെട്ട 11-ാം വകുപ്പു് ഭേദഗതി ചെയ്യുന്നവർ വിസ്മരിക്കരുതു്. കാരണം ആ കൃത്യം മുഴുപ്പിച്ചില്ലെങ്കിൽ വിദ്യാലയപദ്ധതികൾക്കു് മാനേജ്മെൻറുബോർഡു് സകല സ്ക്കൂളിനും സംഘടിപ്പിക്കുന്ന പരിപാടിക്കു് ഐകരൂപ്യമുണ്ടാക്കുവാനും പൊതുജനസഹകരണം ആജ്ഞിക്കു

വാനും ഉള്ള പ്രസ്തുത പരിഷ്കാരം പാഴ്വേലയായി പരിണമിച്ചെന്നുവരാം.

സ്ക്രൂകളും ആണികളും.

എന്തായാലും സ്ക്രൂംസിസ്റ്റം പുനഃസംവിധാനം ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുകയാണു്. സ്ക്രൂകൾ ഏതുതരത്തിൽപ്പെട്ടതായാലും അവ ജനങ്ങളുടേതാണെന്നുള്ള ബോധം ജനങ്ങളിൽ അങ്കുരിപ്പിക്കേണ്ടതും വളർത്തേണ്ടതും വിദ്യാഭ്യാസനന്മയ്ക്കു് ആവശ്യമാണല്ലൊ. ഏതു പരിഷ്കൃത രാജ്യത്തും സ്ക്രൂകളെ പരിപാലിക്കുന്നുള്ള ജനങ്ങൾ ലാളിച്ചു വളർത്തുന്നതുകാണാം. ഓരോ സ്ക്രൂിന്റെ ചുറ്റും ദേശത്തിന്റെ പേരിൽ അഭിമാനം കൊള്ളാത്തവരായി ആരും ഉണ്ടായിരിക്കരുതു്. അതുകണ്ടു് ആണികളും സ്ക്രൂകളും തമ്മിലുള്ള ബന്ധം സംസ്ഥാപിപ്പിക്കുവാൻ ഓരോ സ്ക്രൂിനും പ്രത്യേകം മാനേജ്മെൻറു ബോർഡുകൾ സംഘടിപ്പിച്ചാലേ പറ്റൂ. ഈ വേഴ്ച തീച്ചയായും സ്ക്രൂംസമ്പ്രദായത്തിന്റെ ഉയർച്ചയ്ക്കുതകും. ആദ്യമായി സർക്കാർസ്ക്രൂകൾക്കു് മാനേജ്മെൻറുബോർഡുകൾ സംഘടിപ്പിക്കുക; അങ്ങനെ ജനങ്ങളിൽ അഭിമാനഭാവവും സഹകരണബോധവും സർക്കാർ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഉദ്ദീപിപ്പിക്കുക. സ്വകാര്യമേഖലയിലെ സ്ക്രൂംക്രമവും സർക്കാർസ്ക്രൂകളുടെ മാതൃകയിൽ സുസജ്ജമാക്കുന്നതിനു നിയമനിർമ്മാണംനടത്തുക. വിദ്യാഭ്യാസം ദേശീകരിക്കുവാൻ കഴിഞ്ഞില്ലെങ്കിലും വേണ്ടില്ല; "ചാത്തനാടിയകളം" ക്രമീകരിക്കുവാൻ ഈ വഴിക്കു സർക്കാരും വിദ്യാഭ്യാസപ്രവർത്തകരും ചിന്തിക്കേണ്ടതാണു്.

വിദ്യാഭ്യാസംകൊണ്ടു കരിഞ്ചന്ത.

വിവാദവിഷയവും വിലക്കപ്പെട്ട നിയമവുമായ പതിനൊന്നാംവകുപ്പിനെ ചൊല്ലിയുള്ള എല്ലാവശങ്ങളേയും അഭിപ്രായങ്ങളും മുഴുവനും കൊള്ളുകയോ തള്ളുകയോ ചെയ്യാതെ ഒരു മദ്ധ്യമമാർഗ്ഗം കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടാണു ഗവണ്മെൻറിന്റെമുന്നിലുള്ളതു്.

നിയമസഭ അനുവദിച്ചുകൊടുത്തിരിക്കുന്ന കാലാവധി ഈ വിഷയത്തിൽ ഇനിയും നീട്ടിക്കൊണ്ടുപോകുന്നതു് അപകടകരവും അപമാനകരവുമായിരിക്കും. പതിനൊന്നാംവകുപ്പിലെ താല്പര്യവൈരുദ്ധ്യങ്ങൾ അവസാനിപ്പിക്കേണ്ടതു് അത്യാവശ്യമാണല്ലോ.

പ്രൈവറ്റുവിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ ശമ്പളംമുഴുവനും നൽകുന്ന ഉത്തരവാദിത്വം സർക്കാർ ഏറെറടുത്തതോടെ അദ്ധ്യാപകന്റെ ഉദ്യോഗത്തിനു മാറ്റു വർദ്ധിക്കുകയുണ്ടായി. അദ്ധ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ്മ രൂക്ഷത വർദ്ധിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ, ഉദ്യോഗാർത്ഥികളായി സ്വകാര്യവിദ്യാലയങ്ങളിലെ നിയമനത്തിനുവേണ്ടി അഹമഹമികയാ മുന്നോട്ടുവരുന്ന യുവജനങ്ങളും, അതിലേയ്ക്കു മാനേജ്മെൻറിനു കോഴ കൊടുക്കുവാൻ നിർബന്ധിതരാകുന്ന ദുരവസ്ഥയാണിവിടെയു

ള്ളതു്. സംഭാവനയുടെ മൂടുപടമിട്ട കൈക്കൂലി, അദ്ധ്യാപകനിയമനത്തിനു്, സ്ഥാനാർത്ഥികളിൽനിന്നും തട്ടിയെടുക്കാനുള്ള വിലപേശൽശക്തി മാനേജ്മെൻറിനു അനുദിനം വർദ്ധിച്ചുവരികയാണു്. അപേക്ഷകരെ അണിനിരത്തി അദ്ധ്യാപക തസ്തികകൾ ലേലംവിളിച്ചു ഉദ്യോഗലേലത്തുക 3000 മുതൽ 5000 വരെയായി ഉയർത്തുക; അങ്ങനെ ലേലച്ചിട്ടിപോലുള്ള ഒരു വ്യവസായമായി വിദ്യാലയത്തേയും വിദ്യാഭ്യാസത്തേയും അധഃപതിപ്പിക്കുക. ഇതാണു് വിശ്വല്ധിയുടേയും വിജ്ഞാനത്തിൻറേയും നിറകുടമായിരിക്കേണ്ട വിദ്യാഭ്യാസമേഖലയിലെ പ്രാമാണ്യമുള്ള സഹകാരിമേഖലയിൽ നിലവിലിരിക്കുന്ന ജുഗുപ്സാവഹമായ ദുഃസ്ഥിതി. നാൺടീച്ചിംഗ് സ്റ്റാഫിൽ ജോലിക്കപേക്ഷിക്കുന്ന ഒരു പാവപ്പെട്ടവൻറെ ദുർയ്യോഗവും വിഭിന്നമല്ല. 300 രൂപാ മുതൽ 1000 രൂപാവരെ അവനും സംഭാവന എന്ന കോഴ മാനേജർക്കു കൊടുക്കുന്നതിനുപുറമേ ശുപാർശയും 'കാക്കപിടുത്ത'വുംക്രൂടി വേണ്ടതുണ്ടു്. അവിഹിതമായ ഈ ക്രമക്കേടും അഴിമതിയും ക്രൂരതെ കാര്യക്ഷമതയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിൽമാത്രം അദ്ധ്യാപക നിയമനം നീതിയുക്തമായിനിർവ്വഹിക്കുന്ന ചുരുക്കം ചില സഹകാരി വിദ്യാലയ മാനേജരന്മാർ ഈ രാജ്യത്തുണ്ടു് എന്ന വസ്തുത വിസ്മരിക്കുന്നില്ല; സ്ക്രൂളിൽ അനുപേക്ഷണീയമായ ക്ലാസ്മുറികൾക്കും അകസാമാനങ്ങൾക്കും മറ്റു അത്യാവശ്യസാധനങ്ങൾക്കു പൊരുളില്ലാതെ ബദ്ധപ്പെടുന്ന അപൂർവം ചില പ്രൈവറ്റസ്ക്കൂളുകളുടെ പ്രായോഗിക പ്രവർത്തനത്തിനുവേണ്ടി അതുകളുടെ മാനേജരന്മാർ ഉദ്യോഗാർത്ഥികളിൽനിന്നു് സംഭാവന സംഭരിക്കുന്നതു മനസ്സിലാക്കാം. പക്ഷേ "യഹൂദമനസ്ഥിതി" യോടുക്രൂടി വിദ്യാലയം ഒരു വ്യവസായ സ്ഥാപനമാക്കി മാറ്റി അദ്ധ്യാപക സ്ഥാനാർത്ഥികളുടെ കഴുത്തുകണ്ടി

ക്കുന്ന "ഷൈലോക്ക"കളെപ്പറ്റി എന്തുപറയാനാണ്? അത്തരക്കാരായ മാനേജരന്മാർ ഈ രാജ്യത്തുവിരളമല്ല. അവരെപ്പറ്റിയാണ കൗമുദി ഒരു മുഖപ്രസംഗത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയതു്. "ഭക്ഷ്യധാന്യനിയന്ത്രണം നിലവിലിരുന്ന കാലത്തു് ഗവണ്മെൻറു വിതരണത്തിനു നൽകിയിരുന്ന അരിയും ഗോതമ്പും ഒളിച്ചുവച്ചു കള്ളക്കച്ചവടം നടത്തിയ റേഷൻകച്ചവടക്കാരെക്കാൾ ഭയങ്കരന്മാരാണു് ഒരു നല്ലവിഭാഗം മാനേജരന്മാർ. ഗവണ്മെൻറു പൊതുമുതലിൽനിന്നും മുടക്കുന്ന പണംകൊണ്ടു വിദ്യാലയം നടത്തി അദ്ധ്യാപകരുടെ നിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിൽപോലും കൈക്കൂലി വാങ്ങി വിദ്യാഭ്യാസംകൊണ്ടു കരിഞ്ചന്തനടത്തുന്ന കാർക്കോടകന്മാരാണവർ." ഈ ഗ്രഹപ്പിഴയിൽനിന്നും വിഷബാധയിൽനിന്നും വിദ്യാഭ്യാസത്തെയും അദ്ധ്യാപകഉദ്യോഗാർത്ഥികളെയും വിമുക്തമാക്കുക എന്നുള്ളതാണു പതിനൊന്നാംവകുപ്പിൻെറ ഭാഗികമായലക്ഷ്യം. പൊതുമുതലുപയോഗിച്ചു് അദ്ധ്യാപകർക്കും കീഴ്ജീവനക്കാർക്കുംശമ്പളം നല്കിയും മാനേജരന്മാർക്കു മെയ്ൻറനൻസ് ഗ്രാൻറു നൽകിയും പ്രവർത്തനംനടത്തുന്ന വിദ്യാലയങ്ങളിലെ മാനേജരന്മാർക്കു്, ഉദ്യോഗനിയമനം ലേലംവിളിച്ചു് അനിയന്ത്രിതമായും അന്യായമായും കോഴവാങ്ങാൻ സ്വാതന്ത്ര്യംനേടുന്നതിനുള്ള ദുരാഗ്രഹമാണു് പതിനൊന്നാംവകുപ്പു് റദ്ദുചെയ്യണമെന്നാവശ്യപ്പെടുന്നതിൻെറ പിന്നിൽ പതിയിരിക്കുന്നതു്. പൊതുമുതലിൽനിന്നു് അദ്ധ്യാപകശമ്പളവും മെയിൻറനൻസുഗ്രാൻറും വിദ്യാഭ്യാസപ്രവർത്തനത്തിനു ലഭിക്കുന്നതിനു് സർക്കാരിനെ ആശ്രയിക്കുക; അതിലേക്കു ഖജനാവുതുറക്കുന്ന സർക്കാരിനു്, അദ്ധ്യാപകൻെറ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനു മാനേജരെ ആശ്രയിക്കുക., ഇതു വിരോധാഭാസമല്ലേ? ഈ വൈരുദ്ധ്യം അവ

സാനിപ്പിക്കുന്നതിനു്, പതിനൊന്നാംവകുപ്പു നീക്കംചെയ്താൽ തികച്ചും അസാദ്ധ്യമായിവരുമെന്നു ആക്ഷേപിയാൻ പാടില്ലാത്തതു്? ഈ പൊരുത്തക്കേടും നെറികേടും മാറിമറിക്കുവാൻ വിലക്കപ്പെട്ട പതിനൊന്നാംവകുപ്പു് നിഷ്പ്രയോജനമാണു് വിദ്യാഭ്യാസമേഖലയിലെ ഈ ക്രമക്കേടും വൈരുദ്ധ്യവും മൂക്കിനുതാഴെ നടമാടുന്നതു് കണ്ടില്ലെന്നു നടിച്ചു് നിഷ്ക്രിയരായി നോക്കിനില്ക്കുക സക്കാരിനു ഭൂഷണമല്ല. ഈ വിഷയത്തിൽ അതുകൊണ്ടു് ബുദ്ധിപൂർവകമായ എന്തെങ്കിലും തീരുമാനം കാലവിളംബം ക്ലേശാതെ കൈക്കൊള്ളുക എന്നുള്ളതാണിന്നു് സക്കാരിന്റെ അടിയന്തിരമായകർത്തവ്യം.

ലോവർപ്രൈമറി—അപ്പർപ്രൈമറി—ഹൈസ്കൂളുകൾ ഉൾപ്പെടെ പതിനായിരത്തിൽപരം വിദ്യാലയങ്ങൾ കേരളത്തിലുണ്ടു്. ഉദ്ദേശം 50 ശതമാനം വിദ്യാലയങ്ങൾ സഹകാര്യമേഖലയിലുള്ളവയാണു്. സഹകാര്യവിദ്യാലയങ്ങളുടെ പ്രമുഖ മാനേജ്മെൻറുകൾ ക്രസ്ത്യാനികളുടേയും എൻ. എസ്സു്. എസ്സിന്റേയും, എസ്സു്. എൻ. ഡി. പിയുടെയും കുമതലയിലാണല്ലോ. ബാക്കി സഹകാര്യവ്യക്തികളുടേയും. ഇങ്ങനെനോക്കുമ്പോൾ ഈ രാജ്യത്തെ ക്ലൂതൽവിദ്യാലയങ്ങളും മാനേജ്ചെയ്യുന്നതു് സക്കാരാണു്; ക്ലൂതൽ അദ്ധ്യാപകരെ നിയമിക്കുന്നതു സക്കാരാണു്. കാരണം ക്ലൂതൽഅദ്ധ്യാപകരെ നിയമിക്കേണ്ടിവരുന്നതു് സക്കാർസ്ക്ലൂകളിലാണല്ലൊ. കത്തോലിക്കാ മാനേജ മെൻറിനെക്കാളും എൻ. എസ്സു്. എസ്സു് മാനേജ്മെൻറിനെക്കാളും എല്ലാംകൊണ്ടും ഈ രാജ്യത്തിലെ ഏറ്റവും വലിയ മാനേജ്മെൻറു സക്കാരാണെന്നു സ്വയം വ്യക്തമാണു്. സക്കാർ അദ്ധ്യാപകരെ നിയമിക്കുന്നതു് പബ്ളിക്സർവ്വീസു് കമ്മീഷൻ മുഖാന്തിരവുമാണു്. പബ്ളിക്സർവ്വീസു് കമ്മീഷൻ

അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിൽ അപാകതയും ന്യൂനതയും ദർശിച്ചു് 11-ാംവകുപ്പിനെ നീക്കംചെയ്യണമെന്നാവശ്യപ്പെടുന്നവർ സക്കാർസ് ക്ലൂളിലെ ബഹുസഹസ്രം അദ്ധ്യാപകനിയമനം ആരെ ഏല്പിക്കണമെന്നാണു് പറയുന്നതു്? പബ്ളിക് സവീസ് കമ്മീഷൻ സർക്കാർസ് ക്ലൂളിലെ അദ്ധ്യാപകരെയും തെരഞ്ഞെടുക്കുവാൻ പാടില്ല എന്നു ആരെങ്കിലും വാദിക്കുമോ? പതിനൊന്നാംവകുപ്പിനെ എതിർക്കാൻവേണ്ടി, 'സ്വഭാവവൈശിഷ്ട്യ'വുംകൂടിയുള്ള "അദ്ധ്യാപകരെതെരഞ്ഞെടുക്കുവാൻ പബ്ളിക് സർവീസ് കമ്മീഷനു സാദ്ധ്യമല്ല" എന്നുള്ള വാദഗതി വളരെബാലിശമാണെന്നു പറയാതെതരമില്ല.

അദ്ധ്യയനമാർഗ്ഗത്തിന്റെ ഏകീകരണത്തിലും നിബന്ധനയിലും, പാഠപദ്ധതിയും പാഠപുസ്തകങ്ങളും പരീക്ഷകളും നിജപ്പെടുത്തുന്നതിലും സക്കാരിനാണിന്നധികാരം. വിദ്യാലയങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമം ക്ലിപ്തപ്പെടുത്തുന്നതും അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കുന്നതും സക്കാരാണു്. സർവോപരി സ്വകാര്യമേഖലയിലുംപ്പെടെ, അദ്ധ്യാപകരുടെയും, കീഴ് ജീവനക്കാരുടെയും ശമ്പളം സക്കാർ ഖജനാവിൽനിന്നാണു് ഇന്നു നൽകിവരുന്നതു്. അതിന്റെ അർത്ഥം, നമ്മുടെ വിദ്യാഭ്യാസക്രമം മുഴുവൻ സക്കാരിന്റെ നിയന്ത്രണത്തിലാണെന്നല്ലേ? എല്ലാ വിദ്യാലയങ്ങളുടെയും പ്രവർത്തനവും സക്കാരിന്റെ നിബന്ധനകളാൽ നിബദ്ധമാണന്നല്ലേ? അതു ശരിയാണെങ്കിൽ "വിദ്യാഭ്യാസത്തിനു രൂപംകൊടുക്കുന്ന ഒരു പ്രധാന ഘടകമായ" അദ്ധ്യാപകനെ തെരഞ്ഞെടുക്കുന്നതിനുള്ള സക്കാർ നിബന്ധനകൾ പ്രൈവറ്റു വിദ്യാലയങ്ങളിൽ നിബന്ധമാക്കണമെന്നും, അങ്ങനെ പബ്ളിക്സവ്വീസ് കമ്മീഷൻ

തയ്യാറാക്കുന്ന ലിസ്റ്റിൽനിന്ന് അദ്ധ്യാപകരെ നിയമിക്കുന്ന വ്യവസ്ഥ നടപ്പിലാക്കണമെന്നും വരുമ്പോൾ, മറ്റു എല്ലാക്കാര്യങ്ങളിലും സർക്കാരിനെ ആശ്രയിക്കാൻ മടിയില്ലാത്ത മാനേജരന്മാർ നിയമനസ്വാതന്ത്ര്യം കൂടിയേതീരുവെന്നു ശഠിച്ചു? വിദ്യാഭ്യാസരംഗത്തു് അസ്വസ്ഥത വളർത്തരുതു്. അതിനു സങ്കരസർക്കാർ കൂട്ടുനില്ക്കുന്നതിനു തുല്യമാണു്. വിലക്കപ്പെട്ട പതിനൊന്നാംവകുപ്പിനുനേരെ അനിശ്ചിതമായി കണ്ണടയ്ക്കുകയെന്നുള്ളതു് പ്രസംഗം അയത്നലളിതമാണു്. ഏവർക്കും സമ്മതിക്കാവുന്നമായ ഭേദഗതി ആവിഷ്കരിക്കുമെന്നുള്ള ഔദ്യോഗിക പ്രഖ്യാപനം എളുപ്പം നിർവ്വഹിച്ചിട്ടുണ്ടു്. പ്രവൃത്തി അത്ര എളുപ്പമല്ല. പതിനൊന്നാംവകുപ്പു വിരുദ്ധരുടെയും സംവരണവിരുദ്ധരുടെയും ഫെഡറേഷന്റെ പിടിയിലമർന്നാൽ സർക്കാരിനു് പതിനൊന്നാംവകുപ്പു വിഷയത്തിൽ ഒന്നും തീരുമാനിക്കാൻ സാദ്ധ്യമായിയെന്നു വരികയില്ല.

അദ്ധ്യാപകരുടെ നിയമനപ്രശ്നം വിദ്യാഭ്യാസസംബന്ധമാണു് എന്നുള്ളതുപോലെതന്നെ സാമ്പത്തികപ്രശ്നവുംകൂടിയാണു്. 1953-ൽ പ്രസിദ്ധീകൃതമായ സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻ റിപ്പോർട്ടിൽ, അദ്ധ്യാപകരുടെ നിയമനത്തെക്കുറിച്ചു് രേഖപ്പെടുത്തിയിരിക്കുന്നതു് ശ്രദ്ധാർഹവും പ്രസക്തവുമാണു്. മുതലിയാർ കമ്മീഷൻ അന്നു അഭിപ്രായപ്പെട്ടതു് ഇപ്രകാരമാണു്. "We feel that there should be a reasonably uniform procedure for the selection and appointmont of teachers and this should not be very differcnt as between Government schools and schools under the management of private agencies." (പേജ് 156 സെക്കൻററി എഡ്യൂക്കേഷൻ കമ്മീഷൻ റിപ്പോർട്ട്)

അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പിനും നിയമനത്തിനും ഏകരൂപ്യമുള്ള നടപടിക്രമം ആവിഷ്ക്കരിക്കേണ്ടതാണെന്നുള്ള വിദഗ്ദ്ധാഭിപ്രായത്തിനു പ്രാബല്യമുണ്ടായിട്ട് വർഷങ്ങൾ പലതുകഴിഞ്ഞുപോയി. സെക്കണ്ടറി വിദ്യാഭ്യാസകമ്മീഷന്റെ മേലുദ്ധരിച്ച അഭിപ്രായവും താഴെ പകർത്തുന്ന ശുപാർശയും കേരളസംസ്ഥാനത്തു പ്രാവർത്തികമാക്കുവാൻവേണ്ടി, പതിനൊന്നാംവകുപ്പ് പ്രയോജനപ്പെടുത്തുവാൻ സാധിക്കും; "A reasonable uniform procedure should be devised for the selection and appointment of teachers for all types of Schools." (Page 238) കരിഞ്ചന്തയിൽനിന്നു വിദ്യാഭ്യാസത്തെ വിമോചിപ്പിക്കുവാൻ വിദ്യാഭ്യാസ കമ്മീഷന്റെ ഈ ശുപാർശ നടപ്പിലാക്കാൻ സർക്കാർ അമാന്തിക്കരുതു്.

ഉദ്ധരിക്കപ്പെടേണ്ട അദ്ധ്യാപകവൃത്തി

കേരളത്തിൽ 750-ൽ മിലപാനം പ്രൈവറ്റ സ്കൂളുകളുൾപ്പെടെ വിദ്യാലയങ്ങളുടെ ആകെ എണ്ണം 10079-നു മുകളിലാണു്. ഈ വിദ്യാലയങ്ങളിലെല്ലാം കൂടി 29 ലക്ഷത്തോളം വിദ്യാർത്ഥികളുണ്ടു്. ആകെ ജനസംഖ്യയുടെ ഏകദേശം 25 ശതമാനമെങ്കിലും വിദ്യാർത്ഥികളാണു്. അദ്ധ്യാപകാദ്ധ്യാപികമാരുൾപ്പെടെ, ഏകദേശം ജനസംഖ്യയുടെ 33 ശതമാനം കേരളത്തിലെ വിദ്യാഭ്യാസരംഗവുമായി അഭേദ്യമായ ബന്ധമുള്ള അവസ്ഥയാണിവിടുള്ളതു്. കേരളത്തിന്റെ റവന്യൂവിൽ $\frac{1}{3}$ വിദ്യാഭ്യാസവകുപ്പിനു ചെലവിടേണ്ടിവരുന്നതിൽ അത്ഭുതമുണ്ടോ?

ജനസംഖ്യയിൽ മൂന്നിലൊന്നുമായി ബന്ധപ്പെട്ട ചെലവിനമാണിതെന്നുള്ള വസ്തുത ചില കേന്ദ്രങ്ങളിൽ വിസ്മരിച്ചുകാണുന്നതു് വിസ്മയാവഹമാണു്. മാത്രവുമല്ല വിദ്യാഭ്യാസമാണു്, രാഷ്ട്രനിർമ്മാണത്തിനും പ്രോതിമനസ്ഥിതിയും രാഷ്ട്രസേവനമനസ്ഥിതിയും ഉള്ള തലമുറയെ വാർത്തെടുക്കുന്നതിനും അടിസ്ഥാനപരമായി പരിഷ്കരിക്കേണ്ടതു്; വിദ്യാഭ്യാസരംഗത്തെ മുഖ്യഘടകമായ അദ്ധ്യാപകവൃത്തിയെയാണു് പുനരുദ്ധരിക്കേണ്ട

തു് എന്നുള്ള തത്വവും വിസ്മൃതിയിലാഴ്ത്തുക ആത്മഹത്യാപരമാണു്. വിശിഷ്യാ പ്രാദേശികമനോഭാവവും വിഭാഗീയ ചിന്താഗതിയും ഭാഷാപ്രശ്നവും ജാതിമത ചിന്തയുംമൂലം തിമിരബാധ ഏറിരിക്കുന്ന ഭാരതത്തെപ്പോലുള്ള ഒരു രാഷ്ട്രത്തിൽ; പ്രത്യേകിച്ചു് കേരളത്തിൽ, രാഷ്ട്രനിർമ്മാണത്തിനു് സാമ്പത്തികവികസനവും സാമൂഹ്യപുനഃസംവിധാനവും അനിർവാര്യ്യമാണു്. രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്തായ യുവജനങ്ങൾക്കു് ഫലപ്രദമായി ഈ വിഷയത്തിൽ സംഭാനചെയ്യുന്ന—പ്രാപ്തിയുണ്ടാക്കാൻസാധിക്കും. തദനുസരണമായ പരിശീലനംലഭിക്കുവാൻ അവർക്കു് അവസരവും സൗകര്യവും കിട്ടണമെന്നുമാത്രം. അതിനു് സെക്കൻറഡിവിദ്യാഭ്യാസത്തിനുമാത്രമേകഴിയൂ വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യവും അതായിരിക്കണം.

സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷൻ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇതാ: "The aim of Secondary Education is to train the youth of the country to be good citizens, who will be competent to play their part effectively in the social reconstruction and economic development of their country."

അതുകൊണ്ടു് സ്വാഭാവികമായി സെൻട്രൽ ഗവണ്മെൻറിനു് ഇതിൽനിന്നു് വ്യതിചലിക്കുവാൻ സാദ്ധ്യമല്ല. കമ്മീഷൻറിപ്പോർട്ടു് ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ളതുമാണല്ലൊ. സെക്കൻഡറിവിദ്യാഭ്യാസ പുനഃസംവിധാനത്തിനുവേണ്ട ശുപാർശകളും വേണ്ടതു നട

പ്പിൽവരുത്തിയിട്ടില്ല. അതിന്റെ പരമപ്രധാനമായ ലക്ഷ്യം സഫലമായിട്ടുമില്ല. രാഷ്ട്രനിർമ്മാണ ജോലിത ന്നെയായ അദ്ധ്യാപകവൃത്തി പുനരുദ്ധരിക്കുക എന്ന കാതലായ ആവശ്യം നിറവേറ്റിയിട്ടില്ല.

"ഒരു നൂറാണ്ടു പദ്ധതിയാണു് നിങ്ങൾ തയ്യാറാക്കുന്നതെങ്കിൽ മനുഷ്യരെ നട്ടുവളർത്തുക" ("If you plan for a hundred years, plant men") എന്ന ചീനരുടെ പഴമൊഴി പാഴ്മൊഴിയാവരുതു്. പദ്ധതി മനോഭാവം വളർത്തി ഉത്തരവാദിത്വമുള്ള പൗരസഞ്ചയത്തെ വാർത്തെടുക്കുന്നതിനും ജനതയുടെ മാനസികഘടന തദനുസരണം കരുപ്പിടിപ്പിക്കുന്നതിനും ഭരണാധികാരികളും വിദ്യാഭ്യാസപ്രവർത്തകരും വിദ്യാഭ്യാസരംഗം ഉന്നമിപ്പിക്കേണ്ടതുണ്ടു്; അതിലെ സുപ്രധാന ഘടകമായ അദ്ധ്യാപകവൃത്തി ഉദ്ധരിക്കപ്പെടേണ്ടതുണ്ടു്. അതു് രാഷ്ട്രത്തിന്റെ ഭാവിഭദ്രതയ്ക്കു അനുപേക്ഷണീയമാണു്. വിദ്യാഭ്യാസരംഗം അവഗണിച്ചുകൊണ്ടുള്ള ഏതു രാഷ്ട്രനിർമ്മാണശ്രമവും വ്യവസായവല്ക്കരണശ്രമവും വണ്ടിയുടെ പിന്നിൽ കുതിരകെട്ടുന്നതിനു തുല്യമാണു്.

ഭാരതത്തിനു് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുള്ള കാലഘട്ടത്തിൽപോലും സെക്കൻഡറിവിദ്യാഭ്യാസ നവീകരണത്തിന്റെ ആവശ്യബോധം ദൃശ്യമായിരുന്നു. നിരവധി കമ്മിറ്റികളും കമ്മീഷനുകളും കാലാകാലങ്ങളിൽ നിയമിക്കപ്പെട്ടുകൊണ്ടിരുന്നു. 1929 വരെയുള്ള വിദ്യാഭ്യാസ നവീകരണശ്രമങ്ങളിലും, തൽസംബന്ധമായി പ്രസിദ്ധീകരിച്ചിരുന്ന റിപ്പോർട്ടുകളിലും അദ്ധ്യാപകവൃത്തിയെ ഉദ്ധരിക്കുന്നതിനുതകുന്ന സേവനവ്യവസ്ഥകൾ, ശമ്പളം, പരിശീലനം ഇതുകൾ അവഗണിക്കപ്പെ

ട്ടിരുന്നെങ്കിൽ അതിൽ അത്ഭുതമില്ലല്ലോ. 1929-ൽ ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ സഹായിക്കുവാൻ Hartog കമ്മിറ്റി സംഘടിപ്പിക്കപ്പെട്ടു. ഈ കമ്മിറ്റി ഇടംപ്രഥമമായി ഇന്ത്യയിൽ, അദ്ധ്യാപകരുടെ സേവനവ്യവസ്ഥകളെയും ശമ്പളക്കാര്യത്തെയും പുനരവലോകനം ചെയ്യുവാനും വിലയിരുത്തുവാനും മടിച്ചില്ല. പൊതുവേയുള്ള അവസ്ഥ തൃപ്തികരമല്ലാത്തിടത്തോളം പ്രഗത്ഭമതികളായ ആളുകളെ അദ്ധ്യാപകവൃത്തിയിലേക്കാകർഷിക്കാൻ കഴിയാത്തതിനാൽ ഏറ്റവും നല്ല വിദ്യാർത്ഥികളെ അദ്ധ്യാപക പരിശീലനത്തിനു കിട്ടുന്നില്ല എന്നാണ് പ്രസ്തുത കമ്മിറ്റി തറപ്പിച്ചു അഭിപ്രായപ്പെട്ടതു്. മാത്രവുമല്ല അദ്ധ്യാപകവൃത്തിക്കവകാശമുള്ള മാന്യത നൽകുന്നതിനു മതിയായ ശമ്പളം ഒരു പ്രവിശ്യയിലും നിലവിലില്ല എന്നു് രേഖപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധിക്കുക. "In no province is the pay of the teacher sufficient to give him the status which his work demands" ഈ അവസ്ഥ അദ്ധ്യാപകവൃത്തിയുടെ മാന്യതയെ സംബന്ധിച്ചു്, ഇന്നും ഏറെക്കുറെ നിലവിലിരിക്കുന്നില്ലേ? അദ്ധ്യാപകവൃത്തിയുടെ മഹത്വത്തെച്ചൊല്ലി ഗിരിപ്രസംഗം നടത്തുന്നവർപോലും വാദ്ധ്യാർജോലി എത്രയോ ഹീനവും അധഃസ്ഥിതവുമായാണു് പ്രായോഗികജീവിതത്തിൽ കണക്കാക്കുക. ഭരണാധികാരികളും ഉദ്യോഗസ്ഥന്മാരുപോലും അദ്ധ്യാപകവൃത്തിയെ പുച്ഛമായല്ലേ നോക്കിക്കാണുക?

വിദ്യാഭ്യാസത്തിന്റെ നിലവാരവും ഗുണവും മെച്ചപ്പെടുത്തുന്നതിനു സ്വീകരിക്കേണ്ട നടപടികളിൽ അദ്ധ്യാപകരുടെ പദവി വളർത്തുക എന്നുള്ളതില്ലേ ഏറ്റവും പ്രമുഖമായിട്ടുള്ളതു്? അതുകൊണ്ടുതന്നെയാണു്

1952-ൽ ഡാ: ലക്ഷ്മണസ്വാമി മുതലിയാർ അദ്ധ്യക്ഷനായി നിയുക്തമായ സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷൻ സമഗ്രവും സുദീർഘവുമായ അന്വേഷണത്തിനും പഠനത്തിനും പര്യാലോചനയ്ക്കും ശേഷം ഇപ്രകാരം റിപ്പോർട്ടുചെയ്തതു്.

"The most inportant factor in the contemplated educational reconstruction is the teacher and the place he occupies in the school as well as in the Community....."

Priority of consideration must be given to the various problems connected with the improvement of their status....."

If the education is to become a genuine nation building activity it is absolutely necessary to improve their status and their conditions of Service. (S. E. C. റിപ്പോർട്ട് പേജ് 155 & 156.)

കമ്മീഷനംഗങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും പര്യടനം നടത്തുകയുണ്ടായി. കേരളത്തിൽ 1953 ജനുവരി 12, 13, 14, 15, 16 എന്നീ തീയതികളിൽ തിരുവനന്തപുരത്തും എറണാകുളത്തും ക്യാമ്പുചെയ്ത വിദ്യാഭ്യാസനവീകരണത്തിനാവശ്യമുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചിരുന്നു. തിരു-കൊച്ചിയിലെ മന്ത്രിമാരും, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ മേലധികാരികളും ജനനേതാക്കളും വിദ്യാഭ്യാസ സംഘടനകളും കമ്മീഷനെ സന്ദർശിച്ച് സെക്കൻഡറി വിദ്യാഭ്യാസ

പ്രശ്നം ചർച്ചചെയ്യുകയുണ്ടായി. അവരിൽ ഇന്നത്തെ കേരളമുഖ്യമന്ത്രി ശ്രീ. പട്ടവും മുൻമുഖ്യമന്ത്രി ശ്രീ. സി. കേശവനും ഉൾപ്പെട്ടുന്നുണ്ട്. നമ്മുടെ ഇന്നത്തെ മുഖ്യ മന്ത്രി ഉൾപ്പെടെ, വിവിധസംസ്ഥാനങ്ങളിലെ ജനനേ താക്കളും വിദ്യാഭ്യാസ പ്രവർത്തകരും സമർപ്പിച്ച അഭി പ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ടാ ണ് മുതലിയാർ കമ്മീഷൻ മേൽ പ്രസ്താവിച്ച വിധ ത്തിൽ റിപ്പോർട്ട തയാറാക്കിയതു്. അദ്ധ്യാപനവൃത്തി ഉദ്ധരിക്കുന്നതിനു്—അവരുടെ സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനു്—കമ്മീഷൻ 28 ശുപാർശകൾ സമർപ്പിച്ചു. പ്രധാനപ്പെട്ട അഞ്ചു് ഇനങ്ങൾമാത്രം ഉദ്ധ രിക്കാം.

"ജോലിനോക്കുന്ന സ്ഥാപനത്തിന്റെ ഇനമേതെ ന്നു നോക്കാതെ ശമ്പളഗ്രേഡിൽ, തുല്യയോഗ്യതയിൽ, തുല്യജോലിചെയ്യുന്ന അദ്ധ്യാപകരെ തുല്യമായി പരി ഗണിക്കണം" (S. E. C. റിപ്പോർട്ടു് പേജു് 228)

"എല്ലാ സ്ഥാപനത്തിലും അദ്ധ്യാപകർക്കുവേണ്ടി പെൻഷൻ, പ്രാവിഡൻറുഫണ്ടു്, ഇൻഷുറൻസുപദ്ധതി ഇവ നടപ്പിലാക്കണം." (S. E. C. റിപ്പോർട്ടു് പേജു് 238)

"അദ്ധ്യാപകരുടെ കൂട്ടികൾക്കു് സ്കൂൾ വിദ്യാഭ്യാ സം സൗജന്യമാക്കണം."

"ഹെഡ്മാസ്റ്റരുടെ ഉത്തരവാദിത്വമേറിയ സ്ഥാ നങ്ങളിലേക്കു് പ്രഗൽഭരായ ആളുകളെ ആകർഷിക്ക വാൻ പര്യാപ്തമായ ശമ്പളക്കയറ്റവും മറ്റും നടപ്പിലാ ക്കണം." (S. E. C. റിപ്പോർട്ടു് പേജു് 239)

ടെയിനിംഗ് കോളേജുകളിൽ ഫീസ്സ് ഈടാക്കരുതു്. എല്ലാ വിദ്യാത്ഥികൾക്കും മുഴുവൻ ശമ്പളവും ടെയിനിംഗ് കാലത്തു് നൽകേണ്ടതാണു്. (S: E. C. റിപ്പോർട്ടു് പേജു് 239)

കേരളത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുത പ്രധാന ശുപാർശകളിൽ ആദ്യത്തെ രണ്ടിനം കമ്മ്യൂണിസ്റ്റ് ഗവണ്മെൻറു് വിദ്യാഭ്യാസ നിയമത്തിൽ ഉൾപ്പെടുത്തുകയല്ലാതെ.—അവ നടപ്പിലാക്കാൻ ആവശ്യമായ ഒരു നടപടിയും സ്വീകരിച്ചില്ല. "തുല്യജോലിക്കു് തുല്യശമ്പളം" എന്ന തത്വം പ്രൈവറ്റു് സ്കൂളിലെ സീനിയർ അദ്ധ്യാപകരേയും ഭാഷാദ്ധ്യാപകരേയും ഹെഡ്മാസ്റ്റന്മാരേയും സംബന്ധിച്ചിടത്തോളം ഇനിയും നടപ്പിൽ വരേണ്ടതുണ്ടു്. പെൻഷൻ—പ്രൊവിഡൻറുഫണ്ടു്—ഇൻഷുറൻസു സ്കീമിനു് വിദ്യാഭ്യാസനിയമമുണ്ടു്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കു് അതുകൊണ്ടു് ഗുണമുണ്ടായിട്ടില്ല. അദ്ധ്യാപകരുടെ സന്താനങ്ങൾക്കു് സൗജന്യവിദ്യാഭ്യാസം നൽകുക എന്ന ശുപാർശക്കു് നിയമംപോലും ഇതുവരെ ജനിച്ചിട്ടില്ല. സർക്കാർസ്കൂളദ്ധ്യാപകരുടെ കുട്ടികൾക്കു് പകുതിഫീസു് സൗജന്യമുണ്ടു്. പ്രൈവറ്റുസ്കൂളദ്ധ്യാപകപ്പറയനു് അതുംനിഷിദ്ധമാണു്. മൂന്നാമത്തെ ശുപാർശയെടുക്കുക. പ്രൈവറ്റു് ഹൈസ്ക്രൂം ഹെഡ്മാസ്റ്റർ ഇന്നു് ഒന്നാംഗ്രേഡു് അദ്ധ്യാപകനു് തുല്യമാണു്. തുച്ഛത നല്ലാത്തവക്കു് എങ്ങനെ ആകർഷണീയമായ ശമ്പളക്രൂം നല്കും? പിന്നെ എങ്ങനെ പ്രഗത്ഭരായ ആളുകളെ ഈ ഉദ്യോഗത്തിനു് ആകർഷിക്കുവാൻ കഴി

യും? അവസാനമായി ഉദ്ധരിച്ചിട്ടുള്ള നിർദ്ദേശം പരിശോധിക്കുക. ടെയിനിംഗ് കോളേജിൽ ഫീസ് ചുമത്തരുതെന്നാണ്. ഫീസ് നിർബന്ധമാണ്. സ്റ്റൈപ്പൻഡ് എല്ലാവർക്കും ലഭിക്കുന്നില്ല അദ്ധ്യാപകവിദ്യാർത്ഥികൾക്ക് 50 രൂപ സബ്സിസ്റ്റൻസ് അലവൻസ് നല്കുന്ന ഏർപ്പാട് ഇവിടെ നിലവിൽവന്നു. മുഴുവൻ ശമ്പളം നല്കണമെന്നുള്ള അവകാശവാദമുന്നയിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് ബി. ററി വിദ്യാർത്ഥികൾ നടത്തിയ സമരത്തിന്റെയും ബന്ധപ്പെട്ട വഞ്ചനയുടെ പരിണതഫലമാണ് ഈ 50 രൂപാ. കേരളത്തെ സംബന്ധിച്ചിടത്തോളം—അദ്ധ്യാപകവൃത്തി ഉദ്ധരിക്കുവാൻ—അദ്ധ്യാപകന്റെ അന്തസ്സും പദവിയും ഉയർത്തുവാൻ—സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് ചെയ്തിട്ടുള്ള 28 ശുപാർശകളിൽ മേലുദ്ധരിച്ച അഞ്ചെണ്ണംപോലും പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കാൻ കേരളസർക്കാരിനോ മുൻ തിരുകൊച്ചി ഗവണ്മെൻറിനോ കഴിഞ്ഞിട്ടില്ല എന്നുള്ളതല്ലേ നഗ്നമായ സത്യം?

മൂന്നിലൊന്ന് റവന്യൂ, വിദ്യാഭ്യാസത്തിനുമാത്രം ചെലവിടുന്നു; രണ്ടിലൊന്ന് ഉദ്യോഗസ്ഥശമ്പളത്തിനു് ചെലവഴിയുന്നു; എന്ന മറപിടിച്ചു്, രാഷ്ട്രനിർമ്മാണ ജോലിതന്നെയാണു് ആത്യന്തികമായ അപഗ്രഥനത്തിൽ അദ്ധ്യാപകവൃത്തിയിലും നിക്ഷിപ്തമായിരിക്കുന്നതെന്ന അടിസ്ഥാനതത്വം അവഗണിക്കുക രാഷ്ട്രത്തോടുചെയ്യുന്ന കടുത്ത ദ്രോഹമായിരിക്കുമെന്നു് മറക്കരുതു്. സാമൂഹ്യസംവിധാനവും സാമ്പത്തികവികസന

വും മുഴുമിപ്പിക്കുന്നതിനു് കഴിവുറ്റ "മംഗലമഹാശ
ക്തി" സംഭരിച്ചിട്ടുള്ള യുവതലമുറയെ സുസജ്ജമാക്കുന്ന
മഹോന്നതമായ രാഷ്ട്രനിർമ്മാണജോലിയിൽ ഏർപ്പെ
ട്ടിരിക്കുന്ന അദ്ധ്യാപകന്റെ മാന്യതയുടെ മറയിൽനിന്ന
കൊണ്ടു് അധികൃതർ ഉദ്ധരിക്കപ്പെടേണ്ട അദ്ധ്യാപക
വൃത്തിയെ വിസ്മരിക്കുകയുമരുതു്.

MUNAVIRUL ISLAM HIGH SCHOOL
Date.....
ERNAKULAM.

530

ISLAM HIGH SCHOOL

Printed at
The V. M. Press, Quilon